## മലങ്കര
## മാർത്തോമ്മാ സുറിയാനി സഭ

# വലിയ നോമ്പു നമസ്കാരക്രമം

മാർത്തോമ്മാ മെത്രാപ്പോലീത്താ
തിരുമനസ്സിലെ ശ്രേഷ്ഠം
അനുമതിയോടുകൂടി പ്രസിദ്ധപ്പെടുത്തുന്നത്

ഒന്നാം പതിപ്പ്

[കോപ്പി 2000

മുദ്രണം : മാർത്തോമ്മാ പ്രസ്സ്, തിരുവല്ല

| ഉള്ളടക്കം | | പുറം |
|---|---|---|


| | | |
|---|---|---|
| 1. | പ്രാരംഭ ശുശ്രൂഷ | 01 |
| 2. | നമസ്കാരക്രമം ഞായറാഴ്ച | 17 |
| 3. | നമസ്കാരക്രമം തിങ്കളാഴ്ച | 31 |
| 4. | നമസ്കാരക്രമം ചൊവ്വാഴ്ച | 43 |
| 5. | നമസ്കാരക്രമം ബുധനാഴ്ച | 54 |
| 6. | നമസ്കാരക്രമം വ്യാഴാഴ്ച | 65 |
| 7. | നമസ്കാരക്രമം വെള്ളിയാഴ്ച | 75 |
| 8. | നമസ്കാരക്രമം ശനിയാഴ്ച | 83 |

# അവതാരിക

നോമ്പിന്റെ കാലഘട്ടം വർജ്ജനത്തിന്റെ മാത്രം കാലഘട്ടം എന്നൊരു തെറ്റിദ്ധാരണയുണ്ട്. എന്നാൽ ശാരീരികമായും, മാനസീകമായും ഏറ്റവും ക്രിയാത്മകമായിരിക്കുന്ന സർഗ്ഗശക്തികളെ ഉണർത്തുന്ന കാലഘട്ടമായി ഇതിനെ കാണേണ്ടതാണ്. ശരീരത്തിന് ആഹാരവും, ജീവന് വായുവും ആവശ്യമായിരിക്കുന്നതുപോലെ ആത്മീയ ജീവിതത്തിന്റെ പരിപോഷണത്തിന് പ്രാർത്ഥന ആവശ്യമാണ്. പ്രതികൂലതകളുടെ മദ്ധ്യത്തിലൂടെ കടന്നുപോയ ആദിമ സഭ, പ്രാർത്ഥനാ ജീവിതത്തിലൂടെയാണ് ശക്തി കണ്ടെത്തിയത് എന്ന് സഭാപിതാക്കന്മാരുടെ പ്രാർത്ഥനാ ജീവിതം വ്യക്തമാക്കുന്നു. ഹാശാ ആഴ്ചയിലും, മറ്റു നോമ്പു കാലങ്ങളിലുമുള്ള പ്രാർത്ഥനാ ക്രമങ്ങളുടെ സമുച്ചയം ഈ ധന്യതയെ വിളിച്ചറിയിക്കുന്നു. എബ്രഹാം മൽപ്പാൻ അച്ചൻ ഇപ്രകാരമുള്ള പ്രാർത്ഥനയുടെ ഖനിയിൽ നിന്ന് രൂപം കൊടുത്ത നിത്യനമസ്കാര ക്രമം എന്ന പുസ്തകം മാർത്തോമ്മാ സഭയുടെ ആത്മീകതയെ ധന്യമാക്കി. മുൻകാലങ്ങളിൽ ദിനംപ്രതിയുള്ള പ്രാർത്ഥനയ്ക്കായി ഈ നമസ്കാര ക്രമം ഉപയോഗിക്കുമായിരുന്നു. ഹാശാ ആഴ്ചയിലെ

നമസ്കാര ക്രമം ദിവസത്തിന്റെ വിവിധ യാമങ്ങളിലെ പ്രാർത്ഥനകൾക്ക് ധന്യത പകർന്നു. പ്രാർത്ഥനകൾ ഉപയോഗിക്കാത്തതുമൂലം അവഗണിക്കപ്പെടാവുന്ന ഈ കാലഘട്ടത്തിൽ നോമ്പുകാലത്തിലേക്കുള്ള നമ്മുടെ പ്രാർത്ഥനാ ജീവിതത്തിന്റെ പുനർ ക്രമീകരണം ചെയ്യുന്നത് അഭിലഷണീയമാണ്.

നമ്മുടെ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ തിരുമേനിയുടെ നേതൃത്വത്തിൽ പിതാക്കന്മാരുടെ പ്രാർത്ഥനകളുടെ ഖനിയിൽ നിന്ന് അടർത്തിയെടുത്തു രൂപം നൽകിയ നോമ്പ് നമസ്കാര ക്രമം, ക്രിയാത്മകമായി പ്രാർത്ഥനാ ജീവിതം ക്രമീകരിക്കുന്നതിന് സഹായകരമാണ്. കിഴക്കൻ സഭയുടെ പിതാക്കന്മാർ രൂപം നൽകിയ പ്രാർത്ഥനകളും ഗാനങ്ങളും എത്രയോ ധന്യമാണ് എന്നത് ഉപയോഗത്തിലൂടെ ബോദ്ധ്യമാകും. ആധുനിക കാലഘട്ടത്തിൽ ആത്മീകതയെ വൈകാരികതയിൽ കൂടി മാത്രം ദർശിക്കുന്ന പ്രവണതയിൽ നിന്നു മാറി ധ്യാനത്തിലൂടെയും സഹനത്തിലൂടെയും ആദ്ധ്യാത്മീക ജീവിതത്തിലെ മൂല്യങ്ങളെ ഉൾക്കൊള്ളുവാൻ ഈ പ്രാർത്ഥനാ ക്രമത്തിന്റെ ഉപയോഗം സഹായകരമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സഭാ ജനങ്ങൾ ഈ പ്രാർത്ഥനാ ക്രമം ഉപയോഗിച്ച് ധന്യത കണ്ടെത്തുന്നതിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. ഈ ക്രമത്തിന്റെ രൂപീകരണത്തിൽ ഉൾപ്പെട്ട ഏവരേയും അഭിനന്ദിക്കുന്നു. ഈ പ്രാർത്ഥനാ ക്രമം നമ്മുടെ ഭവനങ്ങളിലും പ്രാർത്ഥനാ കൂട്ടങ്ങളിലും ഉപയോഗിക്കുന്നതിന് അനുവദിക്കുന്നു.

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത**

## സ്തുതി

പട്ടക്കാരൻ. : ✠ പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജനം.: ആദിമുതൽ എന്നന്നേക്കും തന്നെ. ആമ്മേൻ.

പ. ആകാശവും ഭൂമിയും തന്റെ മഹത്വംകൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ—പരിശുദ്ധൻ— പരിശുദ്ധൻ ഉന്നതങ്ങളിൽ സ്തുതി.

ജ. കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു— ഉന്നതങ്ങളിൽ സ്തുതി.

### കൌമ്മാ*

ദൈവമേ, നീ പരിശുദ്ധനാകുന്നു.
ബലവാനേ, നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കു വേണ്ടി ✠ ക്രൂശിക്കപ്പെട്ട മ്ശിഹാ
തമ്പുരാനേ, ഞങ്ങളോടു കരുണ ചെയ്യേണമേ.

** മൂന്നു പ്രാവശ്യം ചൊല്ലി കുമ്പിടണം*

പ. ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.

ജ. ഞങ്ങളുടെ കർത്താവേ, കൃപ തോന്നി ഞങ്ങളോടു കരുണ ചെയ്യണമേ

പ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ടു ഞങ്ങളോടു കരുണ ചെയ്യണമേ.

ജ. ദൈവമേ, നിനക്കു സ്തുതി.

പ. സ്രഷ്ടാവേ, നിനക്കു സ്തുതി.

ജ. പാപികളായ അടിയാരോടു കൃപ ചെയ്യുന്ന മ്ശിഹാ രാജാവേ, നിനക്കു സ്തുതി-ബാറെക്മോർ.

## കർത്താവിന്റെ പ്രാർത്ഥന

പ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ-

ജ. നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ-നിന്റെ രാജ്യം വരണമേ- നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ-ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ-ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ-ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ-ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കാതെ-ഞങ്ങളെ ദുഷ്ടനിൽനിന്നു രക്ഷിച്ചുകൊള്ളണമേ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു-ആമ്മീൻ.

(അല്ലെങ്കിൽ)

**ഗീതം**

 പ. * ദൈവമേ! നീ പരിശുദ്ധൻ, -ഹാലേ-ലൂയ്യാ

ജ. ബലവാനെ! നീ പരിശുദ്ധൻ, കുറി യേലായിസ്സോൻ
മൃതിരഹിതാ! നീ പരിശുദ്ധൻ, ഹാലേ-ലൂയ്യാ
അടിയാർക്കായ് ക്രൂശേറ്റവനേ അനുഗ്രഹിച്ചീടേണമേ

 പ. കർത്താവേ! അനുഗ്രഹിക്ക, ഹാലേ-ലൂയ്യാ

ജ. ദ-യ-വായ് നീ അനുഗ്രഹിക്ക, കുറി! -യേലായിസ്സോൻ
പ്രാർത്ഥന ശുശ്രൂഷകളേറ്റി-ട്ടനുഗ്രഹിച്ചീടണമ

പ. ദൈവമേ! സ്തുതി നിനക്കു, ഹാലേ-ലൂയ്യാ

ജ. സ്രഷ്ടാവേ! സ്തുതി നിനക്കു, കുറി -യേലായിസ്സോൻ
പാപികളിൽ കനിയും മ്ശിഹാ-രാജാ
സ്തുതി നിനക്കു ബാറെക്മോർ.

** മൂന്ന് പ്രാവശ്യം ചൊല്ലേണം*

## കർത്താവിന്റെ പ്രാർത്ഥന

(ഗീതം.)

 പ. സ്വർല്ലോകത്തി--ലിരുന്നരുളും
ദേവാ ഞങ്ങ-ളുടെ താതാ-

ജ. നിന്തിരുനാമം പാവനമായ്
പെരുമാ-റപ്പെ-ട്ടീ-ടണമേ

 പ. താതാ!നിന്നു ടെ-തിരുരാജ്യം
വന്നീടണമേ-ഈ ഉലകിൽ

ജ. തിരുഹിതം എതുപോൽ സുരലോകേ-
അതുപോ-ലിവിടെയും-ആ-കേണമേ

പ. വേണ്ടും യാവന ഞങ്ങൾക്കി-
ന്നരുളണമേ-നീ-കർത്താവേ

ജ. അന്യരോടെങ്ങൾ ക്ഷമിച്ചതുപോൽ-
അടിയാർ-പാപം-മോചിക്ക

പ. പരീക്ഷയിലെ ങ്ങ-ളെയാക്കരുതേ
ദുഷ്ടനിൽനിന്നൊഴിവാക്കുക നീ-

ജ. രാജ്യം ശക്തി മഹത്വങ്ങൾ
എന്നും-നിനക്കു-ള്ള-വയാമ്മീൻ.

## പ്രാരംഭപ്രാർത്ഥന

പ. കാരുണ്യവാനും കൃപാലുവുമായ കർത്താവേ, വെടിപ്പോടും വിശുദ്ധിയോടും കൂടെ ഈ നാല്പതുദിവസത്തെ നോൻപുനോൽപ്പാനും, ഉപവാസത്താൽ നല്ല പോർ പൊരുതി സാത്താന്റെ തന്ത്രങ്ങളിൽനിന്നും ജഡത്തിന്റെ സകല മലിനതകളിൽനിന്നും ജയം പ്രാപിച്ചിട്ടുള്ള താല്പര്യക്കാരായ എല്ലാ നോൻപുകാരോടുകൂടെ എണ്ണപ്പെടുവാനും ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. ഞങ്ങളുടെ കർത്താവേ, നിന്റെ ദൈവത്വത്തെ സംയോജിപ്പിക്കുന്നതായ നിരപ്പും സമാധാനവും സ്നേഹവും ഞങ്ങളുടെ ഹൃദയങ്ങളിൽ സദാ വസിക്കുമാറാക്കേണമേ. അവയാൽ ഞങ്ങളെ എല്ലായ്പ്പോഴും ബന്ധിക്കയും നിന്നെയും നിന്റെ പിതാവിനെയും ജീവനും വിശുദ്ധിയുമുള്ള നിന്റെ റൂഹായെയും ഇടവിടാതെ സ്തുതിച്ചു മഹത്വപ്പെടുത്തുവാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കുകയും ചെയ്യേണമേ.- ആമ്മീൻ.

(അല്ലെങ്കിൽ)

പ. സ്വർഗ്ഗീയ സമാധാനമാകുന്ന പിതാവേ, നിനക്കു സ്തുതി. ഭൌമിയരുടെ സമാധാനമാകുന്ന പുത്രാ, നിനക്കു സ്തോത്രം. ദൈവീക ദാനങ്ങളെ പൂർത്തിയാക്കുന്ന വിശുദ്ധറൂഹായേ, നിനക്കു വന്ദനം. പിതാവു നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്റെ പുത്രനെ മരണത്തിനു നല്കിയവനാകുന്നു. പുത്രൻ സ്നേഹത്താൽ ഇറങ്ങിവന്നു നമ്മുക്കുവേണ്ടി മരിച്ചവനാകുന്നു. വിശുദ്ധാത്മാവു

നമ്മുടെ നന്മകളിൽ സന്തോഷിക്കുന്നവനും, തന്നാൽ നമ്മുടെ അപേക്ഷകൾ നല്കുന്നവനും ആകുന്നു. സാരാംശം സംബന്ധിച്ചു ഏകനും ക്നൂമാ സംബന്ധിച്ചു ത്രിത്വവുമാകുന്നു. ഏകകർത്താവേ, പരമാർത്ഥതയോടുകൂടെ അന്യോന്യം നിരപ്പായിരിപ്പാൻ ഞങ്ങൾക്കു നീ സഹായിക്കേണമേ. ദൈവീകമായി നിന്നോടുകൂടിയുള്ള ഐക്യതയിലും സ്നേഹബന്ധത്തിലും ഞങ്ങളെ എല്ലാവരെയും കാത്തുകൊള്ളേണമേ. മഹത്വമേറിയ നിന്റെ ഉയിർത്തെഴുന്നേല്പ്പിന്റെ സന്തോഷദിവസത്തിലും ഈ നേരത്തിലും സകല പെരുനാളുകളിലും കാലങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും നിനക്കു യോഗ്യമായിരിക്കുന്നു. ഹോശോ വബ്കുല സ്ബാൻല്-ഒല്മീൻ

ആമ്മീൻ.

(അല്ലെങ്കിൽ)

സർവ്വവല്ലഭനായിരിക്കുന്ന ദൈവമായ കർത്താവേ, നിന്റെ ഏകപുത്രന്റെ കഷ്ടാനുഭവങ്ങളുടെ സമയങ്ങൾ ഞങ്ങൾക്കു അപേക്ഷകളുടെയും ആശ്വാസത്തിന്റെയും സമയങ്ങളാക്കിത്തീർത്തിരിക്കകൊണ്ട് നിനക്കു ഞങ്ങൾ സ്തോത്രം ചെയ്ത് നിന്നെ ഞങ്ങൾ വന്ദിക്കുന്നു. കർത്താവേ, ഈ സമയത്തു ഞങ്ങളുടെ നമസ്കാരവും അപേക്ഷയും കൈക്കൊള്ളേണമേ.നിന്റെ ഏകപുത്രൻ സ്ലീബാമേൽ തൂക്കപ്പെട്ട നാഴികയിൽ ദുഷ്ടന്റെ സകല ശക്തിയും നീ ഇല്ലായ്മ ചെയ്തപ്രകാരം, പാപം നിമിത്തം ഞങ്ങൾക്കു വിരോധമായി എഴുതിയിരിക്കുന്ന കടങ്ങളുടെ ചീട്ടുകീറി ഇല്ലാതാക്കേണമേ.വന്ദിക്കപ്പെട്ടതും വിശുദ്ധിയുള്ളതുമായ നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുന്ന വിശുദ്ധ നടപടികളും നിർമ്മല ജീവിതവും ഞങ്ങൾക്കു നീ നല്കേണമേ. ആദ്യന്തമില്ലാത്ത പിതാവേ, നിനക്കും നിന്റെ ഏകപുത്രനും നിന്റെ വിശുദ്ധ റൂഹായ്ക്കും ഞങ്ങൾ സ്തുതി കരേറ്റിയും കൊണ്ടു നിന്റെ ഏക പുത്രന്റെ പ്രബലപ്പെട്ട സിംഹാസനത്തിൻ മുൻപാകെ നില്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കയും ചെയ്യേണമേ. ഹോശോ...... ആമ്മീൻ.

## അനുതാപത്തിന്റെ മസുമൂർ

 പ. ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്നോടു കരുണ ചെയ്യേണമേ- നിന്റെ കരുണകളുടെ ബഹുത്വപ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയേണമേ.

ജ. എന്റെ അന്യായത്തിൽനിന്നു എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കേണമേ.

പ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു.- എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

ജ. നിന്നോടു നിന്നോടു തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുൻപാകെ തിന്മകൾ ഞാൻ ചെയ്തു.

പ. നീ സംസാരിക്കുമ്പോൾ നീതിമാനായും - നീ ന്യായം വിധിക്കുമ്പോൾ കുറ്റമില്ലാത്തവനായും ഇരിക്കേണ്ടതിനുതന്നെ.

ജ. എന്തെന്നാൽ അകൃത്യത്തിൽ ഞാൻ ഉത്ഭവിച്ചു-പാപത്തിൽ എന്റെ മാതാവു എന്നെ ഗർഭം ധരിച്ചു.

പ. എന്നാൽ സത്യത്തിൽ നീ പ്രസാദിച്ചു-നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ നീ എന്നെ അറിയിച്ചു.

ജ. നിന്റെ സോപ്പാകൊണ്ട് എന്റെമേൽ തളിക്കേണമേ-ഞാൻ നിർമ്മലനാകും-അതിനാൽ എന്നെ നീ വെളുപ്പിക്കേണമേ-ഉറച്ചമഞ്ഞിനേക്കാൾ ഞാൻ വെണ്മയുള്ളവനാകും.

പ. നിന്റെ സന്തോഷവും ആനന്ദവും കൊണ്ടു എന്നെ തൃപ്തനാക്കേണമേ-ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ ഉല്ലസിക്കും.

ജ. എന്റെ പാപങ്ങളിൽ നിന്നു നിന്റെ മുഖം തിരിച്ച്-എന്റെ അതിക്രമങ്ങൾ ഒക്കെയും മായിച്ചുകളയേണമേ.

പ. ദൈവമേ, നിർമ്മലമായോരുഹൃദയം എന്നിൽ സൃഷ്ടിക്കേണമേ-സ്ഥിരമായുള്ളോരു ആത്മാവിനെ എന്റെ ഉള്ളിൽ പുതുക്കേണമേ.

ജ. നിന്റെ സന്നിധിയിൽ നിന്നു എന്നെ തള്ളിക്കളയരുതെ-നിന്റെ വിശുദ്ധറൂഹായെ എന്നിൽനിന്നു എടുക്കയും അരുതെ.

പ. നിന്റെ രക്ഷയും ആനന്ദവും എനിക്കു തിരിച്ചുതരേണമേ-മഹത്വമുള്ള നിന്റെ റൂഹാ എന്നെ താങ്ങുമാറാകണമേ.

ജ. എന്നാൽ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും-പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

പ. എന്റെ രക്ഷയുടെ ദൈവമായ എന്റെ ദൈവമേ-രക്തപാതകത്തിൽനിന്നു എന്നെ രക്ഷിക്കേണമേ-എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും.

ജ. കർത്താവേ, എന്റെ അധരങ്ങളെ തുറക്കേണമേ-എന്റെ വായ് നിന്റെ സ്തുതികൾ പാടും.

പ. എന്തെന്നാൽ യാഗങ്ങളിൽ നീ ഇഷ്ടപ്പെട്ടില്ല-ഹോമയാഗങ്ങളിൽ നീ നിരപ്പായതുമില്ല.

ജ. ദൈവത്തിന്റെ യാഗങ്ങൾ താഴ്മയുള്ള ആത്മാവാകുന്നു - ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല-ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നെന്നേക്കും തന്നെ-ആമ്മീൻ.

## മസ്മൂർ 91 (സന്ധ്യയ്ക്ക്)

1. അത്യുന്നതന്റെ മറവിൽ വസിക്കുകയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കയും ചെയ്യുന്നവൻ.
2. യഹോവയെക്കുറിച്ച് അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നുപറയുന്നു.
3. അവൻ നിന്നെ വേട്ടക്കാരന്റെ കെണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും.
4. തന്റെ തൂവലുകൾകൊണ്ട് അവൻ നിന്നെ മറയ്ക്കും; അവന്റെ ചിറകിൻകീഴിൽ നീ ശരണം പ്രാപിക്കും; അവന്റെ വിശ്വസ്തത നിനക്കു പരിചയും പലകയും ആകുന്നു.
5. രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും.
6. ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും ഉച്ചയ്ക്കു നശിപ്പിക്കുന്ന സംഹാരത്തെയും നിനക്കു പേടിപ്പാനില്ല.
7. നിന്റെ വശത്തു ആയിരം പേരും നിന്റെ വലതുവശത്തു പതിനായിരം പേരും വീഴും. എങ്കിലും അതു നിന്നോടു അടുത്തുവരികയില്ല.
8. നിന്റെ കണ്ണുകൊണ്ടുതന്നെ നീ നോക്കി ദുഷ്ടന്മാർക്കു വരുന്ന പ്രതിഫലം കാണും.

9. യഹോവേ, നീ എന്റെ സങ്കേതമാകുന്നു; നീ അത്യുന്നതനെ നിന്റെ വാസസ്ഥലമാക്കിയിരിക്കുന്നു.

10. ഒരു അനർത്ഥവും നിനക്കു ഭവിക്കയില്ല. ഒരു ബാധയും നിന്റെ കൂടാരത്തിനു അടുക്കയില്ല.

11. നിന്റെ എല്ലാവഴികളിലും നിന്നെ കാക്കേണ്ടതിനു അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും.

12. നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിന്നു അവൻ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും.

13. സിംഹത്തിന്മേലും അണലിമേലും നീ ചവിട്ടും; ബാലസിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിച്ചുകളയും.

14. അവൻ എന്നോടു പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും; അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും.

15. അവൻ എന്നെ വിളിച്ചപേക്ഷിക്കും. ഞാൻ അവന്നു ഉത്തരമരുളും. കഷ്ടകാലത്തു ഞാൻ അവനോടുകൂടെ ഇരിക്കും; ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും.

16. ദീർഘായുസ്സുകൊണ്ടു ഞാൻ അവനു തൃപ്തിവരുത്തും; എന്റെ രക്ഷ അവനു കാണിച്ചുകൊടുക്കും. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നെന്നേക്കും തന്നെ. ആമ്മീൻ.

## മസ്മൂർ 63 (പ്രഭാതത്തിൽ)

**(തുടർന്ന് അതാതു ദിവസത്തേക്ക് നിശ്ചയിക്കപ്പെട്ട ക്രമം)**

## വിശ്വാസപ്രമാണം

പ. പിതാവായ, സർവ്വശക്തനായ, .....

ജ. ആകാശത്തിന്റേയും ഭൂമിയുടേയും-കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും-സ്രഷ്ടാവായ സത്യേക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

. ദൈവത്തിന്റെ ഏകപുത്രനും, .....

സർവ്വലോകങ്ങൾക്കും മുൻപേ പിതാവിൽനിന്നു ജനി

ച്ചവനും, പ്രകാശത്തിൽനിന്നുള്ള പ്രകാശവും-സത്യ ദൈവത്തിൽനിന്നുള്ള സത്യദൈവവും-ജനിച്ചവനും-സൃ ഷ്ടിയല്ലാത്തവനും-തത്വത്തിൽ പിതാവിനോടു ഏകത്വ മുള്ളവനും-സകല സൃഷ്ടിക്കും മുഖാന്തരമായവനും-മ നുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി-സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി-വിശുദ്ധ റൂഹായാൽ കന്യകമറിയാമിൽനിന്നു ജഡം ധരിച്ച് മനുഷ്യനായി, പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ-ഞ ങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട് ✠ കഷ്ടതയനുഭവിച്ച്, മരിച്ച്, അടക്കപ്പെട്ട്-തിരുഹിതപ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ്, സ്വർഗ്ഗത്തിലേക്കുകരേറി-തന്റെ പിതാ വിന്റെ വലത്തുഭാഗത്തിരുന്നവനും-അവസാനമില്ലാത്ത രാജ ത്വമുള്ളവനും-ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധി പ്പാൻ-തന്റെ മഹാപ്രഭാവത്തോടെ, ഇനിയും വരുവാനിരിക്കു ന്നവനുമായ-യേശുമ്ശിഹാ ആയ ഏകകർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും,.....

പിതാവിൽ നിന്നു പുറപ്പെട്ട്-പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട്-സ്തുതിക്കപ്പെടുന്നവനും-നിബ്യ ന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ-ജീ വനും വിശുദ്ധിയുമുള്ള ഏകറൂഹായിലും-കാതോലികവും അപ്പോസ്തോലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനുള്ള മാമോദീസാ,.....

ഒന്നുമാത്രമെന്നു ഞങ്ങൾ ഏറ്റുപറഞ്ഞ്-മരിച്ചവരുടെ ഉയിർത്തെഴുന്നേല്പിനും-വരുവാനിരിക്കുന്ന ലോക ത്തിലെ പുതിയ ജീവനും ഞങ്ങൾ നോക്കിപ്പാർക്കു കയും ചെയ്യുന്നു. ആമ്മീൻ.

ശു. ബാറെക്മോർ സ്തൗമെൻകാ-ലോസ്

ജ. കുറിയേലാ-യിസ്സോൻ.

പ. പട്ടാങ്ങപ്പെട്ട (സത്യവാനായ) ദൈവം തമ്പുരാനെ, ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ. സകല ദോഷങ്ങളിൽനിന്നും, സകലപാപങ്ങളിൽ നിന്നും, സകല ദുർവിചാരങ്ങളിൽനിന്നും;

ജ. കർത്താവേ, ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ.

പ. അശുദ്ധമായ വികാരങ്ങളിൽനിന്നും, മ്ലേച്ഛമായ മോഹങ്ങളിൽനിന്നും, ദുസ്വപ്നങ്ങളിൽനിന്നും, സാത്താനടുത്ത വിചാരത്തിൽനിന്നും;

ജ. കർത്താവേ, ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ.

പ. സകല ശത്രുക്കളിൽനിന്നും, ചതിവുള്ള സ്നേഹിതന്മാരിൽനിന്നും, പിശാചുക്കളുടെ പരീക്ഷയിൽനിന്നും, ദുഷ്ട മനുഷ്യരുടെ ആലോചനയിൽനിന്നും;

ജ. കർത്താവേ, ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ.

 പ. മറഞ്ഞിരിക്കുന്ന കെണിയിൽനിന്നും, വ്യർത്ഥസംസാരത്തിൽ നിന്നും, വൻചതിവുകളിൽനിന്നും, ദുർവ്യവഹാരങ്ങളിൽനിന്നും, ഇഹലോകത്തിന്നടുത്ത സകല പരീക്ഷകളിൽനിന്നും, നിന്നിൽനിന്നു ഞങ്ങളെ അകറ്റുന്ന സകലത്തിൽനിന്നും;

ജ. കർത്താവേ, ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ.

 പ. കോപത്തിന്റെ വടിയിൽനിന്നും, പെട്ടെന്നുള്ള മരണത്തിൽനിന്നും, കോപത്തിൽനിന്നും ക്രോധത്തിൽനിന്നും, മിന്നലിൽനിന്നും, ഇടിയിൽ നിന്നും, ഭൂകമ്പത്തിൽനിന്നും, പഞ്ഞത്തിൽനിന്നും, യുദ്ധത്തിൽ നിന്നും, പകർച്ചവ്യാധിയിൽനിന്നും;

ജ. കർത്താവേ, ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ.

 പ. അസഹ്യമായ സങ്കടത്തിൽനിന്നും, ദോഷകരമായ നാഴികയിൽനിന്നും, ഉപദ്രവമുള്ള അധികാരങ്ങളിൽനിന്നും, സഹിപ്പാൻ വഹിയാത്ത സകല ശിക്ഷകളിൽനിന്നും;

ജ. കർത്താവേ, ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ.

 പ. അഗ്നിനരകത്തിൽനിന്നും, കഠിനമായ വേദനകളിൽനിന്നും, ചാകാത്ത പുഴുവിൽനിന്നും, കെടാത്ത തീയിൽനി

ന്നും, പല്ലുകടിയിൽനിന്നും, കരച്ചിലിൽനിന്നും, പോകു വിൻ നിങ്ങളെ ഞാൻ അറിയുന്നില്ല എന്നുള്ള ന്യായാ വിധിയിൽനിന്നും;

ജ. കർത്താവേ, ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ. ആമ്മീൻ

### അപേക്ഷ

പ. ഞങ്ങളുടെ കർത്താവ് (മോറാൻ) യേശുമ്ശിഹായേ-നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ നേരെ അടച്ചുകളയരുതെ.

ജ. കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു-ഞങ്ങളെ അനുഗ്രഹിക്കണമേ.

പ. കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാൻ, നിന്റെ സ്നേഹം നിന്നെ നിന്റെ സ്ഥലത്തുനിന്നു, ഞങ്ങളുടെ അടുക്കലേക്കു ഇറ ക്കിക്കൊണ്ടുവന്നു.

ജ. കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ-ആമ്മീൻ.

(അല്ലെങ്കിൽ)

ഗീതം

മോറാനീശോമ്ശിഹായേ നിൻ അനുഗ്രഹവാതിൽ
ഞങ്ങൾക്കെതിരായ് ഒരുനാളും അടച്ചീ-ട-രു-തേ
നാഥാ ഞങ്ങൾ പാപികളെന്നേറ്റീടുന്നു
നിന്നനു-ഗ്രഹമെങ്ങൾമേൽ ചൊരിഞ്ഞീടേണമേ
നിൻ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോവാൻ
നിൻ സ്നേഹം നിന്നെ ഇറക്കി-ക്കൊണ്ടുവ-ന്നു
കർത്താവേ നിൻ അനുഗ്രഹമെങ്ങളുടെമേൽ
പൊഴിക്കണമേ എന്നുമെന്നേ-ക്കും ആമ്മീൻ.

## ഹുത്താമ്മാ

പ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, എന്നേക്കും നിനക്കു സ്തുതി. നിനക്കു സ്തുതി. നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേശുമ്ശിഹായേ, നിന്റെ കൃപയാലും ധാരാളമായ കരുണയാലും ഞങ്ങ

ളുടെ പ്രാർത്ഥനകേട്ട്, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഞങ്ങളുടെ സഹായത്തിന് നീ വന്ന് എന്നേക്കും ഞങ്ങളെ വിശുദ്ധരാക്കണമേ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ശുശ്രൂഷ നിനക്കു രമ്യവും, ഞങ്ങളുടെ നമസ്കാരം നിനക്കു പ്രസാദകരവും ഞങ്ങളുടെ അപേക്ഷ നിനക്കു സ്വീകാര്യവും ഞങ്ങളുടെ പ്രാർത്ഥന നിനക്കു ബഹുമാനകരവുമായിരിക്കണമേ. കർത്താവേ, നിന്റെ അനുഗ്രഹങ്ങളും കരുണകളും സഹായങ്ങളും കൃപകളും ദൈവികമായ നിന്റെ ദാനങ്ങളും, ബലഹീനരായ ഞങ്ങളുടെമേലും ബലഹീനതയുള്ള ഞങ്ങളുടെ വർഗ്ഗത്തിന്മേലും വന്ന് ആവസിച്ച്, എന്നേക്കും പാർക്കുമാറാകണമേ. ആമ്മീൻ.

### അല്ലെങ്കിൽ

I. സത്യവിശ്വാസികൾക്കു ബലമുള്ള കോട്ടയായും പിശാചുക്കൾക്കു ഭയങ്കരമായതും മാലാഖമാർക്കു ബഹുമാനമുള്ളതും ആയ ദൈവപുത്രന്റെ വന്ദ്യമായ സ്ലീബാ, രാപ്പകൽ നമ്മെ കാത്തു മറെച്ചുകൊള്ളുമാറാകട്ടെ. ദുഷ്ടമനുഷ്യരുടെ കോപത്തിൽ നിന്നും പിശാചുക്കളുടെയും അവിശ്വാസികളുടെയും അസൂയ്യയിൽ നിന്നും ഉപദ്രവകരങ്ങളായ അധികാരങ്ങളിൽ നിന്നും കരുണയില്ലാത്ത യജമാനന്മാരുടെ കൈകളിൽനിന്നും രഹസ്യവും പരസ്യവുമായ സകല ശത്രുക്കളിൽ നിന്നും സാത്താന്റെ കെണികളിൽ നിന്നും ആത്മാവിനെയും ശരീരത്തെയും ക്ലേശിപ്പിക്കുന്ന ദുർവികാരങ്ങളിൽനിന്നും പാപത്തിന്റെ എല്ലാ ശക്തിയിൽ നിന്നും കർത്താവ് നമ്മെ വിടുവിച്ചു, വീണ്ടെടുത്തു നമ്മുടെ ആയുഷ്കാലം മുഴുവനും കാത്തുകൊള്ളുകയും ചെയ്യുമാറാകട്ടെ. ആമ്മീൻ.

## ആശിർവ്വാദം

I. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങൾ എല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ആത്മീയമായ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ ഒരുങ്ങി

വന്ന് സംബന്ധിച്ചിട്ടുള്ള എല്ലാവരെയും ദൈവമായ കർത്താവ് അനുഗ്രഹിച്ച് ശുദ്ധീകരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവം ബലഹീനതയും കുറവുമുള്ള നമ്മുടെ പ്രാർത്ഥനകൾ ഉന്നതമായ തന്റെ സിംഹാസനത്തിൻ മുൻപാകെ കേൾക്കുകയും കൈക്കൊള്ളുകയും ചെയ്യുമാറാകട്ടെ. ആമ്മീൻ.

1

(ഞങ്ങൾക്കുള്ള കർത്താവേ.......എന്ന രീതി)

ആദിമയുമന്തവുമില്ലാത്തോ - രാദിപിതാവേ! കരുണകൾ നീ
ഈ ദിനമെന്നോടു ചെയ്തതിനായ് - മോദമോടെ സ്തുതി ചെയ്യുന്നേൻ
മരണത്തിന്നുടെ ദുഃഖമതും - നരകത്തിന്നുടെ വേദനയും
അരികത്തായീ വളഞ്ഞയ്യോദുരിതം നീ പോക്കീടണമേ.
ശരണം നീയല്ലാതില്ലേ - പരമില്ലടിയനൊരാശ്രയവും
പെരുകുന്നാധികളെണ്ണിയിവൻ - കരയുന്നതു നീ കേൾക്കണമേ
മാ പാപികളെ രക്ഷിപ്പാൻ - വാനവനവനീചരനായി,
വൻപാടുകളേറ്റതുമീശോ - നിൻകാരുണ്യം കൊണ്ടല്ലോ
നരവേഷത്തെ കൈക്കൊണ്ടു - നരദുരിതത്തെ കയ്യേറ്റു
കുരിശിൽ തൂങ്ങി മരിച്ചതുമെൻ - ദുരിതത്തെ പ്രതിയല്ലോ നീ
മരണത്തെയും വെന്നു പിതാ - വരികത്തങ്ങുഗമിച്ചതു നിൻ
ശരണപ്പെട്ടവരെ മോക്ഷേ - വരണം ചെയ്വതിനായല്ലോ
അഘമകലുന്നതിനായെന്റെ - അകമതിനെ പുതുതാക്കണമേ
അകവെളിവിന്നാത്മാവിനെയെൻ - അകമേ വസിപ്പിക്കണമേ നീ .
വിലമതിയാരക്തത്താലെൻ - മനമഖിലം നീ കഴുകണമേ,
വലുതായൊരുദിവസത്തിൽ ഞാൻ - നിലകൊൾവാൻ ബലമേകണമേ.
രണ്ടാമത്തെവരവിൽ നീ - രണ്ടായുലകു പിരിക്കുമ്പോൾ
ആണ്ടവനേ നിൻവലഭാഗേ - കൊണ്ടീടണമേ നീയെന്നെ
നിത്യൻ നീയധിപതിയെന്നും - സത്യം സകലേശ്വരനെന്നും
ശുദ്ധൻ നീ ശുഭകരനെന്നും - മർത്ത്യന്നവലംബനുമെന്നും
മഹിമകളുടയമഹാത്മാവേ - മഹിമനിറഞ്ഞൊരു നിൻനാമം
മഹിയതിൽ ഞങ്ങൾക്കെപ്പോഴും മഹിതതയോടെ വിളങ്ങണമേ.
ദൈവപിതാവേ! നിനക്കും നിൻ ഏകസുതൻ മ്ശിഹായിക്കും
അതുപോലെ റൂഹായിക്കും - സ്തുതിയുണ്ടാകണമെന്നേക്കും

## II

ആദിയുമന്തവുമില്ലാത്തോ - രാദിപിതാവേ! കരുണകൾ നീ,
ഈ ദിനമെന്നോടു ചെയ്തതിനായ് മോദമോടെ സ്തുതിചെയ്യുന്നേൻ.
ദിനമതിനന്തം വന്നതുപോൽ തനുവിനുമന്തം വരുമെന്നും,
ദിനകരനാദിയുമറുമെന്നും - അനുദിനമോർപ്പിക്കണമേ നീ,
സ്വപ്നമെനിക്കു വരും മുൻപെ - ശമനം മനസ്സിൽ വരുത്തണമേ
അനഘമുറക്കത്തിലുമെന്റെ - മനനം നിന്മേലാകണമേ,
നിരുപമഗുണനും നീതികൃപാ - കിരണനുമായുള്ളവനേ നിൻ
കരുണയുടെ ചിറകിൻ നിഴലിൽ കനിവോടെന്നെ കാക്കണമേ,
നിന്തിരുസുതനെ പ്രതിയെന്റെ - വൻതരവീഴ്ച പൊറുക്കണമേ,
അന്തിയിലും സുഖമതുപോലെൻ അന്ത്യത്തിങ്കലുമേകണമേ,
മരണം ശിക്ഷാവിധി ചോദ്യം - എരിയും നരകത്തീക്കുഴിയും
ഉരുകും യാതന വേദനയും - കരുതാൻ നീയരുളീടണമേ,
ജീവനുയിർപ്പും നിത്യതയും - ജീവനുമോചനരക്ഷകളും
ഭാവിയിൽ സുഖമീയാശകളെൻ ജീവാധാരമതാകണമേ,
ആത്മവലിപ്പവുമിദ്ദേഹ സത്മത്തിന്റെ യരിഷ്ടതയും
അല്പായുസ്സും മമ ചിത്തേ എപ്പൊഴുമോർപ്പിക്കണമേ നീ
നിത്യാനിത്യങ്ങളെയും നിൻ - സത്യാസത്യങ്ങളെയും ഞാൻ
കൃത്യാകൃത്യവുമറിവാൻ എൻ - ചിത്തേ വെളിവുണ്ടാകണമേ,
കുറ്റം ഞാൻ ചെയ്തവയെല്ലാം - ഏറ്റയ്യോ പറയുന്നടിയാൻ
ചുറ്റുമിതാ വൻമലപോലെ - മുറ്റുന്നെന്നുടെ പാപങ്ങൾ
വഴിതെറ്റിവലഞ്ഞാടതുപോൽ -പിഴകൾ പെരുത്തൊരുവൻ കാട്ടിൽ
ഉഴലുന്നതിനാലഴലേറി കുഴയുന്നേൻ ഞാൻ കർത്താവേ
ദുർവൃത്തികളെല്ലാം ചെയ്തേൻ - ദുർവ്വഹമാം ദുശ്ചിന്തകളും
ഗർവ്വമൊടടിയൻ ചിന്തിച്ചേൻ - സർവ്വജ്ഞാ! നിന്തിരുമുമ്പിൽ
തിരുകല്പനകളശേഷം ഞാൻ - പരിലംഘിച്ചതിനാൽ നിന്നെ
പരിഹാസം ചെയ്തതി ദു:ഖേ - പരിണാമത്തിലകപ്പെട്ടേൻ
ദൈവപിതാവേ നിനക്കും നിൻ - ഏകസുതൻ മ്ശിഹായിക്കും
അതുപോലെ റൂഹായിക്കും - സ്തുതിയുണ്ടാകണമെന്നേക്കും

(ചേകോട്ടാശാൻ)

## ശയന നമസ്കാരം

1. ഞങ്ങൾക്കുള്ള കർത്താവേ
ഞാനിഹനിദ്രയൊഴിഞ്ഞിട്ടു
ഉണർവ്വോടെ നിൻതിരുമുൻപിൽ
നില്പാനെനിക്കു നീ അരുളണമേ

2. വീണ്ടും ഞാനുറങ്ങുന്നാകിൽ
ഈയടിയാനുള്ള ഉറക്കം
കർത്താവേ നിൻ തിരുമുൻപിൽ
ദോഷംകൂടാതാകണമേ

3. എന്നുണർച്ചയിൽ ഞാൻ ചതിപെടുകിൽ
നിൻ കൃപമോചനം എനിക്കേകും
നിദ്രയിലും പിഴവന്നാകിൽ
ആദ്രമതേ! ക്ഷമ നൽകണമേ

4. നിന്നുടെ കുരുശിൻ ശാന്തിയതാൽ
നല്ലയുറക്കമെനിക്കു നീ താ
ആകാസ്വപ്നമശുദ്ധിയിൽ നി-
ന്നെന്നെ നീ രക്ഷിച്ചു കൊള്ളണമേ.

5. ശാന്തതയേറിയ നിദ്രയതാൽ
ശാന്തിതരേണം രാമുഴുവൻ
ആകാനിനവും ദുഷ്ടതയും
അധികാരത്തിലമർത്തല്ലേ

6. നിന്നുടെ അടിയാൻ ഞാനതിനാൽ
എന്റെ ശരീരം കാപ്പാനായ്
വെളിവിനുടെ മാലാഖയെ
എനിക്കു നീ തരണം കർത്താവേ

7. ദ്വേഷത പെട്ടൊരിച്ഛയിൽ നി-
ന്നെന്നെ നീ രക്ഷിച്ചു കൊള്ളണമേ
ഉയിരേകും നിൻ ദേഹത്തെ
ഞാനനുഭവിച്ചെന്നതിനാലെ

8. അശ്വാസത്തിലുറങ്ങുമ്പോൾ
ആശിസ്സഭയം നിൻരക്തം
നിൻ സൃഷ്ടിക്കിഹ സ്വാതന്ത്ര്യം
നീ കൃപയോടെ നൽകണമേ

9. നിൻകൈമനഞ്ഞ ശരീരത്തിൽ
നിന്റെ വലങ്കൈ വാഴണമേ.
നിന്റെ കരുണകൾ കോട്ടയതായ്
എന്റെ ചുറ്റിലുമാകണമേ

10. നിദ്രയിലാണ്ടു കിടക്കുമ്പോൾ
ഭദ്രം കാവലു നിൻ ശക്തി
എന്റെയുറക്കം തിരുമുൻപിൽ
നൽധൂപം പോലാകണമേ

11. എന്നെപ്പോറ്റുന്നുടയവനേ
നിന്നോടുതന്നേ യാചിപ്പൂ
എനിക്കുള്ള ശയനത്തിന്മേൽ
തിന്മപെട്ടവനണയരുതേ

12. ബലവാനായ് ഞാൻ ജീവിപ്പാൻ
ബലിയായ് ജിവനണച്ചവനേ
എന്നെ വ്യസനത്തിലാക്കായ്‌വാൻ
സാത്താനെ നീ വിലക്കണമേ.

13. കർത്താവേ നിൻവാഗ്ദത്തം
എന്നിൽ നിറവേറ്റീടണമേ
നിന്റെ സ്ലീബാ മരണത്താൽ
എന്റെ ആയുസ്സ് കാക്കണമേ

14. ഞാനുണരും നേരത്തിങ്കൽ
നിന്നെ ഞാൻ കൊണ്ടാടിടുവാൻ
എന്റെ നിദ്രാവേളയിലും
നിന്റെ ഉപവി നീ കാട്ടേണമേ.

15. നിൻ തിരുമനസ്സിനെ ഞാനറിഞ്ഞ്
ഞാനതിനെ ചെയ്‌വാനായി
നിന്റെ മനോഗുണമതിനാലെ
എനിക്കു മനോഗുണം അരുളുക നീ

16. നിരപ്പുനിറഞ്ഞോരന്തിയതും
നീതി വിളങ്ങും രാവും നീ
ഞങ്ങളുടെ രക്ഷകനാം മ്ശിഹാ
നാഥാ അടിയാർക്കരുളണമേ.

17. വെളിവിൻ വെളിവു നീ ആകുന്നു
വെളിവിൽ തന്നെ പാർക്കുന്നു

വെളിവിനുടെ സുതരായവരും
നിന്നെത്തന്നെ നമിക്കുന്നു.

18. നിനക്കു സ്തുതി നിന്നനുഗ്രഹങ്ങൾ
അടിയാരുടെ മേലിരിക്കണമേ
ഇഹലോകത്തിലുമതുപോലെ
പരലോകത്തിലുമാകണമേ.

19. എൻ കർത്താവേ നിനക്കു സ്തുതി
നിനക്കു സ്തുതി സ്തുതി നിനക്കു സ്തുതി
അയിരങ്ങളിന്മേലായിരമായ്
അളവുകൂടാതെ നിനക്കു സ്തുതി

20. പ്രാർത്ഥനകൾ കേൾക്കുന്നവനേ
യാചനകൾ നൽകുന്നവനേ
ഞങ്ങളിൻ പ്രാർത്ഥനകൾ കേട്ട്
യാചനകൾ നൽകീടണമേ

കുറിയേലായിസ്സോൻ - കുറിയേലായിസ്സോൻ - കുറിയേലായിസ്സോൻ

## നമസ്കാരം — ഞായറാഴ്ച

ഹൃദയങ്ങളെ പരിശോധിക്കുന്നവനായ ദൈവം തമ്പുരാനെ, ഞങ്ങളുടെ നേരെയുള്ള നിന്റെ കുറ്റാരോപണം ഇപ്പോൾ ഞങ്ങൾക്കു വെളിപ്പെടുത്തി കാണിക്കണമേ. ഞങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങൾ എന്തെല്ലാമെന്നു അറിവാനും ഏറ്റുപറവാനും ഉപേക്ഷിപ്പാനും ഞങ്ങൾക്കു സഹായിക്കേണമേ. ഞങ്ങൾ പാപം ചെയ്തുപോയിട്ടുണ്ടെന്നു ഞങ്ങൾ സമ്മതിക്കുന്നു. നിന്റെ കരുണയും മോചനവും അർഹിക്കുന്ന വിധത്തിലുള്ള അനുതാപം ഞങ്ങൾക്കു നല്കേണമേ. ഞങ്ങൾ തെറ്റിപ്പോയിട്ടുള്ള സ്ഥാനങ്ങളിൽ വേണ്ട പരിഹാരം ഉണ്ടാകത്തക്കവണ്ണം നീ ഞങ്ങളുടെ ഹൃദയത്തെ സ്പർശിച്ച് മാർദ്ദവപ്പെടുത്തേണമേ. ഞങ്ങളുടെ പാപം ഞങ്ങളുടെ നാശത്തിനു മുഖാന്തരമായി തീരരുതേ. ഞങ്ങൾക്കു വേണ്ടി പക്ഷവാദം ചെയ്‌വാൻ ജീവിക്കുന്ന വാഴ്ത്തപ്പെട്ട കാര്യസ്ഥനായുള്ളോവേ, ഞങ്ങൾ ഞങ്ങളുടെ കാര്യത്തെ നിന്റെ തൃക്കരങ്ങളിൽ വയ്ക്കുന്നു. നിന്റെ തിരുരക്തവും നിന്റെ പുണ്യങ്ങളും ഞങ്ങൾക്കു വേണ്ടി അഭ്യർത്ഥന കഴിക്കുമാറാകേണമേ. നിന്റെ ശക്തിയേറിയ പക്ഷവാദം ഞങ്ങൾക്കു മോചനം നേടിത്തരുമാറാകേണമേ. ഇന്നു പകൽ മാത്രമല്ല കഴിഞ്ഞ എല്ലാ കാലങ്ങളിലും ഞങ്ങൾ ചെയ്തുപോയ സകല അകൃത്യങ്ങളും ഏറ്റുകൊണ്ട് നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു. എന്നു നീ ഞങ്ങളോടു പറയുമാറാകേണമേ. ഈ രാത്രി ഞങ്ങൾ സമാധാനത്തോടെ ഉറങ്ങി വിശ്രമിക്കുന്നതിനും ഞങ്ങളുടെ മനസ്സാക്ഷി സ്വസ്ഥതപ്പെടുന്നതിനും ഇടയാകുമാറാകേണമേ. ഹോശോ.....

ആമ്മീൻ.

### 6–ാം മസ്മൂർ

1. യഹോവേ, കോപത്തിൽ എന്നെ ശാസിക്കരുതേ; അങ്ങയുടെ ക്രോധത്തിൽ എന്നെ ശിക്ഷിക്കരുതേ.

2. യഹോവേ, എന്നോടു ദയ കാണിക്കേണമേ; ഞാൻ തളർന്നിരിക്കുന്നു; യഹോവേ, എന്നെ സൗഖ്യമാക്കേണമേ; എന്റെ അസ്ഥികൾ അതിവേദനയനുഭവിക്കുന്നു.

3. എന്റെ പ്രാണൻ യാതനയിലായി; യഹോവേ ഇനിയും എത്ര നാൾ?

4. യഹോവേ, എങ്കലേക്കു തിരിഞ്ഞ് എന്റെ പ്രാണനെ വിടുവിക്കണമേ അവിടുത്തെ കാരുണ്യാധിക്യത്താൽ എന്നെ രക്ഷിക്കേണമേ

5. മരണശേഷം ആരും അങ്ങയെ ഓർക്കുന്നില്ല. പാതാളത്തിൽ ആര് അങ്ങേയ്ക്കു സ്തോത്രം ചെയ്യും?

6. ഞരക്കംകൊണ്ടു ഞാൻ തളർന്നിരിക്കുന്നു; കണ്ണുനീർകൊണ്ട് എന്റെ കട്ടിലിനെ നനച്ച്, രാത്രി മുഴുവൻ എന്റെ കിടക്കയെ ഒഴുക്കുന്നു.

7. ദു:ഖത്താൽ എന്റെ കണ്ണുകൾ കുഴിഞ്ഞു; സകല ശത്രുക്കളും നിമിത്തം എന്റെ കാഴ്ച മങ്ങിയുമിരിക്കുന്നു.

8. അതിക്രമം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടകലുവിൻ; യഹോവ എന്റെ കരച്ചിൽ കേട്ടിരിക്കുന്നു.

9. എന്റെ നിലവിളി യഹോവ കേട്ടു; യഹോവ എന്റെ പ്രാർത്ഥന ചെവിക്കൊള്ളുന്നു.

10. എന്റെ ശത്രുക്കളെല്ലാം ലജ്ജിച്ചു ഭ്രമിച്ചുപോകും; അവർ ക്ഷണത്തിൽ ലജ്ജിച്ചു പിന്തിരിയും.ദൈവമേ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

പ. പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി

ജ. ആദി മുതൽ എന്നന്നേക്കും തന്നെ. ആമ്മീൻ

## എനിയോനൊ

1. മ്ശിഹാതമ്പുരാനെ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി നീ വിനയപ്പെടുകയും നോമ്പുനോറ്റ് ശത്രുവിനാൽ പരീക്ഷിക്കപ്പെടുവാൻ തിരുമനസ്സാകുകയും, യുദ്ധം ചെയ്യുന്ന സാത്താനെ യോഗ്യമായ നോമ്പോടും വെടിപ്പുള്ള പ്രാർത്ഥനയോടും കൂടി ജയിപ്പാനായി നിന്റെ സഭയെ പഠിപ്പിക്കുകയും ചെയ്തു.

2. ഞങ്ങളുടെ പിതാവായ ആദാമിന്റെ ഭക്ഷണപ്രിയം നീ മൂലം പരാജയപ്പെട്ടു. വെടിപ്പും ശുദ്ധമുള്ള നോമ്പേ സമാധാനത്താലെ വരിക! ഞങ്ങളുടെ രക്ഷിതാവ് ഞങ്ങൾക്കായ് നോറ്റനോമ്പേ സമാധാനത്താലെ വരിക! വരുവീൻ, നമുക്കു തന്നെ മുട്ടുകുത്തി വന്ദിക്കാം.

3. രക്ഷിതാവേ! നിർമ്മല സ്നേഹത്തോടെ നോമ്പിനെ സ്വീകരിപ്പാനും സന്തോഷത്തോടെ അതിന്റെ എതിരേല്പിനു പുറപ്പെടുവാനും ഞങ്ങൾക്കു സംഗതിയാക്കേണമേ. നിന്റെ തിരുവിഷ്ടപ്രകാരം നോമ്പ് നോല്പ്പാനും ഞങ്ങളെ യോഗ്യരാക്കേണമെ.

4. നോമ്പിൽ നിന്നു വീശുന്ന വാസന എത്രയോ ഇമ്പകരമാകുന്നു. അതിനാൽ സ്വർഗ്ഗത്തിലേയ്ക്കു കരേറിയ ഏലിയായും സാക്ഷിക്കുന്നു. നമ്മുടെ പൂർവ്വികാവകാശത്തിലേക്കു നാം ഉയർത്തപ്പെടുവാൻ നമ്മുടെ രക്ഷകൻ അതിനെ ആയുധമായി നമുക്കു തന്നിരിക്കുന്നു.

5. കർത്താവേ! നീ വാതിലും സത്യജീവനുമാകുന്നുവല്ലോ, നിന്നിൽക്കൂടി മഹത്വമുള്ള നിന്റെ പിതാവിങ്കലേക്കു ഞാൻ പ്രവേശിക്കുകയും ചെയ്യുന്നു. നിന്റെ കൃപയെ സ്തോത്രം ചെയ്യുവാൻ തക്കവണ്ണം നിന്റെ വാതിൽ ഞങ്ങൾക്കു തുറക്കുകയും ഞങ്ങളുടെ നടപ്പിനെ സ്ഥിരപ്പെടുത്തുകയും വഴികളെ ചൊവ്വാക്കുകയും ചെയ്യണമെ. ബാറെക്മോർ

6. മനോഗുണവാനേ നിന്റെ കൃപയാൽ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കുകയും എല്ലാ ദ്വേഷതകളും മായിക്കയും ചെയ്യണമെ. നിന്റെ കരുണയാൽ ഞങ്ങൾക്കു നിരപ്പും സമാധാനവും നൽകി രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണ ചെയ്യേണമെ.

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

## പ്രോമ്യോൻ

തിരുവിഷ്ടത്താൽ മരണത്തിനായ് വരികയും സ്നേഹാധിക്യത്താൽ കബറിലേക്കു പ്രവേശിക്കുകയും ചെയ്ത നല്ല ഉടയവനും മനുഷ്യരെക്കുറിച്ചു സ്നഹമുള്ളവനും

സകലത്തിൽ നിന്നും ഉയർന്നിരിക്കുന്ന അത്യുന്നതനും സ്വഭാവത്താൽ അദൃശ്യനും നാനാധനങ്ങളും വാരിയെടുക്കപ്പെടുന്ന ഭണ്ഡാരമുള്ള ധനവാനും എല്ലാ ഭാഗങ്ങളിലേക്കും സ്വന്ത നിക്ഷേപങ്ങളെ വിഭജിച്ചുകൊടുക്കുന്നവനുമായ തനിക്കു സ്തുതി. (സന്ധ്യാ) പ്രാർത്ഥനയുടെ ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും നാഴികകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും ആരാധനയും നിനക്കു യോഗ്യമാകുന്നു. ഹോശോ........
ആമ്മീൻ.

### സെദറാ

ഞങ്ങളുടെ ദൈവമായ മ്ശിഹായേ, നിന്റെ രക്ഷാകരമായ നടപടിയാലും മനുഷ്യരെക്കുറിച്ചുള്ള നിന്റെ ദിവ്യസ്നേഹത്താലും കാതോലികവും ശ്ലൈഹികവുമായ നിന്റെ സഭയെ സകല ജാതികളിൽ നിന്നും തിരഞ്ഞെടുത്ത്, അതിനെ നിന്റെ വിശുദ്ധ രക്തത്താൽ വിലയ്ക്കു വാങ്ങി, മഹത്വമുള്ള മണവാട്ടിയാക്കിത്തീർത്തു. ഞങ്ങളെ നിന്റെ മക്കളും അവകാശവുമാക്കിത്തീർക്കയും മരണത്തിന്റെയും സാത്താന്റെയും അടിമത്വത്തിൽ നിന്ന് സ്വാതന്ത്ര്യപ്പെടുത്തി രക്ഷിക്കുകയും നിന്നെക്കുറിച്ചുള്ള അറിവിന്റെ യോഗ്യതയുള്ള പ്രകാശത്താൽ പ്രശോഭിപ്പിക്കയും ചെയ്തിരിക്കുന്നു. കർത്താവേ, ഞങ്ങൾ നിന്റെ ദിവ്യകല്പനകൾ ആചരിക്കുകയും അവയെ ധ്യാനിക്കയും രാവും പകലും നിന്റെ പ്രമാണങ്ങളിൻ പ്രകാരം നടന്ന്, നിന്നിൽ സന്തോഷിക്കയും ചെയ്യുമാറാകണമെ. ജീവിപ്പിക്കുന്നതായ നിന്റെ സുവിശേഷം ഞങ്ങൾ പ്രസംഗിക്കുകയും വിജാതികളുടെയും സ്വജാതികളുടെയും ഇടയിൽ നിന്റെ ഏവൻഗേലിയോൻ വഹിക്കുകയും വിശുദ്ധ ശ്ലീഹന്മാരും ദീർഘദർശിമാരും ഞങ്ങൾക്ക് ഒരുക്കിത്തന്നിട്ടുള്ള മാർഗ്ഗത്തിൽ നടക്കുകയും അവരുടെ ചൊവ്വുള്ള കാലടികൾ പിന്തുടരുകയും ചെയ്യുമാറാകണമെ. തിരുവിഷ്ടത്താൽ ഞങ്ങൾ പൂർണ്ണതപ്പെടുകയും

നിന്റെ മഹത്വത്തിൽ ഞങ്ങൾ കീരിടം ധരിപ്പിക്കപ്പെടുകയും ചെയ്യുമാറാകണമെ. വിശ്വാസികളായ നിന്റെ ജനങ്ങൾക്കു നിന്റെ കല്പനകളുടെ രഹസ്യം ഞങ്ങൾ കാണിച്ചു കൊടുക്കുകയും ജീവന്റെയും സന്തോഷത്തിന്റെയും വചനം അവരോടു പ്രസംഗിക്കുകയും നിന്റെ മഹിമയുള്ള പ്രകാശത്താൽ ഞങ്ങൾ പ്രശോഭിക്കുകയും നിന്റെ ആത്മീയ ഉറവയിൽ നിന്നു ഞങ്ങൾ പുഷ്ടിപ്പെടുകയും നിന്റെ ജീവപാനീയത്താൽ ഞങ്ങൾ ഇമ്പപ്പെടുകയും ചെയ്യുമാറാകണമെ. ഞങ്ങൾ നിത്യവും മാധുര്യമുള്ള ഗാനങ്ങളും ചേർച്ചയുള്ള സ്തുതികളും ആനന്ദകരമായ സ്തോത്രങ്ങളും നിനക്ക് അർപ്പിക്കുമാറാകണമെ. നിന്റെ കരുണയ്ക്കായി നോക്കിപ്പാർക്കുകയും നിന്റെ കുരിശാരോഹണത്തെ ഏറ്റുപറയുകയും നിന്റെ ദൈവത്വത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന നിന്റെ സഭയ്ക്ക് നിരപ്പും സമാധാനവും സൗജന്യമായി നല്കണമെ. നിന്റെ എഴുന്നള്ളത്തിന്റെ മഹാദിവസത്തിൽ നിന്റെ വലത്തുഭാഗത്തുള്ള ഇമ്പവും ആനന്ദവും ഞങ്ങൾക്ക് നല്കണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമെ. ഹോശോ.......
ആമ്മീൻ.

## കോലൊ

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ, ഞങ്ങൾ കൈക്കൊണ്ടിട്ടുള്ള നിന്റെ തിരുശരീരവും തിരുരക്തവും ഞങ്ങൾക്കു ശിക്ഷാവിധിക്കും പ്രതികാരത്തിനും ആയി തീരാതെ പിഴകളുടെ പരിഹാരത്തിനും മോചനത്തിനും നിന്റെ വലത്തുഭാഗത്തെ മുഖപ്രസാദത്തോടു കൂടിയ നിലയ്ക്കുമായി തീരണമേ.

നാലുഭാഗങ്ങളിലും തന്റെ ആരാധകരെ കിരീടം ധരിപ്പിക്കയും ശ്രേഷ്ഠതപ്പെടുത്തുകയും ചെയ്ത രാജാവിനു സ്തുതി. ദാവീദിനെ താൻ കിന്നരമാക്കി തീർക്കുകയും തന്മൂലം സഭകളും ദയറാകളും അവനിൽ കൂടി

കീർത്തനം പാടിയവൻ അനുഗ്രഹിക്കപ്പെട്ടവനാകുന്നു എന്നു പറകയും ചെയ്യുന്നു.

ആദാമിനെയും അവന്റെ സന്തതിയേയും പാപത്തിന്റെയും സാത്താന്റെയും ദാസ്യത്തിൽ നിന്നു രക്ഷിപ്പാനായി ഈ ലോകത്തിലേക്കു തന്റെ പുത്രനെ അയച്ച പിതാവേ, ആത്മദാനം ഞങ്ങൾക്കു നൽകേണമെ. ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കേണമെ.

ക്രൂശിന്മേലുള്ള തന്റെ മരണത്താൽ നീതിമാന്മാർക്കും പാപികൾക്കും രക്ഷ നൽകാനായി ഉയരത്തിൽ നിന്നു ഇറങ്ങി വന്ന മ്ശിഹായേ, നിന്നെ സ്തുതിപ്പാൻ നിന്നോടുകൂടെ നിന്റെ മണിയറയിലേക്കു പ്രവേശിക്കേണ്ടതിനു നിന്റെ വാതിൽ ഞങ്ങൾക്കു തുറന്നു തരേണമേ.

കർത്താവേ, ഞങ്ങളുടെ സഹായത്തിനും തുണയ്ക്കുമായി നീ വരേണമെന്നു സങ്കടത്തോടും കണ്ണുനീരോടും കൂടി നിന്റെ കൃപയോടു ഞങ്ങൾ യാചിക്കുന്നു. ബലഹീനരായ നിന്റെ അടിയാരുടെ യാചനകളും അപേക്ഷകളും കൈക്കൊള്ളേണമേ. നന്മ നിറഞ്ഞ തൃക്കണ്ണുകളാൽ ഞങ്ങളെ തൃക്കൺ പാർക്കണമേ. ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു ഉത്തരമരുളി ചെയ്യേണമേ.

തിരുനാമത്തിൽ തന്റെ പിതാവിനോടു സർവ്വവും യാചിക്കുന്നതിനു ജീവദായകമായ തിരുവചനത്താൽ കല്പിച്ചിട്ടുള്ളവനേ, ആവശ്യം മൂലം ഞങ്ങൾ യാചിക്കുന്നു. ദയാലുവേ, ഞങ്ങൾ രക്ഷ അവകാശപ്പെടുത്തുവാനായി ഐശ്വര്യമുള്ള നിന്റെ ശ്രീ- ഭണ്ഡാരത്തിൽ നിന്നു ഞങ്ങൾക്കു തരേണമേ.

തെറ്റിപ്പോയ ആടിനെ അന്വേഷിച്ച് പുറപ്പെട്ട ഇടയനേ, തൃക്കൈയിൽ നിന്ന് ഞങ്ങളെ വിട്ടുകളയുകയും തിരുസന്നിധിയിൽ നിന്നു ഞങ്ങളെ തള്ളികളയുകയും അരുതെ. ഞങ്ങളുടെ കടങ്ങൾ പരിഹരിച്ച് നിന്റെ വലത്തുഭാഗത്ത് നില്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കേണമേ. ഞങ്ങളോടു കരുണചെയ്യേണമേ.

ഞങ്ങളുടെ കർത്താവ് ശ്രേഷ്ഠനും പ്രാബല്യമേറിയ

വനുമാകുന്നു. കർത്താവേ, ഞായറാഴ്ച നിനക്കു സ്തുതി പാടുവാനായി നീ ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നു. പെരുനാളുകളുടെയും കാലങ്ങളുടെയും ഉടയോനെ, ഈ ദിവസം ശ്രേഷ്ഠരായ പോരാട്ടക്കാരോടു കൂടി നിനക്കു സ്തുതി പാടുവാനായി ഞങ്ങളെ ക്ഷണിക്കണമേ.

അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകേണമേ എന്നു തന്റെ സങ്കീർത്തനങ്ങളിൽ ദാവീദ് പറഞ്ഞിട്ടുള്ളതുപോലെ ഞങ്ങളുടെ കൈകൾ പ്രവർത്തിച്ചിട്ടുള്ള സകല കറകളെയും പിഴകളെയും ഞങ്ങളിൽ നിന്നു കഴുകിക്കളയണമെന്നു ഞങ്ങൾ യാചിക്കുന്നു. ഞങ്ങളെ നിരസിച്ചു കളയരുതേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനയും കൈക്കൊള്ളേണമേ. തങ്ങളുടെ പോരാട്ടത്തിൽ സഹദെന്മാരോടു കൂടെ നിന്നു അവരെ ശക്തിപ്പെടുത്തിയിട്ടുള്ള നിന്റെ കൃപ ഞങ്ങൾക്കും നൽകേണമേ.

കർത്താവേ ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങൾക്ക് സഹായം ചെയ്യേണമേ.

## കോലൊ

ഏകജാതനായ ദൈവമേ, എന്റെ കടങ്ങൾ വർദ്ധിക്കുകയും എന്റെ കുറ്റങ്ങൾ ശക്തിപ്പെടുകയും ചെയ്തിരിക്കയാൽ നിന്റെ കരുണകളുടെ സമുദ്രത്തിലേക്കു ഞാൻ നോക്കുന്നു. നിന്റെ വെടിപ്പുള്ള സോപ്പാ കൊണ്ട് എന്റെമേൽ തളിക്കേണമേ. എന്റെ കണ്ണുനീരു കൈക്കൊണ്ട് എന്നെ നിർമ്മലനാക്കേണമേ. കർത്താവേ, നിന്റെ ജനകന്റെ സ്നേഹം മൂലം നിന്നോടു ഞാൻ അപേക്ഷിക്കുന്നു. എന്നെ ദ്വേഷിക്കുന്നവർ എന്നെ നിന്ദിക്കരുതേ. അന്യായം വിട്ടു തിരിയുന്ന പാപിയിൽ മാലാഖമാർ സന്തോഷിക്കുകയും അനുതാപി

കൾക്കു രാപ്പകൽ വാതിൽ തുറന്നിട്ടിരിക്കുന്ന കർത്താവ് വാഴ്ത്തപ്പെട്ടവൻ എന്നു അവർ പറയുകയും ചെയ്യുമാറാകട്ടെ–

സങ്കടത്തോടും കണ്ണുനീരോടും നെടുവീർപ്പോടും കൂടി ഞങ്ങളുടെ കർത്താവേ, തിരുസന്നിധിയിൽ ഞങ്ങൾ അടുത്തു വരുന്നു. പിതാവിൽ നിന്നു ഉദയം ചെയ്ത ശോഭയേറിയ കതിരായുള്ളോവേ, നിന്റെ കൃപ ഞങ്ങളുടെ അടുക്കൽ പരിപ്പൂർണ്ണമാക്കുകയും നിന്റെ സഹായങ്ങൾ ഞങ്ങളുടെ അടുക്കൽ വർദ്ധിപ്പിച്ചു തരികയും ചെയ്യേണമേ. എന്തുകൊണ്ടന്നാൽ ഞങ്ങളുടെ സ്വഭാവാധഃപതനം നീ അറിയുന്നു. നിന്റെ ദൃഷ്ടി ഞങ്ങളിൽ നിന്നു തിരിച്ചു കളയുകയും ഞങ്ങളെ കൈവെടിയുകയും അരുതേ. നിന്റെ ശ്രേഷ്ഠസന്നിധിയിൽ ഞങ്ങളെ ലജ്ജിപ്പിക്കരുതേ. നിന്റെ കരുണയാൽ ഞങ്ങളുടെ കറകളെ കഴുകുകയും ഞങ്ങളുടെ കടങ്ങളെ മായ്ക്കയും ഞങ്ങളുടെ അകൃത്യങ്ങളെ ക്ഷമിക്കയും ചെയ്യേണമേ.

കർത്താവേ, എന്റെ ബലഹീനതയെ നോക്കണമേ.

എന്തെന്നാൽ ഞാൻ വളരെ പാപം ചെയ്ത്, നിന്നെ കോപിപ്പിച്ചിരിക്കുന്നു. ഞാൻ ആരിൽ അഭയം പ്രാപിക്കേണ്ടു എന്നറിയുന്നുമില്ല. ഞാൻ വൈദ്യന്മാരുടെ അടുക്കൽ ചെന്നു, അവർ തങ്ങളുടെ ഔഷധങ്ങൾ എന്നിൽ പ്രയോഗിച്ചിട്ടും, എന്റെ വ്രണം കഠിനമായും, സുഖപ്പടുത്തുന്നവൻ ഇല്ലാതായും തീർന്നിരിക്കുന്നു. ഔഷധങ്ങൾ സമൃദ്ധിയായുള്ളവനും, നിന്റെ അടുക്കൽ വരുന്നവർക്കു സഹായങ്ങൾ നല്കുന്നവനുമായ ഉത്തമവൈദ്യൻ നീയാകുന്നു എന്നു നിന്നെക്കുറിച്ചു ഞാൻ കേട്ടിരിക്കുന്നതിനാൽ നിന്റെ ജനകനായ പിതാവിന്റെ സ്നേഹത്താലും, നിന്റെ വിലമതിക്കാവതല്ലാത്ത രക്തത്താലും എന്റെ കടങ്ങളെ പരിഹരിക്കണമേ. ആമ്മീൻ.

കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങൾക്ക് സഹായം ചെയ്യേണമേ.

(അല്ലെങ്കിൽ ഗീതം)

താതന്നാത്മജനാം-ദേവാ
തവ കരുണകളിൻ-വാരിധി ഞാൻ.
നോക്കിടുന്നേൻ പാപങ്ങൾ ബഹുലം

തളിക്കണമേ നിൻ സോ-പ്പായാൽ
എൻകണ്ണീരാൽ-നിർമ്മലനാക്കുക.
യാചിക്കുന്നേൻ-തവ താതന്നൻപാൽ

മമ രിപു ദുഷിച്ചീട-ല്ലെന്നെ
അകൃത്യം വിട്ടനുതപിച്ചീടും.
പാപിയിൽ ദൂതർ- സന്തോഷിച്ചുടനെ-

അനുതാപികൾ-ക്കെപ്പോഴും വാ-തിൽ
തുറക്കും കർത്തൻ-വാഴ്വേറ്റോൻ
ഹാലേലുയ്യാ-എന്നവർ പറയട്ടെ.
ബാറക്മോർ..

പ. *ശുബഹോ ലാബോ ലബ്റോ വൽ-റൂഹോ കാദീശൊ.*
ദുഃഖത്തിൻ മിഴിനീ-രാലും
നെടുവീർപ്പാലും കർത്താവേ
നിൻ തിരുസവിധേ അണയുന്നീ അടിയാർ

താതനിൽ നിന്നുദയംചെയ്ത
ശോഭിതമായൊരു കതിരെ നിൻകൃപ
അടിയാരുടെമേൽ പൂർണ്ണമതാക്കണമേ

പാപത്താൽ പിഴചെയ്തോരാം
അടിയാരുടെമേൽ കൃപചെയ്ത്
ഉതവികൾ വർദ്ധിപ്പിക്കണമേ നാഥാ

നാഥാനിൻ ദൃഷ്ടിയേനീക്കി
കൈവെടിയരുതീ അടിയാരെ
നിന്നുടെ മുൻപിൽ ലജ്ജിപ്പിക്കരുതേ

ഞങ്ങൾതൻ കറകൾ കഴുകി
മായ്ക്കണമേ കടപാപങ്ങൾ
ഹാലേലുയ്യ പൊറുക്കണമെൻ പിഴകൾ
മെൻഓലം വാദാമ്മൊൽ ഓലം ഒൽ-മ്മീൻ ആമ്മീൻ.

കർത്തനേ, കാൺ എൻ ക്ഷീണതയെ
പിഴച്ചേൻ ഏറ്റം- വെറുപ്പിച്ചേൻ.
അഭയമെനിക്കാ-രെന്നറിയുന്നില്ലേ.

വൈദ്യൻമാർ പക്കൽ- പോയി ഞാൻ
അവരുടെ ചികിത്സകൾ ഏറ്റിട്ടും
എൻ വൃണമേതും-സുഖമായില്ലയ്യോ-

കേട്ടേൻ നീ നല്ലോ-രു വൈദ്യൻ
ഏറിയൊരൗഷധി-നിനക്കുണ്ടേ-
നിക്കുതവി ലഭിപ്പാൻ- വന്നേൻ നിന്നരികിൽ-
തവ ജനകനുടെ അ-ൻപാലും
വിലമതിയാ നിൻ-നിണത്താലും
ഹാലേലുയ്യാ-പരിഹരിക്കെൻ കടങ്ങൾ
മൊറിയൊ റാഹേമ്മേലൈനൂ ആദാറൈൻ

## കുക്കിലിയോൻ

വാഴ്ത്തുക നാഥനെ എൻ മനമേ ഹാലേലുയ്യാ
തിരുനാമത്തെയെന്നസ്ഥികളെ !
മോചിക്കുമവൻ നിൻ പാപങ്ങൾ ഹാലേലുയ്യാ
രോഗങ്ങൾക്കേകും ശമനം ബാറെക്മോർ.

പ. *ശുബഹോ ലാബോ ലബ്റോ വൽറൂഹോ കാദീശൊ.*
*മെൻഓലം വാദാമ്മൊൽ ഓലം ഒൽമ്മീൻ ആമ്മീൻ.*

### എക്ബൊ (ഹത്തിസ് ബശ്മായൊ)

കർത്താവേ, സ്വർഗ്ഗത്തോടും നിന്നോടും ഞാൻ പാപം ചെയ്തു. നിന്റെ പുത്രനെന്നുവിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല. കൂലിക്കാരനെപ്പോലെ എന്നെ കൈക്കൊള്ളേണമേ. ഞാൻ പാപം ചെയ്തുകൊണ്ട് വേലക്കാരനെപ്പോലെ നിന്റെ ഭവനത്തിൽ ഞാൻ ആയിക്കൊള്ളാം.
സ്തൗമെൻ കാലോസ്.... കുറിയേലായിസ്സോൻ

### (അല്ലെങ്കിൽ) ഗീതം

സ്വർഗ്ഗത്തോടും നിന്നോടും-പാപം ചെയ്തേൻ
പുത്രത്വത്തിനനർഹൻ ഞാൻ
പിഴചെയ്തോ-നാമടിയാനെ ഭൃത്യനുതുല്ല്യം
നിൻ ഗേഹേ പാർപ്പിക്കണമേ.
സ്തൗമെൻ കാലോസ്.... കുറിയേലായിസ്സോൻ

## കോലൊ

ഞങ്ങളുടെ കർത്താവേ, നിന്നെ സ്നേഹിച്ച അനുഗ്രഹീതരായ സഹദേന്മാരോടും തങ്ങളുടെ നടപടികളാൽ നിന്നെ പ്രസാദിപ്പിച്ച വിശുദ്ധന്മാരോടും

കൂടെ സന്തോഷം നിറഞ്ഞിരിക്കുന്ന നിന്റെ മണിയറയ്ക്കും നിന്റെ വലത്തുഭാഗത്തെ നിലയ്ക്കും ഞങ്ങളെ യോഗ്യരാക്കേണമേ. നിനക്ക് മഹത്വമുണ്ടായിരിക്കട്ടെ.

വിശുദ്ധ സഭ അതിന്റെ സന്താനങ്ങൾക്കു വേണ്ടി സങ്കടത്തോടെ നിലവിളിച്ചുകൊണ്ട് നിന്നോടു അപേക്ഷിക്കുന്നു. കർത്താവേ, മാമോദീസായുടെ മുദ്രയാൽ നിന്നെ ധരിച്ചിട്ടുള്ളവരായ നിന്റെ അടിയാർ അഗ്നിനരകത്തിനു അവകാശികളായി തീരരുതേ എന്നു യാചിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി.

കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങൾക്കു സഹായം ചെയ്യേണമേ.

(അല്ലെങ്കിൽ) ഗീതം

നിൻ വ-ത്സലരാം സഹദേന്മാർ കാദീശന്മാർ
എന്നിവരൊപ്പം സർവ്വേശാ
നിർത്തീ-ടണമേ ഞങ്ങളെയും നിൻ വലഭാഗേ
നിന്നെ കീർത്തിച്ചീടാനായ്
ഹാലേലുയ്യാ - ദേവാധീശാ. ബാറക്മോർ

പ. ശുബഹോ ലാബോ ലബ്റോ വൽറൂഹോ കാദീശൊ.
മെൻഓലം വാദാമ്മൊൽ ഓലം ഒൽമ്മീൻ ആമ്മീൻ.

മക്കൾക്കായ് തിരുസഭ നിന്നോടേറ്റം ദു:ഖ-
ത്താലേ കേണീടുന്നേവം
നാഥാ! മാമോദീസായാൽ നിന്നെ പൂണ്ടോർ
തീനരകം പൂകീടാതെ-ഹാലേ.....മോദിക്കണമേ.
മൊറിയോ റാഹേമ്മേലൈനൂ ആദാറൈൻ

## മാർ യാക്കോബിന്റെ ബോവൂസൊ

(വാക്യം പ്രതിവാക്യം)

ഞങ്ങളുടെ കർത്താവായ കർത്താവേ, ഞങ്ങൾ നിന്നെ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വരേണമേ. ഞങ്ങളുടെ യാചന കേട്ട് ഞങ്ങളോടു കരുണ ചെയ്യേണമേ.

കർത്താവേ, സൂര്യപ്രകാശം എല്ലാഭാഗങ്ങളിൽ നിന്നും അസ്തമിക്കുന്നതായ സന്ധ്യാസമയത്തു സ്രഷ്ടാവായ നിന്നെ മഹത്വപ്പെടുത്തുവാൻ നീ മുഖാന്തരം ഞങ്ങൾക്കു പ്രകാശം ഉണ്ടാകേണമേ.

ദൈവപുത്രാ നിന്റെ വചനം ഞങ്ങളുടെ കാലുകൾക്ക് പ്രകാശമായിരിക്കുകയും സൂര്യനുപകരം അതു ഞങ്ങളെ പ്രകാശിപ്പിക്കയും ഞങ്ങൾ അതിൽ കൂടി നടക്കുകയും ചെയ്യുമാറാകേണമേ.

സന്ധ്യാസമയം സകല യാഗങ്ങൾക്കും പകരം സ്തോത്രവും ദഹനയാഗങ്ങൾക്ക് പകരം വെടിപ്പുള്ള പ്രാർത്ഥനയും സ്നേഹപൂർവ്വം അർപ്പിക്കുക.

വായും വചനവും നാവും ഉള്ളവൻ സംസാരശക്തിയില്ലാത്ത സൃഷ്ടികൾക്കുവേണ്ടി സ്തോത്രം ചെയ്‌വാൻ കടമ്പെട്ടിരിക്കുന്നു.

സന്ധ്യ ഞങ്ങളെ പിടികൂടി, രാത്രിയുടെ യാമത്തിൽ ഞങ്ങൾ അകപ്പെട്ടു. ഞങ്ങളുടെ കർത്താവേ, സന്ധ്യയിൽ നീ ഞങ്ങൾക്ക് സൂര്യനായിരിക്കണമേ. ഞങ്ങൾ അതിൽ കൂടി നടക്കട്ടെ. ദൈവമേ, ഞങ്ങളോടുത്തരമരുളിച്ചെയ്യേണമേ. ദൈവമേ ഞങ്ങളോടു ഉത്തരമരുളിച്ചെയ്ത് ഞങ്ങളെ അനുഗ്രഹിക്കണമേ. മനുഷ്യരുടെ മനസ്സിനെ അനുതാപത്തിലേക്കു തിരിക്കയും ചെയ്യേണമേ.

(അല്ലെങ്കിൽ ഗീതം)

ഈശാ! നാഥാ! വരിക തുണപ്പാൻ വിളികൂട്ടുന്നു
പ്രാർത്ഥന കേട്ടീത്തവദാസരിലൻപുണ്ടാകേണം
മന്നിൽ സൂര്യൻ തൻ പ്രഭ മായും സായംകാലം
സ്രഷ്ടാവേ നിൻ സ്തോത്രം പാടാൻ നൽകുക ദീപ്തി
ദൈവതനൂജാ നിൻ തിരുമൊഴിയെൻ കാലിനുദീപം
സൂര്യന്നൊക്കും തൽ പ്രഭയിൽ ഞാൻ നടകൊള്ളേണം
സന്ധ്യാനേരം-ബലിയായ്-നൽകിൻ-സ്തോത്രം-നിങ്ങൾ
സ്നേഹത്തോടെ-ദഹനബലിക്കായ്-പ്രാർത്ഥന-നൽകിൻ
വായും-നാവും-വചനവുമുള്ളോൻ-മൂകതയേലും
സൃഷ്ടിഗണങ്ങൾക്കായ്-സ്തുതിപാടാൻ-ബാദ്ധ്യതയുള്ളോൻ
കൈയ്യേറ്റം-ചെയ്തെന്നെ രാവിൽ -ചേർത്താൻ സന്ധ്യ
നാഥാ-സന്ധ്യയ്ക്കെൻ-കതിരോനായി-ത്തീരേണം-നീ

## മറ്റൊരു ബോവൂസൊ

1. നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും നോമ്പിനെ കൈക്കൊണ്ടവനായ മ്ശിഹാ ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും കൈക്കൊണ്ടു ഞങ്ങളോടു കരുണ

ചെയ്യണമേ.

2. ദുഷ്ടൻ പോരാട്ടത്തിലേക്ക് ഇറങ്ങി വരുവാൻ ആഗ്രഹിക്കുകയും അവൻ ലജ്ജിപ്പാനിടയാകുകയും ചെയ്തു. അവൻ കെണിവച്ചപ്പോൾ അവന്റെ കൈയ് ദുർബലമായിത്തീർന്നു. വിശന്നവനായ കർത്താവ് ദുഷ്ടന് പോരാട്ടം നടത്തുവാൻ വാതിൽ തുറന്നുകൊടുത്തു. താൻ വിശന്നു ക്ഷീണിച്ചവനായി കണ്ടില്ലെങ്കിൽ അവർ യുദ്ധത്തിനായി വരികയില്ലായിരുന്നു.

3. ഞങ്ങളുടെ രക്ഷക്കായി തന്റെ പുത്രനെ അയച്ച പിതാവിന് സ്തുതി. തന്റെ നോമ്പാൽ ദുഷ്ടനെ മറിച്ചിട്ട പുത്രനു വന്ദനം. പോരാട്ടത്തിൽ ആകൽക്കറുസായെ വീഴ്ത്തിയ റൂഹായ്ക്കു സ്തോത്രം, തന്റെ കരുണ എല്ലായ്പ്പോഴും നമ്മുടെ മേൽ ഉണ്ടായിരിക്കട്ടെ.

4. മോശയുടെ നോമ്പിനെയും അവന്റെ താഴ്മയേയും കൈക്കൊണ്ട മ്ശിഹാ, ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട് ഞങ്ങളുടെമേൽ കരുണ ചെയ്യണമേ.

**സമർപ്പണ പ്രാർത്ഥന** (എല്ലാവരും ചേർന്ന്)

എന്റെ ദൈവവും രക്ഷിതാവുമായുള്ളോവേ എന്നോടു കൃപ തോന്നി എന്റെ പാപങ്ങൾ ക്ഷമിക്കണമേ. എന്റെ കറകളെ കഴുകികളഞ്ഞ് എന്റെ കടങ്ങളെ പരിഹരിക്കണമേ. ശപിക്കപ്പെട്ട പിശാചുക്കളുടെ പോരാട്ടത്തിൽ നിന്നും ദുഷ്ട മനുഷ്യരുടെ ഉപദ്രവത്തിൽ നിന്നും നിന്ദ്യമായ വിചാരങ്ങളിൽ നിന്നും മ്ലേച്ഛമായ മോഹങ്ങളിൽ നിന്നും പൈശാചിക ചിന്തകളിൽ നിന്നും വ്യർത്ഥ സ്വപ്നങ്ങളിൽ നിന്നും പ്രയോജനമില്ലാത്ത സംസാരത്തിൽ നിന്നും വികടമുള്ള ഊടുവഴിയിൽ നിന്നും നഷ്ടം വരുത്തുന്ന വഴികളിൽ നിന്നും പാപത്താലുള്ള ഇടർച്ചകളിൽ നിന്നും ദുർഭാഷണത്തിൽ നിന്നും മൂഢന്മാരുമായുള്ള സംസർഗ്ഗത്തിൽ നിന്നും എന്നെ അകറ്റി നിന്റെ സ്നേഹത്തിൽ നിന്നും എന്നെ വേർപെടുത്തുന്ന സകലത്തിൽ നിന്നും എന്നെ രക്ഷിച്ചുകൊള്ളേണമേ. പൂർണ്ണ

ഹൃദയത്തോടെ നിന്നെ നോക്കി വിളിച്ചവരും നിന്നിൽ ശരണം പ്രാപിച്ചവരുമായ എല്ലാവരേയും രക്ഷിച്ചിട്ടുള്ളവനായ കർത്താവേ, നിന്റെ നീതിയിൽ എന്നെ ശാസിക്കുകയും നിന്റെ കോപത്തിൽ എന്നെ ശിക്ഷിക്കുകയും അരുതേ. നിന്റെ കൃപയാൽ എന്നോടു കരുണ ചെയ്ത് നിന്റെ ദയയാൽ എനിക്കു സഹായം ചെയ്യേണമേ. നിന്റെ തിരുമുൻപിൽ പാപം ചെയ്തു നിന്നെ കോപിപ്പിച്ചിട്ടുള്ള സകലത്തിൽ നിന്നും എന്നെ രക്ഷിച്ചുകൊള്ളേണമേ. സ്വന്ത കൃപയാൽ സകലത്തേയും ഭരിക്കുന്ന ഉത്തമനായുള്ളോവേ, അസംഖ്യമായ നിന്റെ കൃപകൾ നിമിത്തം എന്നോടു കനിവുണ്ടായി എന്നെ രക്ഷിച്ചുകൊള്ളുകയും ചെയ്യേണമേ. ആമ്മീൻ.

പാഠങ്ങൾ - വി. ഏവൻഗേലിയോൻ - കീർത്തനം- ധ്യാനം

വിശ്വാസപ്രമാണം -ലുത്തിനിയ - അപേക്ഷ (പുറം 7-10)

ശയനനമസ്കാരം..................(പുറം-14)

കൌമ്മാ..................................(പുറം-1)

ഹുത്താമ്മ.................................(പുറം-10)

ആശീർവാദം............................(പുറം-11)

## നമസ്കാരം—തിങ്കളാഴ്ച

### കൌമ്മാ

ദൈവമായ കർത്താവേ (പകൽ കടന്നു പോകുകയും സന്ധ്യയിലേക്ക് പ്രവേശിച്ചിരിക്കുകയും ചെയ്തിരിക്കുന്ന) ഈ സമയത്ത് തിരുമുൻമ്പാകെ കുമ്പിട്ടു വന്ദിക്കുന്ന നിന്റെ ആരാധകരായിരിക്കുന്ന ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും നിനക്ക് പ്രസാദകരമായിരിക്കുമാറാകേണമേ. കർത്താവേ, നിന്റെ ദയാതിരേകത്താൽ ഞങ്ങളുടെ പാപങ്ങൾക്ക് ക്ഷമയും ഞങ്ങളുടെ കുറ്റങ്ങൾക്ക് വിമോചനവും ഞങ്ങളുടെ ശരീരങ്ങൾക്ക് സൗഖ്യവും ഞങ്ങളുടെ ആത്മാക്കൾക്ക് രക്ഷയും സൗജന്യമായി നൽകേണമേ. ഐശ്വര്യമേറിയ നിന്റെ ഭണ്ഡാരത്തിൽ നിന്ന് കരുണയും മനോഗുണവും ഞങ്ങൾ നിന്നോട് യാചിക്കുന്നു. കർത്താവേ ഞങ്ങളെ അനുഗ്രഹിച്ച് നിന്റെ മഹത്വത്തിൽ ഞങ്ങളെ ആക്കിത്തീർക്കുകയും ചെയ്യേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും എന്നേക്കും കരേറ്റും. ഹോശോ...ആമ്മീൻ

### 32-ാം മസ്മൂർ

1. അതിക്രമങ്ങൾ ക്ഷമിച്ചും പാപങ്ങൾ മറച്ചും കിട്ടിയ മനുഷ്യൻ ഭാഗ്യവാൻ. യഹോവേ, പാപം ചുമത്താതെയും ആത്മാവിൽ കാപട്യം കലരാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.
2. ഞാൻ പാപം ഏറ്റു പറയാതിരുന്നപ്പോൾ ദിവസം മുഴുവൻ ഞരങ്ങിക്കരയുക മൂലം എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി.
3. രാവും പകലും അവിടുത്തെ കരം എനിക്കു ഭാരമായിത്തീർന്നു; വേനൽക്കാലത്തിലെ ചൂടുകൊണ്ടെന്നപോലെ എന്റെ ശക്തി വരണ്ടുപോയി.
4. അപ്പോൾ ഞാൻ എന്റെ പാപം അങ്ങയോടേറ്റു പറഞ്ഞു;

എന്റെ അകൃത്യത്തെ മറച്ചു വെച്ചതുമില്ല. ഞാൻ എന്റെ കുറ്റങ്ങൾ കർത്താവിനോട് ഏറ്റുപറയും. അപ്പോൾ അങ്ങ് എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തന്നു.

5. ഇതുനിമിത്തം ദൈവഭക്തനായ ഓരോരുത്തനും അങ്ങയെ കണ്ടെത്താവുന്ന സമയത്ത് അങ്ങയോടു പ്രാർത്ഥിക്കട്ടെ. അങ്ങനെയെങ്കിൽ പെരുവെള്ളം കവിഞ്ഞുവരുമ്പോൾ അത് അവനെ എത്തിപ്പിടിക്കുകയില്ല.

6. അങ്ങ് എന്റെ മറവിടമാണ്; ആപത്തിൽ അങ്ങ് എന്നെ രക്ഷിക്കും; രക്ഷയുടെ ഉല്ലാസഘോഷം കൊണ്ട് അങ്ങ് എന്നെ ചുറ്റിക്കൊള്ളും.

7. ഞാൻ നിന്നെ ഉപദേശിച്ചു നടക്കേണ്ടുന്ന വഴി നിന്നെ പഠിപ്പിക്കും; ഞാൻ എന്റെ ദൃഷ്ടി നിന്റെമേൽ വെച്ചു കൊണ്ട് നിനക്ക് ആലോചന പറഞ്ഞു തരും.

8. യാതൊരു വിവേകവുമില്ലാത്ത കുതിരയേയോ കോവർകഴുതയേയോ പോലെ നിങ്ങൾ ആകരുത്. കടിഞ്ഞാണും മുഖപ്പട്ടയും കൊണ്ടാണ് അവയെ നിയന്ത്രിക്കുന്നത്. അല്ലാത്തപക്ഷം അവ നിന്നെ അനുസരിക്കയില്ല.

9. ദുഷ്ടന്റെ വേദനകൾ വളരെയാണ്; എന്നാൽ യഹോവയിൽ ആശ്രയിക്കുന്നവനെ അവിടുത്തെ മാറാത്ത സ്നേഹം ആവരണം ചെയ്യും.

10. നീതിമാന്മാരേ, യഹോവയിൽ സന്തോഷിച്ചാനന്ദിപ്പിൻ; ഹൃദയത്തിൽ നേരുള്ളവരേ, ആഹ്ലാദിച്ച് ആർത്തുവിളിക്കുവിൻ. ദൈവമേ സ്തുതി നിനക്കു യോഗ്യമായിരിക്കുന്നു. ബാറെക്മോർ.

പ. പിതാവിനും, പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ – ആമ്മീൻ

## എനിയോനൊ

1. സുകൃതവാനായി ആത്മീയ ജീവൻ നേടുവാൻ ആവശ്യമുള്ളവന് ഇതാ നീതിയുടെ വേലയ്ക്കുള്ള ദിവസം അടുത്തിരിക്കുന്നു. ദൈവമേ നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി.

പ്രതിവാക്യം : കരുണയുള്ളവനെ നിന്റെ കരുണയാൽ ഞങ്ങളോടു കരുണയുണ്ടാകേണമേ.

2. മടിയരായുള്ളോരെ എഴുന്നേറ്റ് അദ്ധ്വാനം ചെയ്യുക. പോരാട്ടത്തിൽ അലസനായിരിക്കരുത്. നോമ്പിൽ ജാഗ്രതയുള്ളവരായി നിത്യജീവൻ നേടിക്കൊൾക. ദൈവമേ നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി.

പ്രതി. കരുണയുള്ളവനെ നിന്റെ കരുണയാൽ ഞങ്ങളോടു കരുണയുണ്ടാകേണമേ.

3. യേശുതമ്പുരാൻ ഉപമയാൽ അനുതാപത്തിലേക്കു നമ്മെ വിളിക്കുകയും ഒരു നാഴിക അദ്ധ്വാനിച്ച് തന്റെ വേലക്കാർ ഓരോ ദിനോറാ പ്രാപിക്കയും ചെയ്യുന്നു. ദൈവമേ നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി.

പ്രതി. കരുണയുള്ളവനെ നിന്റെ കരുണയാൽ ഞങ്ങളോടു കരുണയുണ്ടാകേണമേ.

4. ഞങ്ങളുടെ വർഗ്ഗത്തിൻമേൽ ചൊരിയപ്പെട്ടിരിക്കുന്ന കരുണയുടെയും ദയവിന്റെയും സമുദ്രമായ കർത്താവേ, നിന്റെ തിരുവിലാവിൽനിന്ന് ഒഴുകിയിട്ടുള്ള രക്തത്താൽ നിന്റെ ഇടവകയുടെ കടങ്ങൾ നീ പരിഹരിക്കേണമെ. ദൈവമേ നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി.

പ്രതി. കരുണയുള്ളവനെ നിന്റെ കരുണയാൽ ഞങ്ങളോടു കരുണയുണ്ടാകേണമേ.

ശു. സ്തൗമെൻകാലോസ്... കുറിയേലായിസ്സോൻ

## പ്രോമ്യോൻ

മഹോന്നതനും സകലത്തിന്റെയും നാഥനും സർവസൃഷ്ടികളാലും ആരാധിക്കപ്പെടുന്നവനും ജ്ഞാനത്തിന്റെ ഉറവയും കൃപയുടെ അഗാധവും കരുണാസമുദ്രവും ആയ കർത്താവിനു പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ......

ആമ്മീൻ.

## സെദറാ

മനുഷ്യരോട് സ്നേഹമുള്ള ദൈവമേ, നിന്റെ ദാസരായ ഞങ്ങളുടെ അപേക്ഷകളെ കേൾക്കണമേ. ഞങ്ങൾക്കു സ്വസ്ഥതയും രക്ഷയും ആശ്വാസവും പാപമോചനവും അയച്ചുതരേണമേ. നിന്റെ കരുണാതിരേകത്താൽ ഞങ്ങളുടെ ആത്മ ശരീരദേഹികളെ സൗഖ്യപ്പെടുത്തേണമേ. കർത്താവേ, നിന്റെ കരുണാ ഭണ്ഡാരത്തിൽ നിന്നു കരുണയും പാപമോചനവും ഞങ്ങൾ യാചിക്കുന്നു. കർത്താവേ, ഇപ്പോൾ നിന്റെ ദാസരായ ഞങ്ങളുടെ സഹായത്തിനു എഴുന്നള്ളേണമേ. എന്തെന്നാൽ ജയാളിയും നിർമ്മലനും ആയ ദൈവം നീ മാത്രം അല്ലോ. കർത്താവേ, ഇപ്പോൾ തിരുമുൻപാകെ നിൽക്കുന്ന നിന്റെ അടിയാരുടെ പാപങ്ങളെയും കുറ്റങ്ങളെയും പരിഹരിച്ച് മായിച്ചുകളയേണമേ. കർത്താവേ, ആ പാപിയായ സ്ത്രീയെ നീ സ്വീകരിച്ചതുപോലെ കുറ്റക്കാരും പാപികളുമായ ഞങ്ങളെയും സ്വീകരിച്ച് ഞങ്ങളുടെ പിഴകളെ ക്ഷമിക്കണമേ. കർത്താവേ, മനസ്സോടൊ, മനസ്സുകൂടാതെയോ, അറിഞ്ഞോ, അറിയാതെയോ, ആണകളാലോ, വ്യാജത്താലോ, ഉപായത്താലോ, ഹൃദയചിന്തകളാലോ, സംസാരത്താലോ, വചനത്താലോ, പ്രവർത്തിയാലോ ഞങ്ങൾ തിരുമുൻപാകെ ചെയ്തുപോയിട്ടുള്ള പാപങ്ങളെ എല്ലാം ക്ഷമിക്കണമേ. ഞങ്ങളുടെ വർഗ്ഗത്തിന്റെ രക്ഷയ്ക്കും പുണ്യത്തിനുമായി ക്രൂശിന്മേൽ തൂക്കപ്പെട്ടവനായ മ്ശിഹാതമ്പുരാനേ, ഞങ്ങളുടെ അകൃത്യങ്ങളെയും കുറവുകളെയും ക്ഷമിക്കണമേ. കർത്താവേ, ഈ താല്ക്കാലിക ജീവിതത്തിനു ആവശ്യമായുള്ള പദാർത്ഥങ്ങളെല്ലാം എല്ലാവർക്കും നിന്റെ കരുണയാൽ സമൃദ്ധിയായി കൊടുക്കേണമേ. മഴയാലും മഞ്ഞിനാലും തക്ക കാലത്തുള്ള വേനൽ, വർഷം എന്നിവയാലും സംവത്സരത്തിന്റെ കിരീടത്തെ നീ അലങ്കരിക്കേണമേ. കർത്താവേ, ദരിദ്രന്മാർ ഭക്ഷിച്ച് തൃപ്തരായി സ്തോത്രശബ്ദങ്ങളോടെ സകലരുടെയും സംരക്ഷകനാകുന്ന നിന്നെ

സ്തുതിക്കുവാനായി ഭൂമിയിലുള്ള വിളവുകളെയും ഫല ങ്ങളെയും നിന്റെ കൃപയാൽ സമൃദ്ധിയാക്കേണമേ. കർത്താവേ, ലോകത്തിന് സമാധാനവും സംപ്രീതിയും അതിലുള്ളവർക്ക് ദുർവികാരങ്ങളിൽ നിന്നുള്ള അകൽച്ചയും പ്രയാസമേറിയ ഞെരുക്കങ്ങളിൽ നിന്നുള്ള വിടുതലും നൽകേണമേ. പീഡിതരേയും പ്രയാസപ്പെടുന്നവരേയും പരദേശികളേയും ഹൃദയ ദുഃഖത്തോടിരിക്കുന്നവരേയും അനീതിക്കാരാൽ നിർദ്ദ യമായി ഉപദ്രവിക്കപ്പെടുന്നവരേയും രക്ഷിക്കേണമേ. കർത്താവേ, നിന്റെ ജനത്തോടു കരുണ തോന്നേണമേ. നിന്റെ അവകാശത്തോടു ദയവു ചെയ്യേണമേ. ഞങ്ങ ളെയെല്ലാവരേയും നിന്റെ സ്വർഗ്ഗീയ ഭവനങ്ങൾക്ക് യോഗ്യരാക്കേണമേ. പാപക്കറകളിൽ നിന്നു ഞങ്ങളുടെ ആത്മാക്കളെ സ്വാതന്ത്ര്യപ്പെടുത്തേണമേ. ഞങ്ങൾ നിന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെകൂടെ നിന്റെ വലത്തു ഭാഗത്തുനിന്നുകൊണ്ട് നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റിക്കൊള്ളുന്നു. ഹോശോ... ആമ്മീൻ.

## കോലൊ(കുക്കായ)

കർത്താവേ, ഞങ്ങളുടെ ഹൃദയം പാറയേക്കാൾ കടു ത്തതെങ്കിലും ഞങ്ങളുടെ വായ് കരച്ചിലിൽ നിന്നും ഞങ്ങളുടെ കണ്ണുകൾ കണ്ണുനീരിൽ നിന്നും വിരമിക്കു ന്നില്ല. ഈ കാലം വ്യസനം നിറഞ്ഞതാകുന്നു. ഞങ്ങ ളുടെ ഹൃദയം പാപങ്ങളിൽ മുഴുകിയിരിക്കുന്നു. സഹോ ദരങ്ങളേ, വരുവീൻ. നമ്മുടെ കണ്ണുകളും ഹൃദയവും ദൈവത്തിലേക്ക് ഉയർത്തി കർത്താവേ, നിനക്കു സ്തുതി എന്ന് വിശ്വാസത്തോടെ നമുക്ക് അട്ടഹസി ക്കാം. കർത്താവേ, ഞങ്ങളോടു കരുണ ചെയ്യേണമേ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്നെ വിളിക്കുന്നവരായ ഞങ്ങളോടു നീ ഉത്തരമരുളണമെ. എന്തെന്നാൽ ഞങ്ങളെ സഹായിപ്പാൻ കഴിയുന്ന പിതാവ് ഞങ്ങൾക്കു വേറെയില്ലേ. തിരുവുള്ളത്താൽ

ഇല്ലായ്മയിൽ നിന്നു ഞങ്ങളെ നീ സൃഷ്ടിച്ചിരിക്കുന്നു. നിന്റെ കോപം ഞങ്ങളെ നശിപ്പിക്കരുതേ. നിന്റെ കല്പനകൾ ഞങ്ങളെ പഠിപ്പിക്കയും ഞങ്ങൾ അവയെ ആചരിക്കയും ചെയ്യുമാറാകണമേ. പുണ്യപ്രവൃത്തികളാൽ നിന്നെ ഞങ്ങൾ പ്രസാദിപ്പിക്കുമാറാക്കണമേ. നിന്റെ ദയയാൽ ഞങ്ങളോടു കരുണ ചെയ്യണമെ.

(അല്ലെങ്കിൽ ഗീതം)

### കോലൊ (കുക്കായ)

സ്വർഗ്ഗപിതാവേ കേൾക്കണമേ-കൂപ്പിടുന്നെങ്ങൾ
തുണചെയ്‌വാൻ മറ്റൊരുജനകൻ ഇല്ലേ നീയെന്യേ
ഇല്ലായ്മയിൽ നിന്നുരുവാക്കി ഞങ്ങളെ
ഇങ്ങനെയിരിക്കെ-കോപിച്ചീടരുതെ
തിരുകല്പനയാചരിപ്പാനും സൽക്രി-യമൂ-ലം
തിരുവിഷ്ടം നിറവേറ്റാനും-പഠിപ്പിക്ക ഞ-ങ്ങളെ
ഹാലേലുയ്യ-ദയയാൽ കനിയണമേ. ബാറെക്മോർ
*ശുബഹോ ലാബോ ലബ്റോ വൽറൂഹോ കാദീശൊ ഹാലേ.....*

രക്ഷകനെ നിൻ വാഗ്ദാനം-കാത്തിരിപ്പോർക്കാ-യ്
നിശ്ചയമായ് നല്കുന്നോൻ നീ-വിശ്വസിക്കുന്നടിയാർ
ഇക്ഷിതി ഞങ്ങൾ - നിറവാനാത്മാവെ
പക്ഷമൊടയച്ചും- വിശുദ്ധിയിൽ വളർന്നുംനിൻ
ജാതികൾക്കെല്ലാം സാക്ഷികളായ് - ചമച്ചടിയാരെ- നീ
രക്ഷയിലന്ത്യം വരെ ഞങ്ങൾ- നടപ്പാൻ കൃപചെയ്ക
ഹാലേലുയ്യാ- മോക്ഷെ വസിപ്പാനും.
*മെൻഓലം വാദാമ്മൊൽ ഓലം ഒൽമ്മീനാമ്മീൻ ഹാലേ....*

കനിയുക ഞങ്ങളിലെന്നും നീ പരിശുദ്ധാത്മാ-വേ
പാപത്താൽ മൃതരായവരെ- രക്ഷിക്ക വേ- ഗം
ശാപമേറ്റവരെ- ന്നലറിക്കരവാനും
കോപമക്കളെന്ന- ങ്ങുണർന്നു തിരിയുവാനും
ജീവജലംകൊണ്ടവരെ നീ മുറ്റും കഴുകേണ-മേ
ജീവവഴിയിൽ നീ നടത്തി- യേശുവിൻ സാക്ഷികളായ്
ഹാലേലുയ്യാ- ശോഭിപ്പിക്കണമേ.
മൊറിയൊ റാഹേമ്മേലൈനൂ ആദാറൈൻ

ഞങ്ങളുടെ ദൈവമായ കർത്താവേ, നിന്റെ ഏക ജാതന്റെ പീഡാനുഭവങ്ങളുടെ സമയങ്ങൾ ഞങ്ങൾക്ക് അപേക്ഷകളുടെയും, ആശ്വാസത്തിന്റെയും സമയങ്ങ ളാക്കി തീർത്തിരിക്കുന്നതിനാൽ ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കുന്നു. ഞങ്ങൾക്കുവേണ്ടി തന്നത്താൻ നല്കു കയും, ഞങ്ങളെ രക്ഷിപ്പാനായി സ്കീപ്പായും മരണവും സഹിക്കയും ചെയ്ത ഉത്തമനായുള്ളോവേ, നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുവാനായി കടങ്ങ ളുടെ ബഹുത്വത്തിൽ നിന്ന് നിന്റെ അടിയാരുടെ ആത്മാ ക്കളെ രക്ഷിക്കേണമേ. ആമ്മീൻ.

**കോലൊ**

ധനവാന്മാരേ, നിർദ്ധനന്മാരേ, അബ്രഹാം ബലിപീ ഠത്തിലേക്കു പോയതുപോലെ, (പ്രഭാതത്തിൽ) നമുക്കു ഒരുമിച്ച് പ്രാർത്ഥനയ്ക്കു പോകാം. വരുവാനിരിക്കുന്ന ആ സുപ്രഭാതത്തിൽ മ്ശിഹായെ നമുക്കുകാണാം. ഉത്ത മരായ നല്ല വേലക്കാരേ, നിങ്ങൾ സമാധാനപൂർവ്വം വന്ന് രാജ്യവും നിത്യജീവനും അനുഭവിച്ചുകൊൾവീൻ എന്ന് അവൻ നമ്മോട് പറയുകയും ചെയ്യും.

തന്നിൽ വിശ്വസിച്ച ജാതികളായ നമുക്ക് പിതാവിൽ നിന്ന് നാഥനും, ദാവീദ്പുത്രിയിൽ നിന്ന് രക്ഷകനും, ബേത്ലഹേമിൽ നിന്ന് ജീവന്റെ അപ്പവും ഉദയം ചെയ്തി രിക്കുന്നു. തന്റെ പുത്രനെ അയച്ചു തന്ന പിതാവ്, ആരാ ധ്യനാകുന്നു. തന്നെ പ്രസവിച്ച മറിയാം അനുഗ്രഹീത യാകുന്നു. തന്നെ സ്വീകരിച്ച സഭ സൗഭാഗ്യവതിയാകു ന്നു. ഇതാ തിരുസഭ സ്തുതി പാടുന്നു.

പിതാവേ, ഞങ്ങളുടെ ബോധങ്ങളെ വിശുദ്ധീകരിക്കേ ണമെ. പുത്രാ, ഞങ്ങളുടെ ആത്മാക്കളെ പരിശുദ്ധമാ ക്കേണമേ. വിശുദ്ധാത്മാവേ, ഞങ്ങളുടെ ശരീരങ്ങളെ മലിനതകളിൽ നിന്നും വിശുദ്ധീകരിക്കേണമേ. ഞങ്ങൾ നിന്നിലും നീ ഞങ്ങളിലും ആ അന്ത്യദിവസത്തിൽ ആന ന്ദിപ്പാൻ കൃപനല്കേണമേ. കർത്താവേ, ആത്മാവിൽ

നിന്നും ശരീരത്തിൽ നിന്നും ബോധത്തിൽ നിന്നും നിനക്കു സ്തുതി.

കർത്താവേ, അരിഷ്ടരായ ഞങ്ങളെക്കുറിച്ച് കരുതലില്ലാതിരിക്കരുതേ. ഞങ്ങൾ പിശാചിന്റെ ദാസരായി തീർന്നുപോകാതെ അനുതാപികളുടെ സഖാക്കളായിരിക്കുമാറാകേണമേ. നിന്റെ രാജ്യത്തിന് ഞങ്ങളെ അർഹരാക്കേണമേ. ഒരിക്കലും മരണമില്ലാത്ത ജീവനുള്ളവനേ, ഞങ്ങളുടെ ജീവനെ പാതാളത്തിൽ നശിപ്പിക്കരുതേ. പിന്നെയോ നിനക്കു സ്തുതി പാടുവാൻ നിന്റെ കൃപയാൽ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ.

ഞങ്ങളുടെ കർത്താവേ, ന്യായവിധി ദിവസത്തിൽ നീ ഞങ്ങളെ ശിക്ഷിക്കരുതേ. എന്തെന്നാൽ കുറ്റമറ്റവനായി നീ അല്ലാതെ മറ്റാരുമില്ലല്ലോ. കർത്താവേ, നിന്റെ കരുണയാൽ ഞങ്ങൾക്കു പാപപരിഹാരം തന്ന് ഞങ്ങളെ സഹായിക്കണമേ. കെടാത്ത അഗ്നിയിൽ ദഹിച്ചുപോകത്തക്കവണ്ണം എന്നേക്കുമായി ഞങ്ങളെ ഉപേക്ഷിച്ചുകളയരുതേ. പിന്നയോ ദുഷ്ടനിൽ നിന്നും അവന്റെ സർവ പരീക്ഷകളിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ.

ദൈവദൂതന്മാർ ധൃതിയോടെ, ദുഷ്ടനിൽ നിന്നു ശിഷ്ടരെ വേർതിരിക്കുമ്പോൾ, കർത്താവേ, നിന്റെ ക്രൂശിനെ ഏറ്റുപറഞ്ഞിട്ടുള്ളവരായ ഞങ്ങളെ ഉപേക്ഷിക്കരുതേ. നിന്റെ തിരുനാമം തള്ളിപറഞ്ഞിട്ടുള്ളവരോട് ഒരുമിച്ച് ഇടത്തുഭാഗത്ത് ഞങ്ങളെ നിർത്തരുതേ. നിന്നെ പ്രസാദിപ്പിച്ച എല്ലാവരോടുമൊരുമിച്ച് നിന്റെ വലത്തുഭാഗത്തു ഞങ്ങളെ നിർത്തേണമേ.

പാപികൾ നിന്റെ വാതില്ക്കൽ മുട്ടിവിളിച്ച് അകത്തേക്കു പ്രവേശിക്കുവാനായി നിന്റെ വാതിൽ അവർക്കു കാണിച്ചു കൊടുത്തിട്ടുണ്ടല്ലോ. യാചിക്കുന്ന ഏവനും ലഭിക്കും എന്ന് കാരുണ്യവാനേ നീ അരുളിച്ചെയ്തിട്ടുണ്ടല്ലോ. നീ പഠിപ്പിച്ചതുപോലെ, ഞങ്ങൾ യാചിക്കുന്നു.

നീ വാഗ്ദാനം ചെയ്തതനുസരിച്ച് ഞങ്ങൾക്ക് നൽകേണമേ. നിന്റെ കല്പനയനുസരിച്ച് ഞങ്ങളിതാ മുട്ടിവിളിക്കുന്നു. നീ അരുളിചെയ്തിട്ടുള്ളതുപോലെ ഞങ്ങൾക്കു തുറന്നുതരേണമേ.

കർത്താവേ, അതിവേദനയാകുന്ന കുഴിയിൽ നിന്നും നാശമാകുന്ന ചെളിയിൽ നിന്നും പുറത്തുള്ള അന്ധകാരത്തിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ. ന്യായതീർപ്പുണ്ടായി രക്തസാക്ഷികൾ അവരവർക്കുള്ള കിരീടം പ്രാപിക്കുമ്പോൾ അവരോടൊരുമിച്ച് ഞങ്ങളും നിന്റെ മണിയറയിലേക്ക് പ്രവേശിച്ച് നിനക്കു സ്തുതി പാടുമാറാകേണമേ.

പാപികൾ അനുതാപികളായി തീരേണ്ടതിന് അവരെ ഉദ്ദേശിച്ചല്ലാതെ നീതിമാന്മാരെ ഉദ്ദേശിച്ചല്ല ഞാൻ വന്നിരിക്കുന്നതെന്ന് നമ്മുടെ കർത്താവ് അരുളിചെയ്തു. കർത്താവിന്റെ വാതിൽ സദാ തുറന്നു കിടക്കുന്നു. പാപികളെ നിങ്ങൾ അനുതപിച്ച് ജീവിക്കുവിൻ എന്ന് ദൈവം അരുളിച്ചെയ്തിരിക്കുന്നു.

കർത്താവേ, നിന്റെ കൃപ ഞങ്ങളെ വിട്ടുമാറരുതേ. കർത്താവേ, ഞങ്ങളുടെ വർഗ്ഗത്തോടുള്ള നിന്റെ കരുണയും സ്നേഹവും ഓർക്കേണമേ. നിന്റെ ദയയാൽ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമേ. നിന്റെ കൃപയാൽ ഞങ്ങളുടെ പാപങ്ങൾ പരിഹരിക്കേണമേ. നിനക്കും നിന്റെ പിതാവിനും വിശുദ്ധാത്മാവിനും ഞങ്ങൾ സ്തുതി പാടും.

കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങൾക്കു സഹായം ചെയ്യേണമേ.

മ്ശിഹാ രാജാവ് ഭയങ്കര സിംഹാസനത്തിൽ എഴുന്നള്ളിയിരിക്കുമ്പോൾ സകലവംശങ്ങളും തന്റെ മുൻപാകെ ഉൾപ്രവേശിക്കുന്നു. സകല രഹസ്യങ്ങളും വെളിവാക്കുകയും ചെയ്യുന്നു. ആ നാഴികയിൽ പാപിക്ക് അവന്റെ ഹൃദയത്തിൽ എത്ര ദുഃഖമാകുന്നു. ന്യായവി

ധിയും, ന്യായാധിപനും, ആ നാഴികയും ഭയങ്കരം തന്നെ. കർത്താവേ, നിന്റെ കൃപയാൽ താങ്ങപ്പെടുന്നവൻ ഭാഗ്യവാനാകുന്നു. നിന്റെ മനോഗുണത്താൽ ഞങ്ങളോടു ഉത്തരമരുളിച്ചെയ്യേണമേ.

കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങൾക്കു സഹായം ചെയ്യേണമേ.

## കുക്കിലിയോൻ

ലംഘനമുക്തി ലഭിച്ചവനും ഹാലേ....
പാപവിമുക്തനുമതി ധന്യൻ
പകലെല്ലാം ഞാൻ പ്രലപിച്ചു ഹാലേ....
അസ്ഥി തളർന്നതിമൗ-നം പൂണ്ടേൻ. ബാറെക്മോർ

*പ.* *ശുബഹോ ലാബോ ലബ്റോ വൽറൂഹോ കാദീശൊ.*
*മെൻഓലം വാദാമ്മൊൽ ഓലം ഒൽമ്മീൻ ആമ്മീൻ.*

## എക്ബൊ

തിരുസന്നിധിയിൽ നിന്ന് ഞങ്ങൾ എവിടെ പോകേണ്ടു? ഞങ്ങളുടെ കടങ്ങൾ ഏറിയവയും പാപങ്ങൾ വലിയവയും ആകയാൽ ഞങ്ങൾക്ക് മറഞ്ഞിരിക്കുന്നതിന് ഉള്ള സ്ഥലം ഏതാകുന്നു.കർത്താവേ, നിന്റെ തിരുവചനത്താൽ ഞങ്ങളുടെ കടങ്ങൾ പരിഹരിക്കപ്പെടുകയും പാപങ്ങൾ ക്ഷമിക്കപ്പെടുകയും ചെയ്‌വാനായി നീ കല്പിക്കേണമേ. സ്തൗമെൻകാലോസ്-കുറിയേലായിസ്സോൻ.

(അല്ലെങ്കിൽ ഗീതം)

എൻ കടപാപങ്ങൾ-തിരുമുമ്പാകെ ഞാൻ
ചൊന്നർത്ഥിക്കുന്നേൻ-കനിയണമേ നാഥാ
സ്തൗമെൻകാലോസ് - കുറിയേലായിസ്സോൻ

## മാർ യാക്കോബിന്റെ ബോവൂസൊ

1. ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി നീ എഴുന്നെള്ളി ഞങ്ങളുടെ അപേക്ഷയെ കേട്ടു ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യേണമെ.

2. പാതിരാത്രിയിൽ ദാവീദ് ദൈവത്തിന്റെ അത്ഭുതങ്ങളെ

ക്കുറിച്ച് സ്തുതി പാടുവാനായി ഉണർന്നെഴുന്നേറ്റു. വിവേകിയായുള്ളോവേ! നീയും രാത്രിയിൽ ഉണർന്നു ദാവീദിന്റെ സങ്കീർത്തനങ്ങളാൽ ആത്മീകപ്രകാരം ഹാലേലുയ്യാ പാടുക.

3. കർത്താവേ, നിന്നെ സ്നേഹിക്കുന്നവർക്ക് നീ പ്രകാശമാകയാൽ നിന്നാൽ ഞാൻ പ്രകാശിക്കുമാറാകണമെ. പ്രകാശമായുള്ളോവെ! നിന്റെ കരുണയെ കാണുവാൻ എന്റെ കണ്ണുകളെ നീ പ്രകാശിപ്പിക്കണമേ, ലോകമാകുന്ന യാത്ര ക്ഷണികവും വിരുദ്ധതകൾ നിറഞ്ഞിരിക്കുന്നതുമാകുന്നു. നീ പ്രകാശമാകയാൽ നിന്നിൽ നടക്കുന്നവൻ ഇടറിപ്പോകുന്നുമില്ല.

4. ദൈവമേ, എന്നോടുത്തരമരുളേണമെ. ദൈവമേ എന്നോടുത്തരമരുളി കരുണചെയ്യണമെ. മനുഷ്യരുടെ ഹൃദയത്തെ അനുതാപത്തിലേക്കു തിരിക്കയും ചെയ്യണമെ.

## ബോവുസൊ മറ്റൊന്ന്

ഈശാ നാഥാ വരിക തുണപ്പാൻ വിളികൂ-ട്ടുന്നു...
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം
ദേവാധീശാ വലിയൊരു ചുഴലി ഞങ്ങളെ മൂടി...
തൃക്കൈ നീട്ടി ഞങ്ങളെയതിൽ നി-ന്നേറ്റീടണമെ
കാണാതായൊരാടിനുവേണ്ടി വന്നൊരിടയാ...
ഏറ്റീടണമേ ഞങ്ങളെ ഇരുളിൻ പിടിയിൽ നിന്നും
സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനെ...
പ്രാർത്ഥന കേട്ടിട്ടാത്മക്കളിലൻപുണ്ടാ-കേ-ണം...

## സമർപ്പണ പ്രാർത്ഥന

(എല്ലാവരും ചേർന്ന്)

ദൈവമേ, നിന്റെ കൃപയെ ഞാൻ നിഷേധിക്കുന്നില്ല. എനിക്കു തന്നിട്ടുള്ള നിന്റെ നൽവരത്തെ ഞാൻ ഉപേക്ഷിക്കുന്നില്ല. എന്നോടുള്ള നിന്റെ കൃപ എന്റെ മേൽ ബലപ്പെട്ടിരിക്കുന്നു എന്നു ഞാൻ ഏറ്റു പറഞ്ഞു വിശ്വസിക്കുന്നു. ആ പാപിയായ സ്ത്രീയെപ്പോലെ എന്റെ പാപങ്ങളെ ഞാൻ ഏറ്റു പറയുന്നു. അവളുടേത് എന്നപോലെ എന്റെ പാപങ്ങളും പരിഹരിക്കേണമേ.

കനാന്യ സ്ത്രീയേപ്പോലെ എന്റെ കുറവുകളെ ഞാൻ സമ്മതിച്ചു പറയുന്നു. അവളെപ്പോലെ എന്നെ കൈക്കൊള്ളേണമേ. എന്റെ അയുസ്സിന്റെ ഈ നാൾ വരെയും വിചാരത്തിലും വചനത്തിലും പ്രവർത്തിയിലും നിന്നെ ഞാൻ കോപിപ്പിച്ചു എന്നു ഞാൻ സമ്മതിക്കുന്നു. കർത്താവേ, ഇപ്പോൾ നിന്റെ അടുക്കലേക്ക് ഞാൻ തിരിഞ്ഞിരിക്കയാൽ നിന്റെ തിരുസഭയിലെ അനുതാപികളിൽ ഒരുത്തനെപ്പോലെയും, നിന്റെ ആട്ടിൻകൂട്ടത്തിലെ ആടുകളിൽ ഒന്നിനെപ്പോലെയും നിന്റെ കൃപയാൽ കരുണ ചെയ്ത് നിന്റെ അനുഗ്രഹത്താൽ നീതികരിച്ചിട്ടുള്ള തിരുസഭയിലെ അനുതാപികളിൽ ഒരുവനെപ്പോലെയും, എന്നെ ആക്കേണമേ. കർത്താവേ, എന്റെ പാപങ്ങളെ മായിച്ച്, എന്റെ മാലിന്യങ്ങളെ കഴുകി, കുറ്റങ്ങളിൽ നിന്ന് എന്നെ രക്ഷിക്കേണമേ. നിന്റെ കരുണയുടെ സോപ്പായാൽ നിന്റെ കൃപയുടെ ജലം എന്റെമേൽ തളിച്ച്, എന്നെ വെടിപ്പാക്കേണമേ. ഇടവിടാതെ നിനക്കു സ്തോത്രം ചെയ്യുന്ന നിർമ്മലമായൊരു ഹൃദയം പുതുതായി എന്നിൽ സൃഷ്ടിക്കേണമേ. രാവും പകലും എല്ലാ സമയത്തും നീതിമാന്മാരോടുകൂടെ നിന്നെ വാഴ്ത്തി സ്തുതിപ്പാൻ എന്നെ യോഗ്യനാക്കുകയും ചെയ്യേണമേ. ആമ്മീൻ.

പാഠങ്ങൾ - വി. ഏവൻഗേലിയോൻ - കീർത്തനം- ധ്യാനം

വിശ്വാസപ്രമാണം -ലുത്തിനിയ - അപേക്ഷ (പുറം 7-10)

ശയനനമസ്കാരം..................(പുറം-14)

കൌമ്മാ....................................(പുറം-1)

ഹുത്താമ്മ.................................(പുറം-10)

ആശീർവാദം.............................(പുറം-11)

## നമസ്കാരം — ചൊവ്വാഴ്ച

സർവ്വശക്തനും നിത്യനുമായ ഞങ്ങളുടെ സ്വർഗ്ഗസ്ഥപിതാവേ, ആത്മാവിലും വെള്ളത്തിലും ഞങ്ങൾ വീണ്ടും ജനിക്കണമെന്ന് നിന്റെ അളവറ്റ നന്മയിൽ നിന്റെ ദാസരായ ഞങ്ങളെക്കുറിച്ച് ഉദ്ദേശിച്ചുവല്ലോ. ആ ദിവസം ഞങ്ങൾക്കുവേണ്ടി ചെയ്തിട്ടുള്ള പ്രതിജ്ഞകൾക്കു വിപരീതമായി ചെയ്തിട്ടുള്ള സകലത്തേയും ഞങ്ങളോടു ക്ഷമിക്കേണമേ. പരിശുദ്ധ റൂഹായെ ഞങ്ങൾക്കു തന്ന്, ലോകം, ജഡം, പിശാച് എന്നിവയ്ക്ക് ദിവസേന ഞങ്ങൾ മരിക്കയും നീതിയ്ക്കായി ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത് ജീവന്റെ പുതുക്കത്തിൽ നടന്ന് സൽപ്രവർത്തികളിൻ ഫലം പുറപ്പെടുവിക്കുകയും, നിന്റെ ധാരാളമായ അനുഗ്രഹങ്ങൾക്ക് നിന്റെ ഏകജാതനായ പുത്രൻ മുഖാന്തരം ഞങ്ങൾ യോഗ്യരാക്കപ്പെടുകയും ചെയ്യുമാറാകേണമേ -ആമ്മീൻ.

### 38-ാം മസ്മൂർ

1. യഹോവേ, അങ്ങയുടെ കോപത്തിൽ എന്നെ ശാസിക്കരുതേ; അങ്ങയുടെ കോപത്തിൽ എന്നെ ശിക്ഷിക്കുകയുമരുതേ.
2. അവിടുത്തെ ശരങ്ങൾ എന്നെ തുളച്ചിരിക്കുന്നു; അങ്ങയുടെ ഹസ്തം എന്റെമേൽ പതിച്ചിരിക്കുന്നു.
3. അവിടുത്തെ ക്രോധം നിമിത്തം എന്റെ ശരീരത്തിൽ ആരോഗ്യമില്ലാതായി; പാപം നിമിത്തം എന്റെ അസ്ഥികളുടെ ബലം നശിച്ചിരിക്കുന്നു.
4. താങ്ങാനാവാത്ത ഒരു ചുമടുപോലെ എന്റെ കുറ്റം എനിക്ക് ദുർവഹമായിത്തീർന്നിരിക്കുന്നു.
5. എന്റെ പാപകരമായ ഭോഷത്തം കാരണം എന്റെ വ്രണങ്ങൾ ചീഞ്ഞു നാറ്റം വെച്ചിരിക്കുന്നു.
6. ഞാൻ കുനിഞ്ഞു നിലം പറ്റിയിരിക്കുന്നു; ദിവസം മുഴു

വൻ ഞാൻ കരഞ്ഞുകൊണ്ട് സമയം കഴിക്കുന്നു.

7. എന്റെ അരയ്ക്കു നീർക്കെട്ടു ബാധിച്ചിരിക്കുന്നു; എന്റെ ശരീരത്തിന് ഒരു സൗഖ്യവുമില്ലാതായി.

8. ഞാൻ ബലം ക്ഷയിച്ചു തകർന്നിരിക്കുന്നു. ഹൃദയവ്യഥകൊണ്ടു ഞാൻ ഞരങ്ങുന്നു.

9. യഹോവേ, എന്റെ ആഗ്രഹങ്ങളെല്ലാം അവിടുത്തെ മുമ്പിൽ മലർക്കെ തുറന്നിരിക്കുന്നു; എന്റെ നെടുവീർപ്പ് അങ്ങേയ്ക്ക് മറഞ്ഞിരിക്കുന്നില്ല.

10. എന്റെ ഹൃദയം മിടിക്കുന്നു; എന്റെ ശക്തി നശിച്ചിരിക്കുന്നു; എന്റെ കണ്ണിന്റെ കഴ്ചയും നഷ്ടപ്പെട്ടിരിക്കുന്നു.

11. എന്റെ മുറിവുകൾ നിമിത്തം സ്നേഹിതന്മാരും ചങ്ങാതികളും എന്നെ കൈവിട്ടിരിക്കുന്നു; എന്റെ അയൽക്കാർ എന്നോടകന്നു നിൽക്കുന്നു.

12. എനിക്കു ജീവഹാനി വരുത്തുവാൻ ആഗ്രഹിക്കുന്നവർ എനിക്കെതിരെ കെണിവെയ്ക്കുന്നു. എന്റെ അനർത്ഥം ആഗ്രഹിക്കുന്നവർ എന്റെ വിനാശത്തെപ്പറ്റി സംസാരിക്കുന്നു; ദിവസം മുഴുവൻ അവർ വഞ്ചന നിരൂപിക്കുന്നു.

13. ഞാൻ ചെകിടനെപ്പോലെ ഒന്നും കേൾക്കാതെയും ഊമനെപ്പോലെ വായ് തുറക്കാതെയും ഇരിക്കുന്നു.

14. കേൾവി നഷ്ടപ്പെട്ട ഒരുവനേപ്പോലെയും മറുപടിപറയാൻ കഴിവില്ലാത്തവനെപ്പോലെയും ഞാൻ തീർന്നിരിക്കുന്നു.

15. യഹോവേ, ഞാൻ അങ്ങേയ്ക്കായി കാത്തിരിക്കുന്നു; കർത്താവായ ദൈവമേ, അങ്ങ് മറുപടി നൽകുമല്ലോ.

16. എന്റെ കാൽ വഴുതുമ്പോൾ അവർ എന്നെപറ്റി സന്തോഷിക്കുവാനും തന്നെത്താൻ ഉയർത്തുവാനും ഇടയാകരുതേ, എന്നു ഞാൻ പറഞ്ഞു.

17. ഞാൻ വീഴാറായിരിക്കുന്നു; വേദന എന്നെ വിട്ടു മാറുന്നതുമില്ല.

18. എന്റെ അനീതി ഞാൻ ഏറ്റു പറയുന്നു; എന്റെ പാപത്തെപ്പറ്റി ഞാൻ വ്യാകുലപ്പെടുന്നു.

19. എനിക്ക് ഉഗ്രശത്രുക്കളായിരിക്കുന്നവർ ഒട്ടനേകം; കാരണംകൂടാതെ എന്നെ വേദനിപ്പിക്കുന്നവർ അസംഖ്യ മത്രെ.

20. അവർ എനിക്കു നന്മയ്ക്കു പകരം തിന്മ ചെയ്യുന്നു; ഞാൻ നന്മയെ പിന്തുടരുക നിമിത്തം അവർ എനിക്ക് വിരോധികളായിരിക്കുന്നു.

21. യഹോവേ, എന്നെ കൈവിടരുതേ; എന്റെ ദൈവമേ, എന്നിൽ നിന്നകന്നിരിക്കരുതേ.

22. എന്റെ രക്ഷകനായ കർത്താവേ, എന്നെ സഹായിപ്പാൻ വേഗം വരേണമേ. ദൈവമേ സ്തുതി നിനക്കു യോഗ്യ മായിരിക്കുന്നു. ബാറെക്മോർ.

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ - ആമ്മീൻ.

## എനിയോനൊ

പ. ലോകത്തിന്റെ പ്രകാശമേ, ദൈവത്തിന്റെ പുത്രാ, തിരുസന്നിധിയിലേക്ക് ഞങ്ങൾ വരുന്നു.

ജ. ഞങ്ങളോടു കരുണ ചെയ്യേണമേ.

പ. പിതൃകിരണമായ മ്ശിഹാ തമ്പുരാനെ, തിരുസന്നിധിയിലേക്ക് ഞങ്ങൾ വരുന്നു.

ജ. ഞങ്ങളോടു കരുണ ചെയ്യേണമേ.

പ. ഭയങ്കരനും സ്തുത്യനും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനുമേ, തിരുസന്നിധിയിലേക്ക് ഞങ്ങൾ വരുന്നു.

ജ. ഞങ്ങളോടു കരുണ ചെയ്യേണമേ.

പ. ഞങ്ങൾ പാപം ചെയ്തു കുറ്റക്കാരായി കല്പന ലംഘിക്കയാൽ കർത്താവേ, തിരുസന്നിധിയിൽ ഞങ്ങൾ വന്നിരിക്കുന്നു.

ജ. ഞങ്ങളോടു കരുണ ചെയ്യേണമേ.

പ. പാപികളോടു ദയ ചെയ്യുന്നവനും അനുതാപികളോടു

പ്രസാദമുള്ളവനും ആയ കർത്താവേ, തിരുസന്നിധിയിൽ ഞങ്ങൾ വന്നിരിക്കുന്നു.

ജ. ഞങ്ങളോടു കരുണ ചെയ്യേണമേ.

പ. സ്വർഗ്ഗീയരുടെ നാഥനും മൺമയരുടെ ശരണവുമേ, തിരുസന്നിധിയിൽ ഞങ്ങൾ വന്നിരിക്കുന്നു.

ജ. ഞങ്ങളോടു കരുണ ചെയ്യേണമേ.

പ. ത്രിത്വമായി ആരാധിക്കപ്പെടുന്ന ഏകനേ, തിരുസന്നിധിയിലേക്ക് ഞങ്ങൾ വരുന്നു.

ജ. ഞങ്ങളോടു കരുണ ചെയ്യേണമേ.
സ്തൗമെൻകാലോസ് ... കുറിയേലായിസ്സോൻ

## പ്രോമ്യോൻ

അസ്തമിക്കാത്ത പ്രകാശത്തിന്റെ പ്രഭാതവും കെട്ടുപോകാത്ത ശോഭയുള്ള സൂര്യനും അന്ധകാരപ്പെടാത്ത കിരണമുള്ള പകലും അനാദ്യന്ത പിതാവിൽ നിന്നു ഉദയം ചെയ്ത അദൃശ്യനുമായ മ്ശിഹാതമ്പുരാന്, പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ....ആമ്മീൻ.

## സെദറാ

പ്രശോഭിതനും പുകഴ്ത്തപ്പെട്ടവനുമായ ദൈവമേ, പ്രകാശം നിന്നാൽ സൃഷ്ടിക്കപ്പെട്ടു. അന്ധകാരത്തിനു അറുതി വരികയും ചെയ്തു. ഞങ്ങൾക്കു ആനന്ദിക്കുവാനും നീ ആകാശത്തെ സൃഷ്ടിച്ചതിലുള്ള ആ മഹാജ്ഞാനത്തെ ഞങ്ങൾക്ക് അറിയുവാനും പ്രഭാതത്തെ നീ ഞങ്ങൾക്കു തന്നിരിക്കുന്നു. നീ ഭൂമിയെ വെള്ളത്തിന്മേൽ സ്ഥാപിച്ചു സൂര്യനേയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നീ ഉത്ഭവിപ്പിച്ചു. വിവിധതര സസ്യാദികളാൽ ഭൂമിയെ നീ അലങ്കരിച്ചു. ഇവ നിമിത്തമായി

നീതിയിൻ സൂര്യനായുള്ളോവേ, നിനക്കു സ്തോത്രം ചെയ്യുന്നു. നിന്റെ സ്നേഹത്താലും നിന്റെ ശ്രേഷ്ഠമായ ഉദയത്താലും ഞങ്ങളുടെ എല്ലാ പ്രവർത്തികളിലും കാണപ്പെടുകയും നിത്യജീവനിലേക്കും ആനന്ദത്തിലേക്കും ഞങ്ങളെ നടത്തുകയും ചെയ്യുമാറാകേണമേ. അവിടെ ഞങ്ങൾ നിനക്കും കാരുണ്യവാനായ നിന്റെ പിതാവിനും സകലത്തേയും പ്രശോഭിപ്പിക്കുന്ന നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതി പാടുകയും ചെയ്യുമാറാകേണമേ. ഹോശോ....ആമ്മീൻ.

## കോലൊ

കർത്താവേ, പ്രഭാതത്തിൽ ഞങ്ങളുടെ ശബ്ദം കേൾക്കേണമേ. പരിമളധൂപം അർപ്പിക്കുന്ന പ്രഭാതത്തിൽ മാലാഖമാർ സ്വർഗ്ഗത്തിൽ നിന്നു കൊണ്ട് സ്തുതി പാടുന്നു. പട്ടക്കാർ പ്രശോഭിതരായി നിന്നു കൊണ്ട് പാപ പരിഹാര പ്രാർത്ഥന ദൈവത്തിനർപ്പിക്കുന്നു. കർത്താവേ, അവരോട് ഉത്തരമരുളി അവരുടെ യാചനകൾ സാധിച്ചുകൊടുക്കേണമേ.

കിണറിന്റെ അടുക്കൽ ഇരുന്നുകൊണ്ട് വെള്ളം ചോദിച്ചു ശമര്യാക്കാരിയെ ദൈവത്തിലേക്ക് ആകർഷിച്ച മ്ശിഹായ്ക്ക് സ്തുതി. താൻ അവളോട് വെള്ളം ചോദിച്ചു. അവൾ തനിയ്ക്ക് കൊടുത്തില്ല, എന്നാൽ താനോ ജീവ ഔഷധത്തിന്റെ ഉറവ തുറന്നു കൊടുത്ത് അവളെ പാനം ചെയ്യിച്ചു. തിരുവിലാവിൽ നിന്നുള്ള രക്തത്താൽ സഭയേയും അതിന്റെ സന്താനങ്ങളേയും രക്ഷിച്ചു.

ദയാലുവായ നാഥാ, തിരുസഭയോടു കരുണ ചെയ്യേണമേ എന്ന് നിന്നോട് അപേക്ഷിക്കുന്നു. കർത്താവേ, ഞങ്ങൾ നിന്നെ വിളിയ്ക്കുന്നു. നീ കല്പിച്ചിരിക്കുന്നതുപോലെ ഞങ്ങളോട് ഉത്തരമരുളിച്ചെയ്യേണമേ. ചെവി ചായിച്ച് ഞങ്ങളുടെ പ്രാർത്ഥനാ ശബ്ദം കേൾക്കേണമേ. കരുണയും ദയയും ഞങ്ങൾക്ക് നല്കേണമേ.

ഞങ്ങൾ മനസ്സോടുതന്നെ കുറ്റം ചെയ്തുപോയി എന്ന് തിരുമുൻപാകെ ഏറ്റുപറഞ്ഞുകൊള്ളുന്നു. ഞങ്ങളുടെ തെറ്റുമൂലം കടങ്ങളും പാപങ്ങളും ഉണ്ടായി. ഞങ്ങളുടെ രക്ഷകാ, ഞങ്ങളുടെ ബലഹീനതയെ കാണേണമേ. നിന്റെ ദയയാൽ ഞങ്ങളോടു കരുണ ചെയ്യേണമേ. രണ്ടാമത്തെ വരവിങ്കൽ നീ മൂലം ജീവിപ്പാൻ കൃപ നല്കേണമേ. നിന്റെ നീതിക്കനുസരണമായി ഞങ്ങളെ വിധിക്കരുതേ.

ഞങ്ങളെ രക്ഷിപ്പാൻ വന്ന മഹാവൈദ്യനായ കർത്താവേ, നിന്റെ കൃപയിൻ കരുണയാൽ ഞങ്ങളുടെ വ്യാധികളെ സുഖപ്പെടുത്തേണമേ. സകലത്തേയും നിയന്ത്രിക്കുന്നവനേ, നിന്റെ ദയയിൽ ഞങ്ങൾ അഭയം പ്രാപിച്ചു. നിന്റെ കരുണാതിരേകത്താൽ നിന്റെ മഞ്ഞ് ഞങ്ങളുടെ മേൽ തളിക്കേണമേ. എന്തെന്നാൽ ഞങ്ങളിതാ പാപങ്ങളുടെ ബഹുത്വത്തിൽ മുഴുകിയിരിക്കുന്നു.

കർത്താവേ, തിരുവിഷ്ടത്തോട് ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല. നീ അനുതാപികളെ കൈക്കൊള്ളുന്നവനാക കൊണ്ട് തിരുവിഷ്ടത്തിൽ ഞങ്ങൾ ജീവിച്ച് നിന്നെ സ്തോത്രം ചെയ്വാനായി ഞങ്ങളെ ആകർഷിക്കേണമേ. നിന്റെ ആനുകൂല്യത്തിനായി ഞങ്ങളുടെ പ്രാർത്ഥനയെ കൃപയോടെ സ്വീകരിക്കേണമേ. ഞങ്ങൾക്ക് അനുതാപമില്ലെങ്കിലും തിരുകൃപയാൽ ഞങ്ങളെ ജീവിപ്പിക്കേണമേ.

ദയയാലുവും ഉത്തമനും കരുണാനിധിയുമായ കർത്താവേ, നിന്റെ കരുണയാകുന്ന വാതിൽ ഞങ്ങൾക്ക് തുറന്നു തരേണമേ. തൃക്കൈ ഞങ്ങൾക്ക് നീട്ടിത്തന്ന് നിന്റെ തൊഴുത്തിലേക്ക് ഞങ്ങളെ തിരിക്കേണമേ. പിശാച് ഞങ്ങളെ നശിപ്പിച്ച് നിന്നോടുള്ള സ്നേഹത്തിൽ നിന്ന് ഞങ്ങളെ വീഴ്ത്തുവാനായി ശ്രമിക്കുന്നു. കർത്താവേ, വിധിദിവസത്തിൽ പ്രയോജനകരങ്ങളായ ഫലങ്ങളെ ഞങ്ങൾ സംഭരിക്കുമാറാകേണമേ.

പ്രഭാതത്തിൽ ദാവീദ് നേരേ ദേവാലയത്തിലേക്ക് പ്രവേശിച്ച് അപേക്ഷിച്ചത് എന്തെന്നാൽ കർത്താവേ, എന്റെ വചനങ്ങളെ ശ്രവിച്ച് എന്റെ ധ്യാനത്തെ അറിയേണമേ.

ലോകരക്ഷകനേ, എന്റെ യാചനാ ശബ്ദം കേൾക്കേണമേ. ഞാൻ ചെയ്തുപോയ പാപങ്ങളുടെ മോചനത്തിന് എന്നെ യോഗ്യതയുള്ളവനാക്കേണമേ.

പാപി ഇനിയും പാപം ചെയ്തിരിക്കട്ടെ. പാപം ചെയ്യാത്തവൻ കരുതലോടെയുമിരിക്കട്ടെ. എന്തെന്നാൽ നീതി വാതിൽക്കൽ നിന്നുകൊണ്ട് കണക്കെടുക്കുന്നു. അതിന്റെ വലത്തു കൈയിൽ പേനയും പിടിച്ചു കൊണ്ട് മുഖപക്ഷമില്ലാതെ എല്ലാവരുടെയും പ്രവർത്തികളെ കുറിക്കുന്നു. രഹസ്യങ്ങൾ അറിയുന്നവനേ, ഞങ്ങളോടു കരുണ ചെയ്യേണമേ.

കർത്താവേ, ഞങ്ങൾ വന്ന് നിന്റെ വാതിലിൽ മുട്ടുന്നു. ഞങ്ങളുടെ എല്ലാവരുടെയും യാചനകൾ തിരുസന്നിധിയിൽ നിന്ന് ലഭിക്കുന്നു. എന്തെന്നാൽ യാചിക്കുന്നവന് ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. കരുണാ വാതിൽക്കൽ മുട്ടുന്നവന് തുറക്കപ്പെടുന്നു. പശ്ചാത്തപിക്കുന്ന പാപികൾക്കായി തന്റെ വാതിലിനെ തുറന്നിട്ടിരിക്കുന്ന കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു.

ഞങ്ങളുടെ കടങ്ങൾ ഏറ്റവും ശക്തിപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ ആയുസ്സോ ക്ഷയിച്ച് മങ്ങിയിരിക്കുന്നു. അപകടഘട്ടം അടുത്തിരിക്കുന്നു. ഞങ്ങൾക്കോ അയ്യോ! അനുതാപമില്ലല്ലോ. ദൈവ കരുണ ആ വിധി ദിവസം ഞങ്ങൾക്കു ലഭിക്കാതെ വന്നാൽ ഹാ കഷ്ടം. ഈ ലോകത്തിൽ വച്ച് അല്പമെങ്കിലും ആത്മധ്യാനം ചെയ്തവർ തന്നെ ഭാഗ്യവാന്മാർ. അവർ അക്ഷയ ലോകത്തിൽ രാജ്യം അവകാശമാക്കും.

കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങൾക്കു സഹായം ചെയ്യേണമേ.

**കോലൊ**

ഗുണവാ–നേ നിൻവാതിലിൽ–മുട്ടുന്നുയാചനയിൻ നാ–ദം
നിന്നാശ്രിതരിൽ നിന്നയ്യോ മുടക്കരുതേ–യാചന
കണ്ണീർതൂകി വിളിച്ചവളാം ദോഷക്കാരി–
പൊറുതി ലഭിച്ചല്ലോ നിങ്കൽനിന്നു
ഈശോ തന്നുടെ രക്തം കൊണ്ട്–
തുണച്ചീടണമേ തിരുസഭമേൽ

പിഴച്ചെ-ന്നു-ഗ്രഹിച്ചു-ഞങ്ങൾ
തെറ്റുകളുമസം-ഖ്യമല്ലോ
നരസുതനേ നീ ദയ ചെയ്ത്
മ്ലേഛതയിൽനിന്നും ഞങ്ങളെ-ശുദ്ധീ കരിക്ക-ഇന്ന്
ബാറെക്മോർ

പ. *ശുബഹോ ലാബോ ലബ്റോ വൽറൂഹോ കാദീശൊ.*
*മെൻഓലം വാദാമ്മൊൽ ഓലം ഒൽമ്മീൻ ആമ്മീൻ.*

## കോലൊ

പിതൃപുത്ര പരിശുദ്ധാത്മാവേ, രാവും പകലും നിന്നെ വിളിച്ച് അപേക്ഷിക്കുന്നു. ഞങ്ങളോട് കരുണ തോന്നേണമേ. നിന്റെ കരുണയുടെ ബഹുത്വത്താൽ ഞങ്ങളുടെ കടങ്ങളെയും പാപങ്ങളേയും പരിഹരിക്കേണമേ. കർത്താവേ, ഞങ്ങളുടെ ആത്മാവിനും ശരീരത്തിനും സുഖം തരേണമേ. പിശാചിൽനിന്നും അവന്റെ സേനയിൽ നിന്നും അവന്റെ സർവ്വ വലകളിൽ നിന്നും കണികളിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ. രാത്രിയിലും പകലും നിന്റെ കരുണയെ ഞങ്ങളിൽ നിന്നും വിരോധിക്കരുതേ.

കാഹളം ധ്വനിക്കുകയും കുഴൽ വിളിയ്ക്കും ദൈവപുത്രാ നീ പ്രകാശമേഘങ്ങളിൽ ഉദയം ചെയ്യുകയും നീതിയോടെ ന്യായാസനം ഒരുക്കുകയും ശ്രേഷ്ഠനായ നിന്റെ തിരുസന്നിധിയിൽ വച്ച് സർവ്വ രഹസ്യങ്ങളും പരസ്യമാകുകയും ചെയ്യുന്നതായ ആ പ്രഭാതത്തിങ്കൽ കർത്താവേ, നീന്നെ ഏറ്റുപറഞ്ഞവരായ ഞങ്ങളെ ഏറ്റുപറയണമേ. നിന്റെ ബഹുമാനത്തെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാവരോടും കൂടെ മണിയറയിലേക്ക് ഞങ്ങളും പ്രവേശിക്കുമാറാകേണമേ.

## കുക്കിലിയോൻ

നയവാൻ പനപോലെ തളിർത്തിടുമേ ഹാലേ...
വളരുമവൻ ലബനോന്യ കാരകിൽ പോൽ

വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ ഹാലേ...
വർദ്ധിക്കുമവർക്കു തുഷ്ടി-പുഷ്ടികളും ബാറെക്മോർ

ப. *ശുബഹോ ലാബോ ലബ്റോ വൽറൂഹോ കാദീശൊ.*
*മെൻഓലം വാദാമ്മൊൽ ഓലം ഒൽ-മ്മീൻ ആമ്മീൻ.*

## എക്ബൊ

കർത്താവേ, ആ ശോഭയേറിയ പ്രകാശത്തിൽ നിന്നുകൊണ്ട് മാലാഖമാർ നിന്റെ ദൈവത്വത്തെ ശുശ്രൂഷ ചെയ്യുന്നു. പ്രഭാതോദയത്തിൽ സർവ്വ സൃഷ്ടികളും വന്ന് നിന്റെ ബഹുമാനത്തിനായി ആരാധിക്കുന്നു. സ്തൗമെൻകാലോസ്... കുറിയേലായിസ്സോൻ

*(അല്ലെങ്കിൽ ഗീതം)*

ശുഭതേജസ്സിൽ മാലാഖമാർ
നിന്നെ ശുശ്രൂഷിപ്പൂ
പുലരിയുദിക്കെ സൃഷ്ടികളെല്ലാം
ആദ്യം നിന്നെ വന്ദിപ്പൂ
സ്തൗമെൻകാലോസ്... കുറിയേലായിസ്സോൻ

## കോലൊ

പാപിയേ, നിന്റെ വഴിയിൽ നിന്നു തിരിയുക. അതിൽ കൂടെ നീ പോകരുത്. എന്തെന്നാൽ നാശത്തിലേക്കുള്ള വഴി വീതിയേറിയതും വിസ്താരമുള്ളതുമാകുന്നു. സിംഹത്തെയും ചെന്നായേയും കൊല്ലുന്നവനായ ദാവീദിനെ നീ കാണുക. തന്റെ ഉള്ളറയിൽ കടന്ന് പാപത്തെ ഏറ്റുപറഞ്ഞ് കരയുന്നവനായ ദാവീദിനേയും നീ കാണുക. കർത്താവേ നിന്നോടുമാത്രം ഞാൻ പാപം ചെയ്തു. തിരുമുൻപാകെ തിന്മകൾ ഞാൻ ചെയ്തുപോയി. എന്നോടുകരുണ ചെയ്യേണമേ, എന്നു ദാവീദിനെപ്പോലെ നീയും പറഞ്ഞ് വിലപിക്കുക.

*പിതാവിനും.......*

*ആദിമുതൽ.......*

ദൈവപുത്രാ, തിരുസഭ നിന്നോടപേക്ഷിക്കുന്നു. നല്ല ഇടയാ, നിന്റെ മുൻപാകെ അതു സമർപ്പിക്കുന്ന ശുശ്രൂഷയും പ്രാർത്ഥനകളും സ്വീകരിച്ച് അതിന്റെ മക്കളോടു നിരക്കേണമേ. സർവ്വ ഉപദ്രവങ്ങളിൽ നിന്നും അതിനെ

രക്ഷിക്കേണമേ. എന്തെന്നാൽ അത് നിന്റെ ക്രൂശിനെ ആരാധിച്ചുകൊണ്ട് കർത്താവേ, നിനക്കു സ്തുതി എന്ന് എപ്പോഴും ആർത്തുപറയുന്നു.

കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച്, ഞങ്ങൾക്ക് സഹായം ചെയ്യേണമേ.

## മാർ അപ്രേമിന്റെ ബോവൂസൊ

1. തന്റെ നോമ്പാൽ ഞങ്ങളെ സ്വാതന്ത്ര്യമാക്കിയ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.
2. മനുഷ്യപുത്രനാകുകയും മോശയെപ്പോലെയും ഏലിയായെപ്പോലെയും നോമ്പു നോല്ക്കയും ചെയ്ത അത്യുന്നതനായവനെ നിന്നാൽ മാലാഖമാർക്ക് ഞങ്ങൾ സദൃശ്യപ്പെടുകയും നിന്റെ രുചികളാൽ ലോകരുചികളെ ഞങ്ങൾ നിരസിക്കയും ചെയ്യുമാറാകേണമേ.
3. ഞങ്ങൾക്കുവേണ്ടി ഉപവസിച്ചവനായ മ്ശിഹാ കർത്താവേ, നിനക്കും നിന്റെ പിതാവിനും സ്തുതി. ഈ ലോകത്തിലും വരുവാനിരിക്കുന്ന ലോകത്തിലും ഞങ്ങളോടു കരുണ ചെയ്യണമെ.
4. തന്റെ നോമ്പാൽ ഞങ്ങളെ സ്വാതന്ത്ര്യമാക്കിയ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങൾക്കുവേണ്ടി ഉപവസിച്ചവനായ മ്ശിഹാ ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊള്ളണമേ.

*(അല്ലെങ്കിൽ ഗീതം)*

തൻ നോമ്പാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഞങ്ങളെ നോമ്പാൽ രക്ഷിച്ച
മ്ശിഹാ കാരുണ്യം ചെയ്ക

മോശെയുമേല്യായും പോലെ
നോമ്പേറ്റോരത്യുന്നതനേ
ദൂതസമൻമാരായ് ഞങ്ങൾ
ലോകരസം നിരസിക്കണമേ

ഞങ്ങൾക്കായ് നോമ്പേറ്റോനേ
സ്തോത്രം തേ നിൻ താതന്നും
മ്ശിഹാ രണ്ടുലകങ്ങളിലും
ഞങ്ങൾമേൽ കൃപ ചെയ്യണമേ

തൻ നോമ്പാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ

## സമർപ്പണ പ്രാർത്ഥന

(എല്ലാവരും ചേർന്ന്)

ചുങ്കക്കാരെയും അധർമ്മത്തിൽ ജീവിക്കുന്നവരേയും നീതിയുള്ളവരാക്കിതീർത്ത ദൈവമേ, എന്റെ കുറ്റങ്ങൾ എന്നോടു ക്ഷമിക്കേണമേ. കള്ളന്മാരെയും വഴിതെറ്റിപ്പോയവരെയും തിരിച്ചുവരുത്തിയവനായുള്ളോവേ, നിന്റെ നീതിയിലേക്കു എന്നെ തിരിപ്പിക്കേണമേ. മുട്ടുവീൻ നിങ്ങൾക്കു തുറക്കപ്പെടുമെന്നു അരുളിച്ചെയ്തവനേ, നിന്റെ വാതിൽ എനിക്കു തുറന്നുതരേണമേ. അഗതികളുടെ നിലവിളിയെ മറക്കാത്തവനേ, പാപിയായ എന്റെ നിലവിളിയെ മറന്നുകളയരുതേ. നിന്നിൽ ശരണപ്പെടുന്ന സകലർക്കും സഹായം ചെയ്യുന്നവനേ, നിന്റെ വലത്തുകൈകൊണ്ട് എനിക്കും സഹായം ചെയ്യേണമേ യാചിക്കുന്നവരുടെ അപേക്ഷ നിരസിക്കാത്തവനേ, എന്റെ ദരിദ്രതയുടെ അപേക്ഷയെ നിന്ദിച്ചുകളയരുതേ, നുറുങ്ങിയ ഹൃദയത്തെ നിരസിക്കാത്തവനേ, നിന്റെ സന്നിധാനത്തിങ്കൽനിന്നു എന്നെ നിരസിച്ചുകളയരുതേ. സ്വന്തസൃഷ്ടിയെ കൈവിടാത്തവനേ, എന്നെ നീ കൈവിട്ടുകളയരുതേ. ഹൃദയം നുറുങ്ങിയവർക്കു സമീപസ്ഥനായുള്ളോവേ, നിന്റെ രക്ഷയിലേക്കു എന്റെ ആത്മാവിനെ ചേർത്തുകൊള്ളേണമേ. നഷ്ടപ്പെട്ടുപോയവരുടെ ശരണം ചോദിക്കാതിരുന്നവനേ, എന്റെ ജീവന്റെ ശരണം ഛേദിച്ചുകളയരുതേ. കർത്താവേ, ചതിയനായ ശത്രുവിന്റെ കൈയിൽ അകപ്പെടാതെ നിങ്കലേക്കു എന്നെ അടുപ്പിക്കേണമേ. ആ ചുങ്കക്കാരനെപ്പോലെ എന്നെ നീതീകരിച്ച് ആ കള്ളനെപ്പോലെ എന്നെ അംഗീകരിച്ച് നിന്റെ തൊഴുത്തിലേക്ക് എന്നെ ചേർത്തുകൊള്ളേണമേ. ആ പാപിയായ സ്ത്രീയെ പ്പോലെ എന്നെ കഴുകേണമേ. നിന്റെ അറിവിന്റെ പ്രകാശം കൊണ്ട് എന്റെ ഇരുളിനെ പ്രകാശിപ്പിക്കേണമേ, ഞാൻ അറിഞ്ഞും അറിയാതെയും തിരുമുൻപാകെ ചെയ്തിട്ടുള്ള പാപങ്ങളും അതിക്രമങ്ങളും എന്നോടു ക്ഷമിച്ചുകൊള്ളേണമേ. എന്റെ കുറ്റങ്ങൾ എന്നോടു ക്ഷമിക്കത്തക്കവണ്ണം എന്നോടു കുറ്റം ചെയ്തിരിക്കുന്നവരോടു ക്ഷമിപ്പാൻ എനിക്കു കൃപ നൽകുകയും ചെയ്യേണമേ. ആമ്മീൻ

പാഠങ്ങൾ - വി. ഏവൻഗേലിയോൻ- കീർത്തനം- ധ്യാനം

വിശ്വാസപ്രമാണം -ലുത്തിനിയ - അപേക്ഷ (പുറം 7-10)

ശയനനമസ്കാരം..................(പുറം-14)

കൌമ്മാ....................................(പുറം-1)

ഹുത്താമ്മ................................(പുറം-10)

ആശീർവാദം.............................(പുറം-11)

സ്ലീബാമേൽ തന്നത്താൻ അർപ്പിക്കയും, തന്റെ യാഗത്താൽ ഞങ്ങളുടെ കടങ്ങളെ പരിഹരിക്കയും, സ്വന്തമരണത്താൽ ഞങ്ങളെ ജീവിപ്പിക്കയും തന്റെ ഉയിർത്തെഴുന്നേൽപുകൊണ്ട് ഞങ്ങളെ എഴുന്നേല്പിക്കയും ചെയ്ത ഞങ്ങളുടെ മ്ശിഹായേ, ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊണ്ടു ഞങ്ങളുടെ പാപങ്ങൾക്കു ക്ഷമയും പിഴകൾക്കു മോചനവും നൽകേണമേ. കർത്താവേ, തിരുരക്തത്താൽ വീണ്ടുകൊള്ളപ്പെട്ട നിന്റെ സഭയിൽനിന്ന് എല്ലാത്തര വേദവിപരീതങ്ങളും തർക്കങ്ങളും ഭിന്നതകളും തന്നിഷ്ടങ്ങളും നീക്കിക്കളയുകയും, സ്നേഹംകൊണ്ടും സമാധാനംകൊണ്ടും ഐക്യമത്യംകൊണ്ടും ത്രി-ഏക ദൈവത്തെക്കുറിച്ചുള്ള അറിവുകൊണ്ടും അതിനെ അലങ്കരിക്കയും ചെയ്യുമാറാകണമേ. ഹോശോ....
ആമ്മീൻ.

## 56-ാം മസ്മൂർ

1. ദൈവമേ, എന്നോട് കരുണ തോന്നേണമേ. ആളുകൾ ക്രോധത്തോടെ എന്നെ പിൻതുടരുന്നു; ദിവസം മുഴുവൻ അവർ എന്നെ ഞെരുക്കുന്നു.
2. എന്റെ ശത്രുക്കൾ ദിവസം മുഴുവൻ എന്നെ ചവിട്ടി മെതിക്കുന്നു, ഒട്ടധികംപേർ തങ്ങളുടെ അഹങ്കാരത്തിൽ എന്നെ ആക്രമിക്കുന്നു.
3. എനിക്കു ഭയം നേരിടുമ്പോൾ ഞാൻ അങ്ങയിൽ ആശ്രയിക്കും.
4. ദൈവത്തിന്റെ വചനത്തെ ഞാൻ പ്രകീർത്തിക്കും, ദൈവത്തിൽ ഞാൻ ആശ്രയിക്കുന്നു. ഞാൻ ഭയപ്പെടുകയില്ല, മനുഷ്യന് എന്നോട് എന്തു ചെയ്യുവാൻ കഴിയും?
5. ദിവസം മുഴുവൻ അവർ എന്റെ വാക്കുകളെ

കോട്ടിക്കളയുന്നു. അവരുടെ ചിന്തകളെല്ലാം എന്നെ ദ്രോഹിക്കുന്നതിനത്രേ. അവർ കൂടിയാലോചിക്കുന്നു, എന്റെ ജീവനുവേണ്ടി അവർ പതിയിരിക്കുന്നു.

6. ഒരു കാരണവശാലും അവർ രക്ഷപ്പെട്ടുപ്പോകരുത്. ദൈവമേ, അവിടുത്തെ ക്രോധത്തിൽ ജനതകളെ തകർത്തുകളയണമേ.

7. എന്റെ അലച്ചിലുകൾ അങ്ങ് കണക്കിലെടുക്കുന്നു. എന്റെ കണ്ണുനീർ അവിടുത്തെ തുരുത്തിയിൽ സംഭരിക്കേണമേ. അവ അവിടുത്തെ ദൃഷ്ടിയിലുണ്ടല്ലോ.

8. ഞാൻ സഹായത്തിനായി വിളിക്കുമ്പോൾ എന്റെ ശത്രുക്കൾ പിൻതിരിയും, ഇതിനാൽ ദൈവം എന്റെ സഹായകനെന്ന് ഞാൻ മനസ്സിലാക്കും.

9. ദൈവത്തിൽ അവിടുത്തെ വചനത്തിൽ ഞാൻ പ്രകീർത്തിക്കും, കർത്താവിൽ അവിടുത്തെ വചനത്തിൽ ഞാൻ പ്രകീർത്തിക്കും

10. ദൈവത്തിൽ ഞാൻ ആശ്രയിക്കുന്നു, ഞാൻ ഭയപ്പെടുകയില്ല. മനുഷ്യന് എന്നോട് എന്തു ചെയ്യുവാൻ കഴിയും?

11. അങ്ങേക്കുള്ള നേർച്ചകൾ നിറവേറ്റുവാൻ ഞാൻ പ്രതിജ്ഞാബദ്ധനാണ്. എന്റെ സ്തോത്രബലികൾ ഞാൻ അങ്ങേക്ക് അർപ്പിക്കും.

12. ഞാൻ ദൈവത്തിന്റെ മുമ്പിൽ ജീവന്റെ പ്രകാശത്തിൽ നടക്കേണ്ടതിന് എന്റെ കാലുകളെ വീഴ്ചയിൽ നിന്നും എന്നെ മരണത്തിൽ നിന്നും അങ്ങ് വിടുവിച്ചിരിക്കുന്നുവല്ലോ. ദൈവമേ - സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

പ. പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി

ജ. ആദിമുതൽ എന്നന്നേക്കും തന്നെ. ആമ്മീൻ

## എനിയോനൊ

1. തന്റെ കരുണയാൽ നോമ്പു നോൽക്കയും ആകൽക്കറൂസായെ ലജ്ജിപ്പിക്കയും, ദുഷ്ടനെയും അവന്റെ ശക്തിയെയും മറിച്ചിടുകയും ചെയ്തവനായ മ്ശിഹാ തമ്പുരാനേ! നിന്റെ അടുക്കൽ ഞങ്ങൾ കുമ്പിട്ടു വന്ദിക്കുന്നു. ഞങ്ങളോടു കരുണയുണ്ടാകേണമെ.

2. ആവശ്യക്കാരനെപ്പോലെ ഞങ്ങളുടെ രക്ഷയെപ്രതി നോമ്പുനോൽക്കുകയും അതിന്റെ ഇമ്പമുള്ള നുകം ഞങ്ങൾക്കു തരികയും ചെയ്തവനായ മ്ശിഹാതമ്പുരാനേ! നിന്റെ അടുക്കൽ ഞങ്ങൾ കുമ്പിട്ടു വന്ദിക്കുന്നു.

*ഞങ്ങളോടു കരുണയുണ്ടാകേണമേ.*

3. താല്പര്യമേറിയ പ്രാർത്ഥനകളാൽ സാത്താനോടു പോരാടുവാനായി തന്റെ ഭടന്മാർക്കു നോമ്പിനെ ഉപദേശിച്ചവനായ മ്ശിഹാതമ്പുരാനേ നിന്റെ അടുക്കൽ ഞങ്ങൾ കുമ്പിട്ടു വന്ദിക്കുന്നു.

*ഞങ്ങളോടു കരുണയുണ്ടാകേണമേ.*

4. തന്റെ പരിശുദ്ധ നോമ്പാൽ വൈരിയായ ദുഷ്ടനെ വീഴിച്ചവനായുള്ളോവേ, അവന്റെ എല്ലാ തന്ത്രങ്ങളെയും ജയിപ്പാൻ ഞങ്ങളെ ശക്തിപ്പെടുത്തുന്ന മ്ശിഹാതമ്പുരാനെ നിന്റെ അടുക്കൽ ഞങ്ങൾ കുമ്പിട്ടു വന്ദിക്കുന്നു.

*ഞങ്ങളോടു കരുണയുണ്ടാകേണമേ.*

5. കർത്താവേ വിവേകപൂർവ്വമായ നോമ്പിനെ നോൽപ്പാനും കടങ്ങളുടെ പരിഹാരത്തിനു യോഗ്യരാകുവാനും ഞങ്ങൾക്കു സംഗതിയാകണമേ. നിന്റെ അടുക്കൽ ഞങ്ങൾ കുമ്പിട്ടു വന്ദിക്കുന്നു.

*ഞങ്ങളോടു കരുണയുണ്ടാകേണമേ.*

6. സഹോദരൻ തന്റെ കൂട്ടുകാരനെ സ്നേഹിക്കുന്നതാകുന്നു ഞാൻ തെരഞ്ഞെടുത്തിട്ടുള്ള നോമ്പ് എന്ന് ദീർഘദർശിയുടെ വായാൽ പരിശുദ്ധറൂഹാ മൂലം നീ അരുളിച്ചെയ്തിരിക്കുന്നുവല്ലോ. നോമ്പാകുന്ന സമ്പത്തിനെ കൃപയാൽ ഞങ്ങൾക്കു നൽകിയവനായ ദൈവമേ വെടിപ്പോടെ അതിനെ കാത്തു കൊൾവാൻ ഞങ്ങളെ യോഗ്യരാക്കേണമേ. നിന്റെ അടുക്കൽ ഞങ്ങൾ കുമ്പിട്ടു വന്ദിക്കുന്നു.

*ഞങ്ങളോടു കരുണയുണ്ടാകേണമേ.*

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ.

## പ്രോമ്യോൻ

അഗ്നിജ്വാല ധരിച്ചിരിക്കുന്ന ഗണങ്ങളാൽ സ്തുതിക്കപ്പെടുകയും സർവ്വപരിശുദ്ധ മാലാഖമാരാലും വൃന്ദങ്ങളാലും പുകഴ്ത്തപ്പെടുകയും ചെയ്യുന്ന മ്ശിഹാ തമ്പുരാന്നു പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ..... ആമ്മീൻ.

## സെദറാ

നല്ലവനും ദയാലുമായുള്ളോവേ, ഉന്നതമായ നിന്റെ ഭുജത്താലും ബലമേറിയ നിന്റെ കൈയ്യാലും നീ രക്ഷിച്ച നിന്റെ സഭയിൽ നിന്നു നിന്റെ കൃപയെ നീ മുടക്കിക്കളയരുതേ. കർത്താവേ, നിന്റെ കോപത്തെ നീ പ്രകടിപ്പിച്ചതുപോലെ നിന്റെ കരുണയേയും നീ കാണിക്കേണമേ. ഭൂമിയിലെ ഫലമൂലാധികളിൽ നിന്നു ഉഷ്ണക്കാറ്റിനെയും ഉപദ്രവങ്ങളായ കഠിന ശിക്ഷകളെയും നീക്കിക്കളയേണമേ. ദുഷ്ക്കാലങ്ങളെയും ഞെരുക്കത്തെയും ഞങ്ങളിൽ നിന്നു അകറ്റണമേ. തിരുസന്നിധിയിൽ നിന്നു ആശ്വാസമുള്ള കാലങ്ങൾ ഞങ്ങൾക്കു വരുവാൻ കല്പിക്കേണമേ. കർത്താവേ, ഞങ്ങളോടു ഉത്തരമരുളിച്ചെയ്യണമേ. കർത്താവേ, വേഗം ഞങ്ങളോടു ഉത്തരമരുളിച്ചെയ്യേണമേ. താമസിക്കരുതേ. നിന്റെ ജനത്തിന്റെ വിഷമാവസ്ഥയെ നീ കാണേണമേ. ഞങ്ങളുടെ എല്ലാവരുടേയും ആത്മാക്കളോടു കരുണചെയ്യേണമേ. അനാഥരുടെയും ദരിദ്രരുടെയും വിധവകളുടെയും ആവശ്യങ്ങളെ നിറവേറ്റണമേ. എന്തെന്നാൽ അവർ എപ്പോഴും നിന്നെ വിളിച്ച് അപേക്ഷിക്കയും എപ്പോഴും നിങ്കലേക്കുനോക്കി ഇരിക്കയും അല്ലോ ചെയ്യുന്നത്. പിതാവിനും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമേ, നിനക്കു ഞങ്ങൾ സ്തുതി കരേറ്റും. ഹോശോ......

ആമ്മീൻ.

എഴുതപ്പെട്ടിരിക്കുന്നപ്രകാരം നമ്മുടെ കർത്താവിന്റെ ദിവസം നിനച്ചിരിയാത്ത സമയത്ത് ഭൂമിയിൽ ഉദയം ചെയ്യും. സഹോദരങ്ങളേ, വരുവീൻ നമുക്ക് ഉണർന്നിരുന്ന് പ്രാർത്ഥിക്കാം. അനുതാപത്താൽ നമുക്ക് ഉത്തമരായി തീരാം. അവൻ ഉദയം ചെയ്യുമ്പോൾ അവനെ എതിരേല്പ്പാൻ പുറപ്പെടുവാനും ശപിക്കപ്പെട്ടവരെ, നിങ്ങൾ എങ്കൽ നിന്നും അഗ്നി നരകത്തിലേക്കുപോകുവീൻ, നിങ്ങളെ ഞാൻ ഒരിക്കലും അറിയുന്നില്ല എന്ന് കല്പിക്കുന്ന ശബ്ദം കേൾക്കാനിടയാകാതിരിക്കേണ്ടതിനുമായി നമ്മുടെ ദിപയഷ്ടികൾക്കായി എണ്ണയെ ശേഖരിക്കാം.

പാപികളേ, അനീതിയിൽ നിന്നു നിങ്ങൾ അനുതപിച്ച് ആവശ്യക്കാർക്ക് ദാനം ചെയ്‌വാനായി തന്റെ ഭണ്ഡാരം തുറന്നിട്ട് കാത്തിരിക്കുന്നവനോട് സങ്കടത്തോടെ അപേക്ഷിപ്പിൻ. ദീപയഷ്ടികളോടൊരുമിച്ച് എണ്ണസംഭരിക്കാതിരുന്ന ബുദ്ധികെട്ടവരെപ്പോലെ നാം നിദ്ര ചെയ്യരുത് പാത്രങ്ങളിൽ എണ്ണ കരുതിയിരുന്ന, മണവാളനോടൊരുമിച്ച് മണിയറ പൂകിയ, ആ ബുദ്ധിമതികളെ നമുക്ക് അനുകരിക്കാം.

ന്യായാധിപതികളുടെ പ്രധാന ന്യായാധിപനേ, ഞങ്ങളുടെ നാഥാ, ന്യായവിസ്താരസ്ഥലത്തു വച്ച് ഞങ്ങളുടെ തല കുനിപ്പിക്കരുതേ. അഗ്നിനരകം ഞങ്ങളെ പ്രതീക്ഷിച്ചിരിക്കുമാറാകരുതേ.

ഞങ്ങൾ നിന്റെ പരിജ്ഞാനത്തിലേക്ക് തിരിയുവാനായി ഞങ്ങളെ തിരിക്കേണമേ. ഞങ്ങൾ നിന്നിൽ ശരണപ്പെട്ട് നിന്നാൽ പുണ്യപ്പെടുമാറാകേണമേ. നിന്റെ കൃപയിൻ കരുണയാൽ ഞങ്ങൾ നരകത്തിൽ നിന്നു രക്ഷപ്പെട്ട് നിന്റെ രാജ്യത്തിൽ അവകാശികളാകുമാറാകേണമേ.

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന സ്വീകരിക്കേണമേ. നിന്നെ കോപിപ്പിച്ചവരായ ഞങ്ങളോടു നിരപ്പാകേണമേ. വിശ്വാസത്തോടെ നിന്നെ വിളിക്കുന്ന ദാസ

രിൽ നിന്നു മുഖം തിരിക്കരുതേ. സൃഷ്ടിയുടെ നാനാ ഭാഗങ്ങളിലും നിന്റെ സമാധാനവും സംപ്രീതിയും വർദ്ധിപ്പിക്കേണമേ. പരിശുദ്ധ സഭയിൽ നിന്നും സന്താനങ്ങളിൽ നിന്നും ഭിന്നതകളെയും തർക്കങ്ങളെയും ഉന്മൂലനം ചെയ്യേണമേ. കരുണാനിധിയേ, നിന്റെ കരുണയ്ക്കു സ്തുതി.

ഞങ്ങളുടെ വർഗ്ഗം നശിച്ചുപോകാതിരിക്കാനായി തന്റെ ശ്രേഷ്ഠതയെ ചായിക്കയും പാപ ദാസ്യത്തിൽ നിന്നു തന്റെ കഷ്ടാനുഭവത്താൽ ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്ത ദൈവമേ, സങ്കടത്തോടെ നിന്നോടു നിലവിളിക്കുന്ന നിന്റെ ഇടവകയോടു കരുണ ചെയ്യേണമേ. അത് സന്തോഷിച്ച് ആനന്ദിച്ച് നിന്നെയും നിന്റെ പിതാവിനേയും വിശുദ്ധാത്മാവിനെയും സ്തുതിക്കുവാനായി സമാധാനവും യോജിപ്പും അതിനു നൽകേണമേ.

*കർത്താവേ, കരുണ തോന്നി ഞങ്ങളോടു ദയ ചെയ്യേണമേ.*

## കോലൊ

സർവ്വസൃഷ്ടികളുടേയും നാഥനായുള്ളോവേ, ഞങ്ങളുടെ ശുശ്രൂഷ തിരുമുൻപാകെ പ്രവേശിക്കുമാറാകേണമേ. സർവ്വ ലോകത്തിന്മേലും നിന്റെ രക്ഷ വർദ്ധിപ്പിക്കുമാറാകേണമേ. ഞങ്ങളുടെ കർത്താവേ, നിന്റേതല്ലാതെ മാറ്റൊരുത്തരുടെയും വാതിൽക്കൽ ഞങ്ങൾ മുട്ടീട്ടില്ലല്ലോ. അന്യനെപ്പോലെ നിന്നെ ഞങ്ങൾ മാറ്റീട്ടില്ലെന്നും കർത്താവേ, നീ അറിയുന്നുവല്ലോ. കൂലിക്കാരന്റെ കൂലി താമസിപ്പിക്കരുതെന്നു കല്പിച്ചിട്ടുള്ള നീതിമാനേ, ഞങ്ങളുടെ ശുശ്രൂഷയ്ക്കു കരുണാസമ്പൂർണ്ണമായ ആശ്വാസം നീ പ്രതിഫലമായി തരേണമേ. സർവ്വോപരി ശ്രേഷ്ഠമായ നിന്റെ സ്നേഹം ഞങ്ങളുടെ മദ്ധ്യേ വാഴുമാറാകേണമേ.

ബാറെക്മോർ....

*പിതാവിനും .............*
*ആദിമുതൽ .......*

എന്റെ വാത്സല്യമുള്ളവരേ, രാവും പകലും ദൈവത്തെ പ്രസാദിപ്പിച്ച നീതിമാന്മാരോടു കൂടി നമുക്കും ഉത്തമന്മാരായി ഭവിക്കാം. നമ്മുടെ കർത്താവിനോടു നമുക്കു കരുണയെ യാചിക്കാം. നിന്റെ നീതിയുള്ള വിധികളെ സ്തോത്രം ചെയ്‌വാനായി പാതിരാത്രി ഞാൻ ഉണർന്നു എന്നു ദാവീദിനോടുകൂടി നമുക്കു ഏറ്റു പാടാം. കർത്താവേ, ഞങ്ങളോടു കരുണതോന്നി ദയ ചെയ്യേണമേ. നിന്റെ രാജ്യം അവകാശമാക്കുവാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ.

ഉപവാസക്കാരേ! സകലത്തേയും ശ്രേഷ്ഠമാക്കുന്ന നോമ്പിനെ നിങ്ങൾ എങ്ങനെ സ്വീകരിക്കുന്നു എന്ന് സൂക്ഷിച്ചുകൊൾവിൻ. ശരീരവും ആത്മാവും എല്ലാ ദുഷ്ടതകളിൽ നിന്നും വെണ്മയാക്കപ്പെടുകയും നമ്മുടെ നോമ്പ് തന്റെ തിരുവിഷ്ടത്തിനും നിരപ്പിനും കടങ്ങളുടെ പരിഹാരത്തിനും ആയിത്തീരുകയും ചെയ്യുമാറാകട്ടെ.

മണ്മയരെ ഉന്നതത്തിലേയ്ക്ക് കരേറ്റുന്ന നോമ്പിന്റെ ചിറക് എത്രയും വേഗതയുള്ളതാകുന്നു. വഞ്ചന കലരാത്ത നോമ്പനുഷ്ഠിക്കുന്ന എല്ലാവരും ആത്മീയന്മാരോടുകൂടെ കലർത്തപ്പെടുകയും പറുദീസായിലെ ഇമ്പങ്ങളിൽ മേയുകയും ചെയ്യുന്നു. കർത്താവേ, നിന്റെ വാതിലിൽ ഞങ്ങൾ മുട്ടുകയും നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് കരുണ യാചിക്കുകയും ചെയ്യുന്നു. മഹാപാപികളായ ഞങ്ങൾ നിന്റെ വഴിയിൽ നിന്നു തെറ്റിപ്പോയിരിക്കുന്നു. ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾ ഏറ്റുപറഞ്ഞ് അവയെ വിട്ട് നിന്റെ കൃപയാൽ ജീവിപ്പാൻ എനിക്കു കൃപചെയ്യേണമെ.

മരണമുള്ളവരായ ഞങ്ങളുടെ വർഗ്ഗത്തെ പിശാചിന്റെ വഞ്ചനയിൽ നിന്നും പാപദാസ്യത്തിൽ നിന്നും ഗാഗുൽത്തായിലെ ക്രൂശുമരത്തിന്മേൽ ഞങ്ങൾക്കുവേണ്ടിയുണ്ടായ യാഗത്താൽ സ്വാതന്ത്ര്യപ്പെടുത്തിയ മ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. കർത്താവേ, നിന്നാൽ വിലയ്ക്കു വാങ്ങപ്പെട്ടവരുടെ ആത്മാക്കളിൽ ജീവദായ

കനായ ആത്മാവിനെ അയച്ചു തരേണമേ. അവരുടെ കടങ്ങളെ പരിഹരിച്ചു നിന്റെ രാജ്യത്തിലേക്ക് അവരെ സ്വീകരിക്കേണമേ.

യേശുമ്ശിഹായേ, ആ ധനവാനെപ്പോലെ അബ്രഹാമിനോടു ഞങ്ങൾ ഒരു തുള്ളി വെള്ളം യാചിപ്പാൻ ഇടയാകുമാറാകരുതേ. നീ ഞങ്ങൾക്കു ജീവജലമായിരിക്കേണമേ. ദാഹിച്ചിരിക്കുന്നവരുടെ സ്ഥലത്തു വെച്ച് ഞങ്ങൾ അതു പാനം ചെയ്യുമാറാകേണമേ. അഗ്നിയിൽ നിന്നു നിന്നെ ഞങ്ങൾ വിളിക്കുമാറാകരുതേ. ഞങ്ങൾ അതിലേക്കു കടക്കാതിരിപ്പാൻ നീ തിരുവിഷ്ടപ്പെടേണമേ. ഇതാ ഇവിടെ നിന്നും ഞങ്ങൾ നിന്നെ വിളിക്കുന്നു. എല്ലാവരോടും ദയ ചെയ്യുന്നവനേ, അവിടെ നിന്നു നീ ഉത്തരമരുളേണമേ. നിന്റെ രാജ്യവാതിൽ ഞങ്ങൾക്ക് തുറന്നു തരേണമേ.

കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങൾക്ക് സഹായം ചെയ്യേണമേ.

## കുക്കിലിയോൻ

മഹിമാവൊടു നിന്നു രാജമകൾ ഹാ-ഉ-ഹ
നിൻവലഭാഗേ-രാജഭാമിനിയും
സ്വജനം പിതൃഭവനമുപേക്ഷിക്ക ഹാ-ഉ-ഹ
മോദിക്കും രാജൻ നിന്നഴകാൽ-ബാറെക്മോർ
*ശുബഹോ ലാബോ ലബ്റോ വൽ-റൂഹോ കാദീശൊ.*
*മെൻഓലം വാദാമ്മൊൽ ഓലം-ഒൽമ്മീൻ ആമ്മീൻ.*

## എക്ബൊ

കർത്താവേ, ക....നിഞ്ഞീടണമേ-
നിൻ കരുണയുടെ - ബഹുത്വത്താൽ
നല്ലവനേ - പ്രാർത്ഥന കേട്ടു
യാചനകൾ നൽകീ-ടേണമേ
സ്തൗമെൻകാലോസ്... കുറിയേലായിസ്സോൻ

## കോലൊ

ബാവാ തന്നിൽ-നിന്നുടയവനായ്-
ദാവീദുസുതയിൽ നി-ന്നു രക്ഷകനായ്

ബേതലഹേ-മിൽ നി-ന്നപ്പവുമായ്
ഏവർക്കായ്-താനുദിച്ചു. ബാറെക്മോർ
*ശുബഹോ ലാബോ ലബ്റോ വൽറൂഹോ കാദീശൊ.*
തന്നെ അയച്ച പിതാ-വന്ദ്യൻ
തന്നെ പെറ്റവൾ ഭാഗ്യവതി
തന്നെ കൈ-ക്കൊണ്ട തിരുസഭ
തൻ സ്തുതി - പാടുന്നു
*മെൻഓലം വാദാമ്മൊൽ ഓലം-ഒൽമ്മീൻ ആമ്മീൻ.*

കന്യകയിൽനിന്നു-ജാതനിവൻ
പന്നഗധാരിക്കു-നാശമിവൻ
വഹ്നിക്കിരയായ പാപികൾക്കു
രക്ഷക-ർത്താവും താൻ
പാതകരെ ചൊല്ലി-ദ്വേഷിതനായ്
നീതി നിവർത്തിപ്പാൻ-ഏകനുമായ്
പാതക താ-തൻ തൻ ശിരസ്സുടപ്പാൻ
തൻ ജീവൻ നൽകിയവൻ
മൊറിയൊ റാഹേമ്മേലൈനൂ ആദാറൈൻ

## മാർ യാക്കോബിന്റെ ബോവൂസൊ

1. നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും നോമ്പിനെ കൈക്കൊണ്ടവനായ മ്ശിഹാ ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യേണമേ.
2. നീതിയുടെ വേലയ്ക്കുള്ള ദിവസം അടുത്തു. പാപിയേ! അനുതാപത്തിനു നീ ഓടിയെത്തി, തോട്ടത്തിന്റെ യജമാനൻ കൂലിക്കു വിളിച്ചിരിക്കുന്ന വേലക്കാരോടു കൂടി സംബന്ധിക്കുവാനായി പണം വാങ്ങിക്കൊൾക. നീ വിരുന്നുഭവനത്തിൽ വിരുന്നുകാരനും ആയിരിക്കുക.
3. നോമ്പു നല്ലതാകുന്നു. സ്നേഹം കൂടാതെ ഒരുത്തൻ നോമ്പുനോൽക്കുന്നു എങ്കിൽ അവന്റെ വ്രതത്തിനു യാതൊരു വിശേഷവുമില്ല, പ്രാർത്ഥന സ്നേഹിക്കപ്പെട്ടതാകുന്നു. സ്നേഹം അതിനെ കരേറ്റുന്നില്ല എങ്കിൽ അതിന്റെ ചിറകു ബലഹീനമാകുന്നു. തന്റെ ഇടത്തിൽ അത്യുന്നതനെ കാണുന്നുമില്ല.

4. മോശയുടെ നോമ്പിനെയും അവന്റെ താഴ്മയേയും കൈക്കൊണ്ടവനായ മ്ശിഹാ ഞങ്ങളുടെ പ്രാർത്ഥന കൾ കേട്ട് ഞങ്ങളുടെമേൽ കരുണ ചെയ്യേണമേ.

ഗീതം

(മാർ യാക്കോബിന്റെ മറ്റൊരു ബോവൂസൊ)

നാഥാ നിന്നുടെയാദ്രത നിറയും വാതിൽതുറന്നീ
യാചന കേട്ടീത്തവ- ദാസരിലൻപുണ്ടാകേണം
ഉള്ളറയിൽ പ്രാർത്ഥിപ്പതിലാണുടയോനിഷ്ടം
ശബ്ദത്താലല്ലാർന്നതു വിജയം പരിശുദ്ധന്മാർ
സൗമ്യൻ മോശ പ്രാർത്ഥനയാലെ ഭാഗിച്ചാഴി
നീങ്ങി ജനമോ ദുഷ്ടൻഫറവോൻ മുങ്ങിപ്പോയി
ദാവീദിൻ പ്രാർത്ഥന കേട്ടീശന്നാദ്രതതോന്നി
പാപം മോചിച്ചേകീ വീണ്ടും പ്രവചന ശക്തി
ചൂളയ്ക്കുള്ളിൽ ബാലകർ മൂവർ പ്രാർത്ഥിച്ചപ്പോൾ
തീജ്വാലയിൽ നിന്നവരെ ദൈവം സംരക്ഷിച്ചു
നിര്യാണം ന്യായാസനമഗ്നി നരകം മൂന്നും
ഭീതീകരമെൻ കർത്താവേ എന്നുള്ളത്തിൽ
ദേവാ ദേവാ ഉത്തരമരുൾക അനുഗ്രഹിക്ക
മർത്യർചിത്തം അനുതാപേ നീ വരുത്തീടേണമേ.

## സമർപ്പണപ്രാർത്ഥന

(എല്ലാവരും ചേർന്ന്)

എന്റെ കർത്താവേ, (ഈ പ്രഭാതത്തെ വാഴ്ത്തപ്പെട്ടതും ആശ്വാസമുള്ളതുമായ പ്രഭാതവും സന്തോഷമുള്ള പകലിന്റെ ഉദയവും ആക്കിത്തീർക്കേണമേ.) ഈ ദിവസം ദുഷ്ടമനുഷ്യരിൽ നിന്നും, ചതിവുള്ള അയൽക്കാരിൽനിന്നും, പോരാട്ടമുള്ള സാത്താനിൽ നിന്നും ദോഷമുള്ള നാഴികയിൽനിന്നും, നാശകരമായ കണിയിൽ നിന്നും, വ്യസനകരമായ സംഭവത്തിൽ നിന്നും, വഞ്ചനയുള്ള വചനത്തിൽ നിന്നും, വിരുദ്ധമുള്ള സംസാരത്തിൽ നിന്നും, അറിവുകൂടാതെയുള്ള പിഴകളിൽ നിന്നും, പ്രതിക്രിയ ചെയ്യുന്ന ശത്രുവിൽ നിന്നും, അശുദ്ധിയുള്ള വ്യാപാരങ്ങളിൽ നിന്നും, മ്ലേച്ഛമായ വിചാരങ്ങളിൽ

നിന്നും, എന്നെ രക്ഷിച്ചു കൊള്ളേണമേ. എന്റെ കർത്താവേ, നിന്റെ കരുണയാൽ അടക്കമൊതുക്കമുള്ള ശരീരവും നിർമ്മലതയുള്ള നാവും, അടക്കമുള്ള വിചാരവും എനിക്കു നൽകേണമേ. എന്റെ ജീവനെ സഹായിക്കുന്നവയും, നിന്റെ കർത്തൃത്വത്തിനു ഇഷ്ടമുള്ളവയും ആയ കാര്യങ്ങൾ എനിക്കു നീ സൗജന്യമായി തരേണമേ. എനിക്കു മതിയാകുന്ന ഭക്ഷണവും, പ്രയോജനമുള്ള ഐശ്യര്യവും, ആത്മാവിന്റെ കാവലും കൊണ്ട് എന്നെ നീ പോറ്റേണമേ. എന്റെ കർത്താവേ, അക്രമത്തെ ദ്വേഷിപ്പാനും, അപഹാരത്തിൽ നിന്നു വിട്ടുമാറുവാനും, പാപത്തെ നിരസിപ്പാനും, ദോഷത്തിൽ നിന്ന് ഒഴിഞ്ഞിരിപ്പാനും എന്റെ മാതാപിതാക്കന്മാർക്ക് അനുസരണയുള്ളവരായിരിപ്പാനും, എന്റെ ഗുരുക്കന്മാർക്ക് കീഴടങ്ങിയിരിപ്പാനും, എന്റെ സ്നേഹിതന്മാർക്ക് അനുകൂലമായിരിപ്പാനും, എന്റെ സഹോദരന്മാരെ ബഹുമാനിപ്പാനും, ഞാൻ ചെയ്യുന്ന സകലത്തിലും നിന്റെ പരിശുദ്ധ നാമം മഹത്വപ്പെടുവാനും എന്നെ യോഗ്യതയുള്ളവനാക്കുകയും ചെയ്യേണമേ. ആമ്മീൻ.

പാഠങ്ങൾ - വി. ഏവൻഗേലിയോൻ - കീർത്തനം- ധ്യാനം

വിശ്വാസപ്രമാണം -ലുത്തിനിയ - അപേക്ഷ (പുറം 7-10)

ശയനനമസ്കാരം.................(പുറം-14)

കൌമ്മാ...............................(പുറം-1)

ഹുത്താമ്മ............................(പുറം-10)

ആശീർവാദം.............................(പുറം-11)

## നമസ്കാരം — വ്യാഴാഴ്ച

ദൈവമായ കർത്താവേ, നിന്റെ പരിശുദ്ധ തിരുനാമത്തിൽ ഒരുമിച്ച് കൂടിയിരിക്കുന്ന നിന്റെ അടിയാരുടെയും ആരാധകരെയും അനുഗ്രഹിക്കേണമേ എന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങൾ ആത്മീയ ആയുധം അണിയുമാറാകേണമേ. സ്നേഹവും ഐക്യവും ധരിക്കുമാറാകേണമേ. പിശാചിനെയും അവന്റെ സേനയെയും ഞങ്ങൾ ജയിക്കുമാറാകേണമേ. നിന്റെ ആത്മീയ മേശയിങ്കൽ ഞങ്ങൾ ആനന്ദിക്കുമാറാകേണമേ. നിന്റെ കരുണയാൽ ഞങ്ങളുടെ കടങ്ങൾ പരിഹരിക്കയും കുറവുകളെ ക്ഷമിക്കയും തെറ്റുകളെ നീക്കിക്കളയുകയും ചെയ്യുമാറാകേണമേ. കർത്താവേ, നിന്റെ തിരുവിലാവിൽ നിന്നു ഒഴുകിയ രക്തത്താൽ നിന്റെ പരിശുദ്ധ സഭയ്ക്ക് സമാധാനം കൊടുക്കേണമേ. ഞങ്ങളുടെ കർത്താവേ, നിന്റെ വലത്തു തൃക്കരം നീട്ടി നിന്റെ കൃപയാൽ ഞങ്ങളെയെല്ലാവരേയും അനുഗ്രഹിക്കേണമേ. നിന്റെ കരുണയാൽ ഞങ്ങളുടെ പ്രാർത്ഥനകളെ സ്വീകരിക്കേണമേ. നിന്റെ സ്ലീബായുടെ അടയാളത്താൽ ഞങ്ങളുടെ ആയുസ്സിനെ കാത്തുകൊള്ളേണമേ. വെടിപ്പിന്റെയും വിശുദ്ധിയുടെയും സുഗന്ധം ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് ഉയരുമാറാകേണമേ. ഞങ്ങൾ മുടങ്ങാതെ നിന്നെ പുകഴ്ത്തുകയും സ്തുതിക്കയും ചെയ്യുമാറാകേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായുള്ളോവേ, നിന്റെ തിരുനാമം സ്വർഗ്ഗത്തിലും ഭൂമിയിലും വാഴ്ത്തപ്പെട്ടതും പുകഴ്ത്തപ്പെട്ടതുമാകുന്നു. ഹോശോ..... ആമ്മീൻ.

### 102-ാം മസ്മൂർ

യഹോവേ എന്റെ പ്രാർത്ഥന കേൾക്കേണമേ; എന്റെ നിലവിളി അവിടുത്തെ സന്നിധിയിൽ എത്തട്ടെ.

2. എന്റെ കഷ്ടദിവസത്തിൽ തിരുമുഖം എനിക്കു മറയ്ക്കരുതേ; ഞാൻ വിളിക്കുമ്പോൾ ചെവി ചായ്ച്ചുകേൾക്കുകയും വേഗത്തിൽ ഉത്തരമരുളുകയും ചെയ്യേണമേ.
3. എന്റെ നാളുകൾ പുകപോലെ മാഞ്ഞുപോകുന്നു; എന്റെ അസ്ഥികൾ തീക്കൊള്ളിപോലെ എരിയുന്നു.
4. എന്റെ ഹൃദയം പുല്ലുപോലെ വാടിയിരിക്കുന്നു; ഭക്ഷണം കഴിപ്പാൻ ഞാൻ മറന്നുപോകുന്നു.
5. ഉച്ചത്തിലുള്ള ഞരക്കം നിമിത്തം ഞാൻ എല്ലും തോലുമായിത്തീർന്നിരിക്കുന്നു.
6. ഞാൻ മരുഭൂമിയിലെ വേഴാമ്പലും ശൂന്യ പ്രദേശത്തിലെ മൂങ്ങാപോലെയും ആകുന്നു.
7. എനിക്കു ഉറക്കമില്ല; പുരമുകളിൽ തനിച്ചിരിക്കുന്ന ഒരു കുരികിൽ പോലെ ആകുന്നു.
8. ശത്രുക്കൾ എന്നെ നിരന്തരം നിന്ദിക്കുന്നു; വൈരികൾ എന്റെ പേർചൊല്ലി ശപിക്കുന്നു.
9. ഞാൻ അപ്പംപോലെ ചാരം തിന്നുന്നു; എന്റെ പാനീയത്തിൽ കണ്ണുനീർ കലർത്തുന്നു.
10. അവിടുത്തെ രോഷവും ക്രോധവും നിമിത്തം തന്നേ; അവിടുന്ന് എന്നെ എടുത്ത് എറിഞ്ഞുകളഞ്ഞുവല്ലോ.
11. എന്റെ നാളുകൾ സായാഹ്ന നിഴൽപോലെ കടന്നുപോകുന്നു. ഞാൻ പുല്ലുപോലെ ഉണങ്ങിപ്പോകുന്നു.
12. യഹോവേ, അങ്ങ് നിത്യതയോളം സിംഹാസനസ്ഥനാണ്; അങ്ങയുടെ നാമം തലമുറകളോളം നിലനിൽക്കുന്നു.
13. അവിടുന്ന് എഴുന്നേറ്റ് സിയോനോട് കരുണ കാണിക്കും; അവളോട് ദയ കാണിക്കുവാനുള്ള സമയം, നിർണ്ണയിക്കപ്പെട്ട സമയം തന്നേ വന്നുവല്ലോ.
14. അവിടുത്തെ ദാസന്മാർക്ക് അവളുടെ കല്ലുകളോട് പ്രിയം തോന്നുന്നു; അവളുടെ ധൂളിയോട് അവർക്ക് അലിവു തോന്നുന്നു.
15. ജാതികൾ യഹോവയുടെ നാമത്തെയും ഭൂമിയിലെ സകല രാജാക്കന്മാരും അങ്ങയുടെ മഹത്വത്തെയും ഭയപ്പെടും.

16. യഹോവ സീയോനെ വീണ്ടും പണിയുകയും തന്റെ മഹ
ത്വത്തിൽ പ്രത്യക്ഷനാവുകയും ചെയ്യും.
17. അഗതികളുടെ പ്രാർത്ഥന അവിടുന്നു കേൾക്കും; അവ
രുടെ പ്രാർത്ഥന അവിടുന്നു നിരസിക്കയില്ല.
18. വരുംതലമുറകൾക്കായി ഇത് എഴുതപ്പെടട്ടെ; ഇനി സൃഷ്ടി
ക്കപ്പെടേണ്ട ഒരു ജനം യഹോവയെ സ്തുതിക്കട്ടെ.
19. തടവുകാരുടെ ഞരക്കം കേൾപ്പാനും മരണത്തിനു വിധി
ക്കപ്പെട്ടവരെ മോചിപ്പിക്കുവാനും വേണ്ടി-
20. യഹോവ ഉന്നതത്തിലുള്ള തന്റെ വിശുദ്ധ മന്ദിരത്തിൽ
നിന്ന്, സ്വർഗ്ഗത്തിൽ നിന്നു തന്നേ ഭൂമിയിലേക്കു
നോക്കി.
21. അങ്ങനെ ജനതകളും രാജ്യങ്ങളും യഹോവയെ ആരാ
ധിക്കുവാൻ ഒരുമിച്ചു കൂടുമ്പോൾ
22. യഹോവയുടെ നാമം സീയോനിലും അവിടുത്തെ
സ്തുതി യെരുശലേമിലും പ്രസ്താവിക്കപ്പെടും.
23. വഴിയിൽ വെച്ച് അവിടുന്ന് എന്റെ ബലം ക്ഷയിപ്പിച്ചു. അവി
ടുന്ന് എന്റെ നാളുകളെ വെട്ടിച്ചുരുക്കി.
24. അപ്പോൾ ഞാൻ പറഞ്ഞു; എന്റെ ദൈവമേ ആയുസ്സിന്റെ
മധ്യത്തിൽ വെച്ച് എന്നെ എടുത്തു കളയരുതേ; അവി
ടുത്തെ സംവത്സരങ്ങൾ തലമുറതലമുറയായി തുടരുന്നു
വല്ലോ.
25. ആദിയിൽ അങ്ങ് ഭൂമിക്ക് അടിസ്ഥാനമിട്ടു; ആകാശം
അവിടുത്തെ കൈവേലയത്രേ.
26. അവ നശിച്ചുപോകും; അങ്ങോ നിലനിൽക്കും; ഒരു
വസ്ത്രംപോലെ അവ പഴകി ദ്രവിച്ചുപോകും ഉടുപ്പു
മാറ്റുന്നതുപോലെ അങ്ങ് അവയെ നീക്കിക്കളയും.
27. അവിടുന്നു മാറ്റമില്ലാത്തവൻ; അവിടുത്തെ സംവത്സര
ങ്ങൾക്കു മാറ്റമില്ല.
28. അവിടുത്തെ ദാസന്മാരുടെ മക്കൾ അങ്ങയുടെ സന്നി
ധിയിൽ വസിക്കും; അവരുടെ സന്തതി അവിടുത്തെ
മുമ്പിൽ നിലനിൽക്കും. ദൈവമേ സ്തുതി നിനക്കു
യോഗ്യമായിരിക്കുന്നു. ബാറെക്മോർ.

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.
ജ. ആദിമുതൽ എന്നന്നേക്കും തന്നെ – ആമ്മീൻ.

## എനിയോനൊ

1. ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്ന നോമ്പാൽ ഏകമായ സ്തുതിയോടെ നാം അപേക്ഷിക്കണം. തന്റെ സമാധാനം നമ്മിൽ വാഴുകയും സന്തോഷത്തോടെ തന്നെ നാം സ്തോത്രം ചെയ്യുകയും വേണം.
2. വെടിപ്പോടെ നാം നോമ്പുനോക്കുകയും ദിഷ്ടതിക്കാർക്കായി കൈകൾ നീട്ടിക്കൊടുക്കുകയും ചെയ്യണം. കർത്താവു നോമ്പുമൂലം നിരപ്പാക്കുകയും തന്റെ സമാധാനം നമ്മുടെയിടയിൽ വാഴുകയും ചെയ്യും.
3. നമ്മുടെ നോമ്പ് നമ്മുക്കു കുറ്റകാരണമാകയോ നാം സ്വയം കുറ്റക്കാരനാകയോ ചെയ്യാതിരിപ്പാനായിട്ട്, നമ്മുടെ നാവ് അന്യായം ഒഴിഞ്ഞ് ഉപവസിക്കുകയും നമ്മുടെ സഹോദരന്മാരുടെ കുറവുകൾ പരസ്യമാക്കാതിരിക്കയും ചെയ്യണം.
4. നിന്റെ വായ് ഭക്ഷണത്തിൽനിന്നും, അന്യായത്തിൽനിന്നും ശരിയായി ഉപവസിക്കണം. നിന്റെ നോമ്പ് കുറ്റകരമാകാതിരിപ്പാൻ നിന്റെ നാവിനെ നോമ്പോടൊന്നിച്ച് കീഴടക്കുക.
5. രാജ്യഭൃത്യന്മാരെ! നിങ്ങളുടെ യജമാനൻ നിങ്ങളെ പഠിപ്പിച്ച നോമ്പിൽ സന്തോഷിച്ച് ആനന്ദിപ്പിൻ. അതു തോറ്റുപോകാത്ത ആയുധമാകുന്നു. അത് നമ്മെ പഠിപ്പിച്ച ഉത്തമനായവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

സ്തൗമെൻകാലോസ്... കുറിയേലായിസ്സോൻ

## പ്രോമ്യോൻ

ത്രിത്വമായി അറിയപ്പെടുകയും ആരാധിക്കപ്പെട്ട് സ്തുതിക്കപ്പെടുകയും മാലാഖമാരാലും മൺമയരായ മനുഷ്യരാലും പുകഴ്ത്തപ്പെടുകയും ചെയ്യുന്ന ത്രിയേക ദൈവത്തിനു സ്തുതി. തനിക്കു കഴിക്കുന്ന പ്രാർത്ഥനാ

ശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.... ആമ്മീൻ.

## സെദറാ

ദൈവമായ കർത്താവേ, തിരുസന്നിധിയിൽ കഴിക്കുന്ന പ്രാർത്ഥനകളും അപേക്ഷകളും നിനക്കു പ്രസാദകരമായിരിക്കണമേ. നിന്റെ ദയാതിരേകത്താൽ ഞങ്ങളുടെ പാപങ്ങളെയും കുറ്റങ്ങളെയും ക്ഷമിക്കേണമേ. മ്ശിഹാരാജാവേ, നിന്റെ കരുണയാകുന്ന വാതുക്കൽ എപ്പോഴും ഞങ്ങൾ മുട്ടി വിളിക്കുന്നു. ഐശ്വര്യമേറിയ നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്നു കരുണയും മനോഗുണവും ഞങ്ങൾ യാചിക്കുന്നു. കർത്താവേ, നിന്നിൽ ഞങ്ങൾ ശരണപ്പെട്ടവരാണല്ലോ, ഞങ്ങളെ നീ സഹായിക്കേണമേ. നിന്നെ ഞങ്ങൾ ഏറ്റു പറഞ്ഞിട്ടുള്ളവരാണല്ലോ, ഞങ്ങളെ നീ ലജ്ജിപ്പിക്കരുതേ. കർത്താവേ, നിന്റെ പള്ളികളുടെ സമാധാനത്തിനുവേണ്ടിയും ആശ്രമങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടിയും നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. പട്ടക്കാരെ കാത്തുകൊള്ളേണമേ. മാനസാന്തരപ്പെടുന്ന പാപികളോടു ക്ഷമിക്കേണമേ. ദാനധർമ്മങ്ങൾ ചെയ്‌വാൻ ധനികരെ ഉത്സുകരാക്കേണമേ. ദരിദ്രരെ സംരക്ഷിക്കേണമേ. വിധവകളെ പോറ്റേണമേ. അനാഥരെ വളർത്തേണമേ. വൃദ്ധരെ താങ്ങിക്കൊള്ളേണമേ. നിന്റെ സ്ലീബായാൽ പൈതങ്ങളെ കാത്തുക്കൊള്ളേണമേ. ചിതറിപ്പോയവരെ കൂട്ടിച്ചേർക്കേണമേ. തെറ്റിപ്പോയവരെ തിരികെ വരുത്തേണമേ. സർവ്വവംശങ്ങളെയും നീ വിധിക്കുന്നതായ ആ ദിവസത്തിൽ ഞങ്ങളെ ഉപേക്ഷിക്കരുതേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധറുഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റിക്കൊള്ളുന്നു. ഹോശോ..... ആമ്മീൻ.

## കോലൊ

ദാനിയേൽ അവന്റെ നോമ്പാൽ സിംഹങ്ങളെ ജയിച്ചു. ഹനനിയായ ആദിയായ പൈതങ്ങളും തീച്ചൂളയെ കെടുത്തി. ഏലിയായും രഥത്തിൽ ആകാശത്തിലേക്ക്

കരേറി. യോശുവായും ആകാശത്തട്ടിൽ സൂര്യനെയും ചന്ദ്രനെയും വിലക്കി. നോമ്പിലും നമസ്കാരത്തിലും സന്തോഷപൂർവ്വം താത്പര്യപ്പെട്ടിരിക്കുന്നവനു ഭാഗ്യം. മോക്ഷവും സന്തോഷങ്ങളുടെ മണവറയും അവനായിട്ടു തുറക്കപ്പെടുന്നു.

സ്വർഗ്ഗത്തിലേയ്ക്കു പ്രവേശിപ്പാൻ ഞങ്ങളുടെ ആത്മാക്കൾക്ക് ആത്മീയ ചിറകുകൾ നൽകുന്ന വെണ്മയേറിയ നോമ്പ് ഇതാകുന്നു. ആകയാൽ നീ പരിപാകതയുള്ളവനും നിർമ്മലനും സ്നേഹപൂർണ്ണനും ആയിരിക്കുക. നിന്റെ വായ് അന്യായത്തിൽ നിന്നും നിന്റെ ഹൃദയം വഞ്ചനയിൽനിന്നും ഒഴിഞ്ഞിരിക്കട്ടെ. നിന്റെ സഹോദരന്മാരോടു നീ സ്നേഹമുള്ളവനും ആയിരിക്കുക. അപ്പോൾ കർത്താവ് നിന്റെ അപേക്ഷ കേൾക്കയും നിന്നോടു കരുണചെയ്കയും ചെയ്യും.

**കർത്താവേ ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങൾക്ക് സഹായം ചെയ്യേണമേ.**

**കോലൊ** (ഗീതം)

*കുക്കായ*

ഈശോ നാഥാ ദൈവത്തിൻ-കുഞ്ഞാടേ ഞങ്ങൾ
സ്നേഹം നിന്മേൽ വച്ചിടുവാൻ-കൃ-പയരുളണമേ നീ
നീചരെ സ്നേഹി-ച്ചീ ലോകം തന്നിൽ,
നീചരിൻ വേഷമെടുത്തവതരിച്ചോൻ നീ
നാശത്തിൽ നിന്നീ കുലത്തെ-ഉദ്ധ-രിച്ചിടുവാൻ
ക്രൂശിൽ ജീവൻ വെടിഞ്ഞൊരു-സ്നേഹം ഗ്ര-ഹിച്ചടിയാർ
ഹാലേലുയ്യാ-ഊ-ഹാലേലുയ്യാ - ബാറെക്മോർ
*ശുബഹോ ലാബോ ലബ്റോ വൽ-റൂഹോ കാദീശൊ.*
*മെൻഓലം വാദാമ്മൊൽ ഓലം ഒൽമ്മീൻ ആമ്മീൻ.*
പാപത്തിന്നുടെ നാശത്തിൽ-വീണവരാം ഞങ്ങളെ
താപത്തോടു ദർശിച്ചുടനെ-വീണ്ടീടുവാനായ്
ഏകജാതനാം നിൻ-ഓമനയാം സുതനെ
ഏകിയോനെ നിൻ-സ്നേഹം എമ്മാത്രം
അടിയാർ നിന്നുടെ അടിമകളായ്- സേവ ചെയ്തെന്നും
ഹൃദിമോദത്തോടു തിരുമുമ്പിൽ ജീവി-ച്ചിടുവാൻ
ഹാലേലുയ്യാ-അരുൾക-നിൻ കൃപയെ
*മൊറിയോറാഹേ-മ്മേലൈനു ആദാറൈൻ ......*

## കോലൊ

കർത്താവേ, ഞങ്ങൾ കടങ്ങളുടെയും പിഴകളുടെയും ഒരു വയലായിതീർന്നിരിക്കുന്നു.നല്ലവനും നിഷ്ക്കളങ്കനുമായ കർഷകനേ, നിന്റെ വയലിൽ നിന്നു കളകളെ വേരോടെ പറിച്ചു കളയേണമേ. പിശാചിനോടൊരുമിച്ചു ഞങ്ങൾ വേലചെയ്വാനായി അവൻ അവന്റെ നുകത്തിൽ കീഴിൽ ഞങ്ങളെ പുട്ടിയിട്ടിരിക്കുന്നു. കർത്താവേ, നിന്റെ ദാസരായ ഞങ്ങളിൽ നിന്നു അവന്റെ നുകം തകർക്കേണമേ.

വരുവീൻ, മാലിന്യമില്ലാത്ത ഹൃദയത്തോടും വെടിപ്പും വിശുദ്ധിയുമുള്ള ശരീരത്തോടും കൂടി രാജാധിരാജന് വിവേക പുർണ്ണമായുള്ള കാഴ്ചകൾ സമർപ്പിക്കാം. നമ്മുടെ കർത്താവ് തന്റെ പിതാവിന്റെ മഹത്വത്തിൽ വരുമ്പോൾ തന്റെ ദർശനത്തിന് നമ്മെ യോഗ്യരാക്കിത്തീർക്കട്ടെ.

നോമ്പുകാരേ! നിങ്ങളുടെ അദ്ധ്വാനങ്ങളാൽ സ്തുതിയും നിങ്ങളുടെ സുകൃതനടപടികളാൽ സ്തോത്രവുമാകുന്ന സൽഫലങ്ങൾ ദൈവത്തിന് അർപ്പിപ്പീൻ. താൻ നിങ്ങളിൽ വസിപ്പാനായി നിങ്ങളുടെ ശരീരങ്ങളെയും ആത്മാക്കളെയും ശുദ്ധീകരിപ്പിൻ.

സത്യത്തിന്റെ നാഥനായ ദൈവമേ, നിന്റെ രക്തത്താൽ ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തേണമേ. ഞങ്ങൾ നിന്റേതായി തീരുമാറാകേണമേ. പിശാച് ഞങ്ങളെ നടത്തി. അവന്റെ ഉപായത്താൽ ഞങ്ങൾ അവനോടൊന്നിച്ചു ജീവിച്ചു. ഞങ്ങളെ ജീവിപ്പിക്കുവാൻ വന്ന വലിയ രക്ഷകനേ, നിന്റെ കോട്ടയ്ക്കുള്ളിലേക്കു ഞങ്ങൾ പ്രവേശിച്ചു അവിടെ ഞങ്ങൾ മറയ്ക്കപ്പെടുമാറാകേണമേ. ജീവിത തുറമുഖത്തേക്കു ഞങ്ങളെ കൊണ്ടുചെന്നു ആക്കുകയും ചെയ്യേണമേ.

കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച്, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

## ഗീതം

(തൌ-നിമാർ-രീതി)

നീതിപുണ്യം ധരിച്ചവരാം-വിശുദ്ധരെ നാം ഓർക്കയിൽ
നാഥനു നാം കൂട്ടമായ് - പാടിടേണം സ്തുതിയേ
ആയവരിൽ ആദ്യൻ-അബ്രാം സുതൻ മൂശെ
നിബിയരിൽ ദാ-നിയേൽ ഏശായാ-യും...
ബാബെലെ ജയിച്ച-ബാലകരാംമൂവർ
സഹദേന്മാരിൽ ആദ്യൻ പരിശുദ്ധസ്തേ-ഫാനോസും
ഇവർ നടുവിൽ കൂടെ-ഈ സഭയിൻ സ്ഥാപകൻ
ഇന്ത്യായിൻ ഗുരുവാം മാർത്തോമ്മാ ശ്ലീഹായും ബാറെക്മോർ

*ശുബഹോ ലാബോ ലബ്റോ വൽ-റൂഹോ കാദീശൊ.*
*മെൻഓലം വാദാമ്മൊൽ ഓലം ഒൽ-മ്മീൻ ആമ്മീൻ.*

തിരുസഭതൻ താർക്കികരോ-ടുര ചെയ്യുന്നതീ വിധം
എൻ പണി കീപ്പാമേൽ - പന്തിരു ശ്ലീ-ഹന്മാർ തൂൺ
മേൽപ്പണിയായെന്നിൽ-സ്ഥാപിക്കപ്പെട്ടോർ
അതി മഹത്തായ രക്തത്താൽ-വിശുദ്ധരായ് തീ-ർന്നവരത്രെ
നിബിയന്മാരിൽ എൻ നില-ശ്ലീഹന്മാരിലെൻ സ്ഥിരത
ബലമേറും കോട്ടയായ്-സഹദേന്മാർ സ്ഥാപിതമെന്നിൽ
ഈ വിധ പൂർണ്ണഗൃഹമായ് - ക്രിസ്തുവിൽ സ്ഥിരമാക്കിയ
വിശുദ്ധാത്മാ-ലംകൃതയാം - മണവാട്ടി ഞാനാകുന്നു
മൊറിയൊ റാഹേംമ്മേലൈനൂ ആദാറൈൻ

## കുക്കിലിയോൻ

എൻ പ്രാർത്ഥന കേൾക്കണമേ നാഥാ ഹാ-ഉ-ഹ
എന്റെ വിലാപം പൂകണമേ തിരുസന്നിധിയിൽ
പുകപോലെൻ നാളുകളില്ലാതായ് ഹാ-ഉ-ഹ
എന്നസ്ഥികൾ വെണ്ണീ-റിനു സമമായ്. ബാറെക്മോർ
*ശുബഹോ ലാബോ ലബ്റോ വൽ-റൂഹോ കാദീശൊ.*
*മെൻഓലം വാദാമ്മൊൽ ഓലം ഒൽ-മ്മീൻ ആമ്മീൻ.*

## എക്ബൊ

ഞങ്ങളെ നൽ നിലമാക്കണമേ-നാ-ഥാ നിൻ കൃപയാൽ
തിരുവചനത്തിൻ വിത്തുകളാ-ത്മാ-വിൽ വളരണമേ
*സ്തൗമെൻകാലോസ് - കുറിയേലായിസ്സോൻ.*

ബലവാനായ പരാക്രമിയേ, കഠിനമായ വികാരങ്ങൾ ചഞ്ചലപ്പെടുത്തിയിരിക്കുന്ന പീഡിതമായ ഹൃദയത്തിനുള്ളിൽ നീ പ്രവേശിച്ച് അവയെ എല്ലാം ബഹിഷ്കരിച്ചു

നിന്റെ തൊഴുത്തിൽ ഒരു കുഞ്ഞാടായി എന്നെയും ഗണിക്കേണമേ. എന്റെ ആത്മമുറിവുകളെ സുഖപ്പെടുത്തേണമേ. എന്റെ ദോഷങ്ങൾ നിന്നാൽ പരിഹരിക്കപ്പെടുമാറാകേണമേ. സ്തൗമെൻകാലോസ് - കുറിയേലായിസ്സോൻ.

## മാർ അപ്രേമിന്റെ ബോവൂസൊ

1. തന്റെ നോമ്പാൽ ഞങ്ങളെ സ്വാതന്ത്ര്യമാക്കിയ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.

2. മോശയുടെ നോമ്പാൽ അവന്റെ മുഖരൂപം പ്രകാശിച്ചു സൂര്യകിരണങ്ങളേക്കാളും അവന്റെ മുഖദർശനം വിളങ്ങി. സിനായ്മലയിൽ അവൻ നാൽപ്പതു ദിവസം നോമ്പുനോറ്റു.

3. തന്റെ പുത്രന്റെ നോമ്പുമൂലം നമ്മെ രക്ഷിച്ച കാരുണ്യവാനായ പിതാവിനു സ്തുതി. ഉപവസിച്ച് നമ്മെ വിജയിപ്പിച്ച തന്റെ പുത്രനു സ്തോത്രം. നോമ്പിൽ പ്രീതനായി അനുകൂലപ്പെടുന്ന പരിശുദ്ധ റൂഹായ്ക്കു വന്ദനം.

4. തന്റെ നോമ്പാൽ ഞങ്ങളെ സ്വതന്ത്രമാക്കിയ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യേണമേ. ഞങ്ങൾക്കുവേണ്ടി ഉപവസിച്ചവനായ മ്ശിഹാ ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊള്ളണമേ.

*(അല്ലെങ്കിൽ ഗീതം)*

തൻ നോമ്പാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഞങ്ങളെ നോമ്പാൽ രക്ഷിച്ച
മ്ശിഹാ കാരുണ്യം ചെയ്ക

മോശാ തൻ മുഖചർമ്മത്തി-
ന്നുണ്ടായി നോമ്പാൽ ശോഭ
സൂര്യൻ തൻ കതിരേക്കാളും
ആ വദനം ചിന്തി ദീപ്തി

നമ്മെ പുത്രൻ തൻ നോമ്പാൽ
രക്ഷിച്ചോൻ താതൻ സ്തുത്യൻ
നോമ്പിൽ പ്രീതിപ്പെട്ടീടും
പാവനനാം റൂഹാ വന്ദ്യൻ

തൻ നോമ്പാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ

## സമർപ്പണ പ്രാർത്ഥന

(എല്ലാവരും ചേർന്ന്)

എന്റെ കർത്താവേ, ഇതാ നിന്റെ അടുക്കലേക്കു ഞാൻ എന്റെ കൈകളെ നീട്ടിക്കൊണ്ട് നിന്റെ കരുണയെ എന്റെ കണ്ണുകൾ നോക്കിപ്പാർത്തിരിക്കുന്നു. ഞാൻ നിന്നെ നോക്കി വിളിച്ച് നിന്നിൽ ശരണം വെച്ച് നിന്നോടു യാചിക്കയും ചെയ്യുന്നു. എന്നെ മറന്നു കളയുകയും ഉപേക്ഷിച്ചു കളയുകയും അരുതേ. എന്നെ ദ്വേഷിക്കുന്നവർക്ക് നിന്ദയും, നിന്ദിക്കുന്നവർക്ക് പരിഹാസവുമായിട്ട് എന്നെ ആക്കരുതേ. എന്റെ കുറ്റത്തിൽ സാത്താൻ സന്തോഷിക്കയും എന്റെ പിഴകളിൽ അസൂയക്കാരൻ നിഗളിക്കുകയും ചെയ്വാൻ ഇടവരരുതേ. നിന്റെ ആട്ടിൻ തൊഴുത്തിൽ നിന്നു ഞാൻ പുറത്താകുകയും നിന്റെ വീഥിയിൽ നിന്നു ഞാൻ പുറത്താകുകയും നിന്റെ വഴിയിൽ നിന്നു ഞാൻ തെറ്റിപ്പോകയും അരുതേ. നിന്റെ കൃപ എന്നിൽ നിന്നു നിക്കിക്കളയുകയും നിന്റെ കരുണയുടെ ചിറകുകളിൽ നിന്ന് എന്നെ തള്ളികളയുകയും അരുതേ. നിന്റെ കാരുണ്യത്താൽ എന്നെ നീ പരിപാലിച്ചു നിനക്കുള്ളവനാക്കിത്തീർക്കുകയും, എന്നെ വെടിപ്പാക്കി ശുദ്ധികരിച്ച് രക്ഷിച്ചുകൊള്ളുകയും ചെയ്യേണമേ. ആമ്മീൻ.

പാഠങ്ങൾ - വി- ഏവൻഗേലിയോൻ - കീർത്തനം- ധ്യാനം

വിശ്വാസപ്രമാണം -ലുത്തിനിയ - അപേക്ഷ (പുറം 7-10)

ശയനനമസ്കാരം..................(പുറം-14)

കൌമ്മാ...................................(പുറം-1)

ഹുത്താമ്മ................................(പുറം-10)

ആശീർവാദം.............................(പുറം-11)

## നമസ്കാരം — വെള്ളിയാഴ്ച

കാരുണ്യവാനായ പിതാവേ, ഞങ്ങൾക്കു നിന്റെ കൃപയാൽ പാപ പരിഹാരം തരേണമേ. സകലത്തേയും വെണ്മയാക്കുന്ന നിന്റെ സോപ്പാകൊണ്ട് ഞങ്ങളുടെ കറകളെ വെടിപ്പാക്കണമേ.നിന്റെ കൃപയെ സ്തോത്രം ചെയ്‌വാനായി ഞങ്ങളുടെ വൃണങ്ങളെ സുഖപ്പെടുത്തേണമേ. വീണുപോയ ഞങ്ങൾ നിന്നാൽ വലിച്ചെടുക്കപ്പെട്ടു നിൽക്കുമാറാകേണമേ. എന്തെന്നാൽ വീണുപോയ എല്ലാവരേയും എഴുന്നേല്പ്പിക്കുന്നവൻ നീയാകുന്നുവല്ലോ. തൃക്കരം നീട്ടിത്തരേണമേ. നിന്റെ കരുണയാൽ ഞങ്ങൾ ജീവിച്ചുകൊള്ളട്ടെ.നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിപ്പാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കി തീർക്കേണമേ. ഹോശോ... ആമ്മീൻ

### 129–ാം മസ്മൂർ

1. യിസ്രയേൽ ഇപ്രകാരം പറയട്ടെ; എന്റെ ചെറുപ്പം മുതൽ അവർ എന്നെ വളരെ പീഡിപ്പിച്ചു.
2. അവർ ചെറുപ്പം മുതൽതന്നെ എന്നെ വല്ലാതെ ഉപദ്രവിച്ചു. എങ്കിലും അവർ എന്നെ ജയിച്ചില്ല.
3. ഉഴവുകാർ എന്റെ പുറം ഉഴുത് ഉഴവുചാലുകൾ നിള്ളമുള്ളതാക്കി.
4. എങ്കിലും യഹോവ നീതിമാൻ; അധർമ്മികളുടെ പാശങ്ങളിൽനിന്ന് അവിടുന്ന് എന്നെ സ്വതന്ത്രനാക്കി.
5. സിയോനെ വെറുക്കുന്നവർ ലജ്ജിതരായി പിരിയട്ടെ.
6. വളരുന്നതിനുമുമ്പേ കരിഞ്ഞുപോകുന്ന പുരപ്പുറത്തെ പുല്ലുപോലെ അവർ ആകട്ടെ.
7. അവയെക്കൊണ്ട് കൊയ്ത്തുകാരൻ തന്റെ കൈകൾ നിറയ്ക്കുന്നില്ല; ശേഖരിക്കുന്നവൻ തന്റെ ഭുജങ്ങളിൽ അവയെ അണയ്ക്കുന്നില്ല.
8. യഹോവയുടെ അനുഗ്രഹം നിനക്കുണ്ടാകും; യഹോവയുടെ നാമത്തിൽ ഞങ്ങൾ നിങ്ങളെ അനുഗ്രഹിക്കുന്നു. എന്നു വഴിപോകുന്നവർ പറയുന്നുമില്ല.

ദൈവമേ സ്തുതി നിനക്കു യോഗ്യമായിരിക്കുന്നു.

ബാറെക്മോർ.

പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി. ആദിമുതൽ എന്നന്നേക്കും തന്നെ - ആമ്മീൻ.

## എനിയോനൊ

1. എല്ലാ തലമുറകളിലും നീതിമാന്മാർ നോമ്പാൽ കർത്താവിനെ പ്രസാദിപ്പിച്ചു. നാമും കാരുണ്യവാനായ കർത്താവിനെ നമ്മുടെ നോമ്പാൽ പ്രസാദിപ്പിക്കണം.
2. നോമ്പാൽ മോശ സീനായി മലയിൽവച്ച് കർത്താവിനെ പ്രസാദിപ്പിച്ചു. താൻ അവനു കല്പനകൾ കൊടുക്കയും അവനെ ഏറ്റം ശ്രേഷ്ഠതപ്പെടുത്തുകയും ചെയ്തു.
3. മോശ നോമ്പാൽ സീനായി മലയിൽവച്ച് അഗ്നിമയന്മാരുടെ നിരകളെയും, അവരാൽ ആഘോഷിക്കപ്പെടുന്ന കർത്താവിനെയും അത്ഭുതപൂർവ്വം കണ്ടു.
4. ഏലിയായുടെ നോമ്പാൽ അവന്റെ പ്രാർത്ഥന കേൾക്കപ്പെട്ടു. ഉയരത്തിൽ നിന്നു അഗ്നി ഇറങ്ങി അവന്റെ കാഴ്ചയെ കൈക്കൊണ്ടു.
5. നോമ്പാലും പ്രാർത്ഥനയാലും നിനവെ രക്ഷപ്രാപിച്ചു. നോമ്പിലും പ്രാർത്ഥനയാലും ജാഗ്രതപ്പെട്ടിരിക്കുന്നവനു ഭാഗ്യം.
6. നോമ്പാൽ ശത്രുവായ ദുഷ്ടനെ ജയിക്കണമെന്ന് നമ്മുടെ കർത്താവ് നോമ്പുനോറ്റ് സഭയെ പഠിപ്പിച്ചു.

സ്തൗമെൻകാലോസ്... കുറിയേലായിസ്സോൻ

## പ്രോമ്യോൻ

തന്റെ കരുണയ്ക്കായി യാചിക്കുന്ന പാപികളെ പുണ്യപ്പെടുത്തുന്ന നീതിയിൻ സൂര്യനും തന്റെ ജ്ഞാനത്താൽ ഭൂതലത്തെ പ്രശോഭിപ്പിച്ച അനാദ്യന്ത പ്രകാശവുമായ മ്ശിഹാ തമ്പുരാന്, പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ... ആമ്മീൻ.

## സെദറാ

ദൈവമായ കർത്താവേ, പ്രഭാതത്തിൽ നിന്നു ഞങ്ങളെ ഈ സന്ധ്യയിലേക്ക് നീ കൊണ്ടുവന്നിരിക്കുന്നു. നശ്വരമായ ഈ സന്ധ്യാസമയത്ത് ആനന്ദിപ്പാനും സ്തുതിപ്പാനും ഞങ്ങൾക്കു നീ കൃപ നൽകേണമേ. സാക്ഷാൽ പ്രകാശവും നല്ല ഇടയനുമായ ഞങ്ങളുടെ കർത്താവേശുമ്ശിഹായേ, ജയകരമായ നിന്റെ സ്ലീബായാൽ നീ രക്ഷിച്ചിട്ടുള്ള പരിശുദ്ധസഭയോട് നിനക്കു ദയവുതോന്നേണമേ. നിന്റെ കല്പനകളുടെ വഴിയിലേക്ക് ഞങ്ങളെ നടത്തേണമേ. വിവിധ പരിക്ഷകളിൽ പെട്ടിരിക്കുന്നവരെ രക്ഷിക്കേണമേ. കർത്താവേ, ഭയങ്കരമായ ആ കടവിൽ നിന്നും അഗ്നികടലിൽ നിന്നും ബാബേലിലെ അഗ്നിച്ചൂളയിൽ നിന്നു ആ പൈതങ്ങൾ രക്ഷപ്പെട്ടതുപോലെ ഞങ്ങളെയും രക്ഷിച്ചുകൊള്ളണമേ. കർത്താവേ, നിന്റെ കൃപ ലോകമൊക്കെയുടെയും മേൽ വിരിക്കേണമേ. നിന്റെ ദാനങ്ങളെ വർഷിക്കേണമേ. ഭരണാധികാരി കൾക്കും ന്യായാധിപന്മാർക്കും സമാധാനവും പട്ടക്കാർക്ക് ഐക്യവും ഞങ്ങൾക്കെല്ലാവർക്കും കടങ്ങളുടെ പരിഹാരം നല്കേണമേ. ത്രിത്വത്തിന്റെ കൃപയും കരുണയും ആവാസവും ലോകാവസാന ത്തോളം ഞങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കേണമേ. ഹോശോ..... ആമ്മീൻ.

## കോലൊ

കർത്താവേ, പ്രഭാതത്തിൽ ഞങ്ങളുടെ ശബ്ദം കേൾക്കേണമേ. കർത്താവേ, നീ വരുന്നതായ ആ ശ്രേഷ്ഠമായ പ്രഭാതത്തിൽ നിങ്ങളെ ഞാൻ അറികയില്ല എന്നു കല്പിക്കരുതേ. തിരുശരീരം ഞങ്ങൾക്കു അച്ചാ രമായും കുറ്റമറ്റ തിരുരക്തം ലോകത്തിന്റെ പാപപരി ഹാരമായും നല്കീട്ടുണ്ടല്ലോ. ജാതികൾ അതിൽ സന്തോഷിച്ചു സ്തുതിപാടുന്നു.

നിത്യനായ കർത്താവേ, നിന്റെ കരുണയാലും നിന്റെ ഔഷധങ്ങളാലും ഞങ്ങളുടെ വൃണത്തെ സുഖ പ്പെടുത്തണമേ. കർത്താവേ, നിനക്കു തരുവാൻ ഞങ്ങ

ളുടെ കൈവശമൊന്നുമില്ല. നീ ഐശ്വര്യസമ്പൂർണ്ണനാകായാൽ ഞങ്ങളിൽ നിന്നു വാങ്ങേണ്ട ആവശ്യമില്ലല്ലോ. നിന്റെ കൃപയാൽ ഞങ്ങളുടെ കുറവിനെ പരിഹരിക്കേണമേ.

കർത്താവേ, നാളെ ഞങ്ങൾ അനുതപിച്ചുകൊള്ളാമെന്ന് ഞങ്ങൾ വാഗ്ദത്തം ചെയ്തു. ഞങ്ങൾക്കു അനുതാപമോ, അതിനെക്കുറിച്ചുള്ള ചിന്തയോ ഇല്ലതാനും. കർത്താവേ, നിന്നിൽ ഞങ്ങൾ പ്രത്യാശിക്കയാൽ ഞങ്ങളോടു കരുണ ചെയ്യേണമേ. ഞങ്ങളുടെ പ്രാർത്ഥന തിരുവിഷ്ടത്തിനു സ്വികാര്യമായിരിക്കേണമേ. ഞങ്ങളുടെ യാചനകൾ നിന്റെ സിംഹാസനത്തിങ്കൽ പ്രവേശിക്കുമാറാകേണമേ എന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

കർത്താവേ, അനീതിയാകുന്ന ചെളി ഞങ്ങളിൽ പുരണ്ടിരിക്കുന്നു. ദുർഗന്ധത്താൽ ഞങ്ങൾ വളരെ വിഷമിക്കയും ചെയ്യുന്നു. സകലത്തേയും ശുദ്ധികരിക്കുന്ന നിന്റെ തൈലത്താൽ ഞങ്ങളെ സുഗന്ധമുള്ളവരാക്കേണമേ. കർത്താവേ, നിന്റെ ആത്മാവിന്റെ പുതുക്കത്താൽ ഞങ്ങളെ സന്തോഷിപ്പിക്കേണമേ. സാത്താന്റെ കൈയ്യാൽ ഞങ്ങൾ നശിക്കാതെ ഞങ്ങളെ രക്ഷിക്കേണമേ.

കർത്താവേ, വരുന്ന ആ പ്രഭാതം ഹാ എത്ര ഭയങ്കരം. അതു സിംഹത്തെപ്പോലെ ഗർജ്ജിക്കും. സൃഷ്ടികൾ വിറയ്ക്കും. ന്യായാധിപൻ ഉപവിഷ്ടനാകും. പുസ്തകങ്ങൾ തുറക്കപ്പെടും. സർവ്വ രഹസ്യങ്ങളെയും അവൻ വെളിപ്പെടുത്തുകയും ചെയ്യും. രഹസ്യങ്ങളെല്ലാം അറിയുന്നവനേ, ദയതോന്നി ഞങ്ങളോടു കരുണ ചെയ്യേണമേ.

കർത്താവേ, നിന്റെ വിധി ഭയങ്കരം. ഞങ്ങളുടെ കടങ്ങളും വളരെയധികം. നീ കോപിക്കുന്നു. ഓടി ഒളിക്കുവാൻ ഞങ്ങൾക്കു സാദ്ധ്യമല്ലാതായിരിക്കുന്നു. ഞങ്ങളെപ്രതി ന്യായവിസ്താരത്തിലേക്കു നിന്നെ അയച്ച സ്നേഹം നിമിത്തം ന്യായവിധിക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. ഞങ്ങളുടെ കടങ്ങൾ ഓർക്കയുമരുതേ. നീതിമാനായ ന്യായാധിപനേ, കരുണതോന്നി ഞങ്ങളോടു ദയ ചെയ്യണമേ.

നല്ല ഇടയനേ, നിന്റെ ചുമലുകളിൽ വഹിക്കപ്പെടുവാൻ ഞങ്ങൾ ആഗ്രഹത്തോടിരിക്കുന്നു. നശിച്ചുപോയ ആടുകളെ കണ്ടുപിടിച്ച് വഹിച്ചു കൊണ്ടുപോകുക നിന്റെ പതിവാണല്ലോ. ആകയാൽ കർത്താവേ, നിന്റെ കരുതൽ ഞങ്ങളിൽ കാണിക്കേണമേ. അനുതാപികളെ സ്നേഹിക്കുന്ന കർത്താവേ, നിനക്കു സ്തുതി.

കർത്താവേ ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങൾക്ക് സഹായം ചെയ്യേണമേ.

## കോലോ

തകർന്നിരിക്കുന്നവരെയെല്ലാം കുത്തിക്കെട്ടി സുഖപ്പെടുത്തുന്നവനേ, ഞങ്ങളുടെ തകർച്ചയെ നീ യഥാസ്ഥാനപ്പെടുത്തേണമേ. വിലപിച്ചിരിക്കുന്ന ഏവരേയും ആശ്വസിപ്പിക്കുന്നവനേ, നിന്റെ ആത്മാവാൽ ഞങ്ങളെ ആശ്വസിപ്പിക്കേണമേ. നീ ഉയരത്തിന്റെയും ആഴത്തിന്റെയും സമാധാനമാകുന്നു. നീ രാജ്യങ്ങളുടെയും അധികാരകേന്ദ്രങ്ങളുടെയും സംപ്രീതിയുമാകുന്നു. ബാറെക്മോർ.

പ. *പിതാവിനും......*

ജ. *ആദിമുതൽ.....*

ഞങ്ങളുടെ കർത്താവേ, ഘനം കുറഞ്ഞ ഇമ്പമുള്ള നിന്റെ നുകത്തെ ഞങ്ങളുടെ കഴുത്തുകൾ വഹിക്കുമാറാകേണമേ. ഞങ്ങളുടെ പ്രാർത്ഥനകളും യാചനകളും തിരുമുൻപാകെ പ്രവേശിക്കുമാറാകേണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും വിശുദ്ധാത്മാവിനെയും സ്തുതിപ്പാനായി ഞങ്ങളുടെ വായ്കളെയും അധരങ്ങളെയും നാവുകളെയും തുറന്നു തരേണമേ.

കർത്താവേ ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങൾക്ക് സഹായം ചെയ്യേണമേ.

## കുക്കിലിയോൻ

പിതാവു മക്കളോടു കരുണ ചെയ്യുന്ന പ്രകാരം കർത്താവു തന്നെ ഭയപ്പെടുന്നവരോടു കരുണ ചെയ്യുന്നു.

മനുഷ്യന്റെ ദിവസങ്ങൾ പുല്ലുപോലെ യാകുന്നു. വയലിലെ പുഷ്പം പോലെ അവൻ മുളയ്ക്കുന്നു. ബാറെക്മോർ.

അല്ലെങ്കിൽ ഗീതം

മക്കളിലപ്പൻ ദയ ചെയ്‌വതുപോലെ - ഹാലേലൂയ്യാ
ഭക്തന്മാരിൽ ദൈ-വം കൃപ ചെയ്യും
പുല്ലിനും തുല്യം നരനുടെ നാൾകളഹോ- ഹാലേലൂയ്യാ
പൂക്കുന്നിതു വയലിൽ-പൂ-ച്ചെടിപ്പോലെ. ബാറെക്മോർ
ശുബഹൊ ലാബോ ലബ്റൊ വൽ-റൂഹോ കാദീശൊ
മെൻ ഓലം വാദാമ്മൊൽ ഓലം ഒൽ-മ്മീൻ ആമ്മീൻ

## എക്ബൊ

പറുദീസാ വിശുദ്ധന്മാരുടെ സ്ഥലമാകുന്നു. പറുദീസാ നീതിമാന്മാരുടെ വാസസ്ഥലമാകുന്നു. പറുദീസാ അക്ഷയ ജീവനാകുന്നു. പറുദീസാ നാശമില്ലാത്ത മണിയറയാ കുന്നു. അതിൽ അവകാശിയായി തീരുവാൻ അർഹനായവൻ തന്നെ ഭാഗ്യവാൻ.

*(അല്ലെങ്കിൽ ഗീതം)*

പരിശുദ്ധന്മാർ തൻ-ദേശം പറുദീസാ
നീതിപരന്മാർ തൻ-ഗേഹം പറുദീസാ
ദൈവസുതന്മാർ തൻ-ഭവനം പറുദീസാ

ശാശ്വതമായീടും ജീവൻ പറുദീസാ
നാശം തീണ്ടാത്തോ-രറ താൻ പറുദീസാ
പറുദീസാ നേടും-മനുജൻ ധന്യൻ താൻ

*സ്തൗമെൻകാലോസ് - കുറിയേലായിസ്സോൻ.*

## കോലൊ

കർത്താവേ, നിന്റെ ദാസരായ നോഹും, അബ്രഹാമും അർപ്പിച്ച ബലികളെ നീ സ്വീകരിച്ചതു പോലെ, ഞങ്ങൾ നിനക്കർപ്പിക്കുന്ന യാഗങ്ങളെ ഞങ്ങളിൽ നിന്നും അംഗികരിക്കണമേ.

മരിച്ചവരെ ജീവിപ്പിക്കുന്നവനേ, നിനക്കു സ്തുതി സംസ്കരിക്കപ്പെട്ടിരിക്കുന്നവരേ ഉയർപ്പിക്കുന്നവനേ, നിനക്കു സ്തുതി. നിന്നെ അയച്ചപിതാവിനും വിശുദ്ധാത്മാവിനും സ്തോത്രം.

കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങൾക്കു സഹായം ചെയ്യേണമേ.

# മാർ യാക്കോബിന്റെ ബോവൂസൊ

1. നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും നോമ്പിനെ കൈകൊണ്ടവനായ മ്ശിഹാ, ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊണ്ടു ഞങ്ങളോടു കരുണ ചെയ്യേണമേ.
2. നിനക്കു പ്രയോജനം ചെയ്യാത്ത സമ്പാദ്യത്തിനായി നിത്യവും ഓടത്തക്കവണ്ണം ഈ ലോകധനം നിന്നെ തെറ്റിക്കയും കുഴയ്ക്കുകയും ചെയ്യുന്നതെന്ത്? നിന്റെ സമ്പാദ്യത്തിന്മേൽ നിത്യവും വർദ്ധിപ്പിക്കുവാ നായി നീ ഇതാ ഉഴറുന്നു. നീ അത് ശേഖരിച്ച് കഴിയുമ്പോൾ എല്ലാംകൂടി ഒരു നാഴികനേരം മാത്രം നിൽക്കുന്നു.
3. നിന്റെ സമ്പാദ്യത്തെ വരുത്തുക. നിന്റെ നിക്ഷേപം കൊണ്ടുവരികയും നിന്റെ ധനം കൂട്ടിവയ്ക്കയും ചെയ്ക. അപകടത്തിൽ നിന്നു നിന്നെ രക്ഷിപ്പാൻ അതിനു കഴിയുമെങ്കിൽ അതു നിന്റേതായിരുന്നുകൊള്ളട്ടെ. എന്നാൽ നിന്റെ ധനത്തിന് നിന്റെ ആഗ്രഹത്തെ കെടുത്തുവാൻ ശക്തിയില്ലെങ്കിൽ അതിന്റെ പ്രയോജനം എവിടെ? പ്രയോജനമില്ലെങ്കിൽ അതിനെ നീ എന്തിനു സമ്പാദിക്കുന്നു.
4. മോശയുടെ നോമ്പിനെയും അവന്റെ താഴ്മയേയും കൈക്കൊണ്ടവനായ മ്ശിഹാ ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെമേൽ കരുണ ചെയ്യണമേ.

### ഗീതം

(മാർ യാക്കോബിന്റെ മറ്റൊരു ബോവൂസൊ)

കർത്താ ! കർത്താ !-വിളിക്കുന്നെങ്ങൾ
　　തുണയ്ക്കായി വരിക
പ്രാർത്ഥന കേട്ടി-ട്ടടിയാരുടെ മേൽ
　　കൃപ-ചെയ്യണമേ.
കർത്താ ! കൃപയാൽ-നിന്നനുഗ്രഹത്താൽ
　　ജീ-വിക്കണേ ഞാൻ
ധനവാനെപോൽ-ഞാൻ നരകത്തിൽ
　　ദുഖിക്കരുതേ.
നീരിൻ പടകിൽ-തീക്കടൽ താണ്ടാൻ
　　കൃപ-നൽകണമേ.
തീജ്വാലകളിൻ- വിഷമതയെന്നെ
　　ബാധിക്കല്ലേ.
നിൻ കൃപയാലാശ്വാസ-തുറമുഖ-
　　ത്തടു-പ്പിക്കണമേ.
തീജ്വാലയതിൻ ഓ-ളങ്ങളിൽ ഞാൻ
　　മുങ്ങീടരുതേ.

തീച്ചൂളയിലും സിംഹക്കുഴിയിലും
ഹാനനിയന്മാർ
ദാനിയേലും സ്തുതിചെയ്തതുപോൽ- ഞാൻ
സ്തുതി ചെയ്യണമേ
ഉത്തരമരുൾക-അരുൾക ദേവാ
അനുഗ്രഹിക്ക
മർത്ത്യർ ചിത്തം അനുതാപേ നീ-
വരുത്തീട-ണ-മേ.

## സമർപ്പണ പ്രാർത്ഥന

(എല്ലാവരും ചേർന്ന്)

പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നവനാ യുള്ളോവേ, നിന്റെ വലത്തു ഭാഗത്ത് എന്നെ ഇരുത്തേണമേ. നിന്റെ കരുണയുടെ പെരുപ്പം എന്റെമേൽ ആവസിപ്പിക്കേണമേ. ദീർഘക്ഷമയും, കൃപയും, വിശുദ്ധിയും ധാരാളമുള്ളവനേ, എന്നോടു ദീർഘക്ഷമയുള്ളവനായിരിക്കേണമേ. കോപിച്ചിരുന്ന സമുദ്രത്തിന്റെ ഓളങ്ങളെ ശാന്തമാക്കിയവനേ, എന്റെ പാപവികാരങ്ങളുടെ ഓളങ്ങളെ നീ ശാന്തമാക്കേണമേ. നുറുങ്ങിയ ഹൃദയമുള്ളവർക്ക് സമീപസ്ഥനായിരിക്കുന്നവനേ, നിങ്കലേക്ക് എന്റെ ആത്മാവിനെ അടുപ്പിക്കേണമേ. കുറ്റങ്ങളും പാപങ്ങളും ക്ഷമിക്കുന്നവനേ, എന്റെ കുറ്റങ്ങളും പാപങ്ങളും എന്നോട് ക്ഷമിക്കണമേ. സ്വന്ത ദാസന്മാരെ കാത്തു സൂക്ഷിക്കു ന്നവനേ, ഞാൻ ദോഷം നിരൂപിക്കയോ, സംസാരിക്കയോ, പ്രവർത്തിക്കയോ ചെയ്യാതിരിപ്പാൻ എന്റെ വാക്കിനും അധരങ്ങൾക്കും ഹൃദയത്തിനും കാവൽക്കാരനെ നീ ആക്കേണമേ. എന്റെ നിരൂപണങ്ങളും വിചാരങ്ങളും പ്രവൃത്തികളും എന്റെ നടപടികളും എനിക്കുള്ള സകലവും നന്മയിലേക്ക് നയിക്കപ്പെടുകയും ചെയ്യുമാറാകേണമേ.
ആമ്മീൻ.

പാഠങ്ങൾ - വി. ഏവൻഗേലിയോൻ- കീർത്തനം- ധ്യാനം

വിശ്വാസപ്രമാണം -ലുത്തിനിയ - അപേക്ഷ (പുറം 7-10)

ശയനനമസ്കാരം..................(പുറം-14)

കൌമ്മാ....................................(പുറം-1)

ഹുത്താമ്മ................................(പുറം-10)

ആശീർവാദം............................(പുറം-11)

## നമസ്കാരം — ശനിയാഴ്ച

സർവ്വശക്തനും കാരുണ്യവാനുമായ ദൈവമായ കർത്താവേ ഈ സമയത്ത് ഞങ്ങൾ നിന്റെ മുമ്പാകെ നിന്നുകൊണ്ട് ഞങ്ങളുടെ അകൃത്യങ്ങളുടെ ബഹുലതനിമിത്തം നിന്നോട് പ്രാർത്ഥിച്ച് യാചിക്കുന്നു. ഞങ്ങളുടെ കുറ്റങ്ങൾ പോലെ ഞങ്ങളെ ന്യായം വിധിക്കരുതെ. ഞങ്ങൾ തിരുസന്നിധിയിൽ അടുത്തുവരുന്നവരും നിന്റെ കരുണയ്ക്കായി വിളിച്ചപേക്ഷിക്കുന്നവരും നിന്റെ അനുഗ്രഹങ്ങൾ നിത്യേന അനുഭവിക്കുന്നവരുമായി തീരേണമേ. സകലത്തിന്റേയും പ്രഭുവും അധിപതിയുമായിരിക്കുന്ന ദൈവമേ, നിങ്കലേക്ക് മടങ്ങി വരുവാനും തിരുവചന പ്രകാരം ജീവിച്ച് ഞങ്ങളുടെ കാലം കഴിക്കുവാനും ഞങ്ങളെ നീ യോഗ്യതയുള്ളവരാക്കേണമേ. സ്തുതിയും സ്തോത്രവും പുകഴ്ചയും എന്നന്നേയ്ക്കും നിനക്ക് യോഗ്യമായിരിക്കുന്നു. ഹോശോ...... ആമ്മീൻ.

### 112-ാം മസുമൂർ

1. യഹോവയെ സ്തുതിപ്പിൻ, യഹോവയെ ഭയപ്പെടുകയും, അവിടുത്തെ കല്പ്പനകളിൽ പ്രമോദിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ.
2. അവന്റെ മക്കൾ ദേശത്തു പ്രബലന്മാരായിരിക്കും; പരമാർത്ഥികളുടെ തലമുറ അനുഗ്രഹിക്കപ്പെടും.
3. ഐശ്വര്യവും സമ്പത്തും അവന്റെ ഭവനത്തിലുണ്ട്. അവന്റെ നീതി എന്നേയ്ക്കും നിലനിൽക്കും.
4. നേരുള്ളവർക്ക് ഇരുട്ടിൽ വെളിച്ചം ഉദിക്കും; കരുണയും കൃപയും നീതിയും ഉള്ളവർക്കുതന്നേ.
5. ഔദാര്യത്തോടെ വായ്പ കൊടുക്കയും നീതിയോടെ കാര്യങ്ങൾ നിർവഹിക്കയും ചെയ്യുന്നവന് നന്മയുണ്ടാകും.
6. അവൻ ഒരിക്കലും കുലുങ്ങുകയില്ല. നീതിമാന്റെ ഓർമ്മ നിത്യവും നിലനിൽക്കും.
7. ദുർവാർത്തകളെ അവർ ഭയപ്പെടുകയില്ല; അവന്റെ ഹൃദയം സ്ഥിരവും യഹോവയിൽ ആശ്രയമുള്ളതുമായിരിക്കും.

8. അവന്റെ ഹൃദയം നിർഭയമായിരിക്കും. ഒടുവിൽ ശത്രുക്കളുടെ പരാജയം അവൻ കാണും.

9. അവൻ ദരിദ്രന്മാർക്ക് ഔദാര്യമായി നൽകും; അവന്റെ നീതി എന്നേക്കും നിലനിൽക്കും. അവന്റെ കൊമ്പ് അഭിമാനത്തോടെ ഉയർന്നു നിൽക്കും.

10. ദുഷ്ടൻ കണ്ട് അസ്വസ്ഥനാകും; അവൻ പല്ലുറുമി ഉരുകിപ്പോകും. ദുഷ്ടന്റെ പ്രതീക്ഷകൾ നിഷ്ഫലമായിത്തീരും. ദൈവമേ സ്തുതി നിനക്കു യോഗ്യമായിരിക്കുന്നു. ബാറെക്മോർ.

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ - ആമ്മീൻ.

## എനിയോനൊ

1. പുനരുത്ഥാന ദിവസത്തിൽ നോമ്പുകാർക്കു ഭാഗ്യം. എന്തെന്നാൽ അവർ പ്രഭയും തേജസ്സും മഹത്വവും ധരിക്കുന്നു.

2. നമ്മുടെ കർത്താവ് നോറ്റ നോമ്പാൽ, ദുഷ്ടനെയും അവന്റെ എല്ലാശക്തിയെയും ജയിപ്പാൻ തന്റെ സഭയെ താൻ പഠിപ്പിച്ചു.

3. നോമ്പാലും പ്രാർത്ഥനയാലും കർത്താവ് പ്രീതിപ്പെടുന്നു. അതിൽ ഉറ്റിരിക്കുന്നവൻ പരിശുദ്ധ റൂഹായുടെ വാസസ്ഥലമായിത്തീരുന്നു.

4. നിനുവായക്കാർ രട്ടിലും വെണ്ണീറിലും ഇരുന്ന് പരിശുദ്ധ നോമ്പിനെ നോൽക്കുകയും ദൈവത്തൊടു നിരപ്പാകുകയും ചെയ്തു.

5. പർവ്വതത്തിൽവെച്ച് മോശ പരിശദ്ധമായ നോമ്പു നോല്ക്കയും, മേഘതമസ്സിനുള്ളിൽ അവന്റെ മുഖം പ്രകാശിക്കയും ചെയ്തു.

6. ഏകജാതനായ പുത്രനെ അയച്ച പിതാവിനു സ്തുതി. താൻ നമുക്കുവേണ്ടി ഉപവസിക്കയും, ഉപവസിപ്പാൻ നമ്മെ പഠിപ്പിക്കയും ചെയ്തു.

7. നീതിമാന്മാർക്കും നോമ്പുകാർക്കും കൂലിയും പ്രതിഫലവും വാഗ്ദത്തം ചെയ്ത നല്ലവനായ തനിക്കു സ്തുതി.

സ്തൗമെൻ കാലോസ്-കുറിയേലായിസ്സോൻ.

## പ്രോമ്യോൻ

സൃഷ്ടാവായ ഏക ദൈവവും കരുണാനിധിയായ ഏക കർത്താവും പരിശുദ്ധ മൂന്നു ക്നുമ്മാകളായി അറിയപ്പെടുന്നവനുമായ കർത്താവിനു സ്തുതി. തനിക്ക് പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ....ആമ്മീൻ.

## സെദറാ

ആകാശത്തിന്റെയും ഭൂമിയുടെയും നിർമ്മാതാവും മനുഷ്യ വർഗ്ഗത്തെ രക്ഷിപ്പാനായി സ്വർഗ്ഗം തുറന്ന് ഇറങ്ങി വന്നവനുമായ കർത്താവേ, തിരു സന്നിധിയിൽ ഞങ്ങൾ കഴിക്കുന്ന പ്രാർത്ഥനകളും അപേക്ഷകളും കൈക്കൊള്ളേണമേ. ഞങ്ങളുടെ പാപങ്ങളെയും അതിക്രമങ്ങളെയും ഞങ്ങളോട് ക്ഷമിക്കണമേ. അകൃത്യം ചെയ്യുന്നവരേ തിരിക്കേണമേ. അനീതിക്കാരെ നീതിയുള്ളവരാക്കേണമേ. ദൂരസ്ഥരെ അടുപ്പിക്കണമേ. പാപികളോടു കരുണ ചെയ്യേണമേ. തെറ്റിപ്പോയവരെ സത്യമാർഗ്ഗത്തിലേക്ക് തിരികെ വരുത്തേണമേ. അശുദ്ധരെ വിശുദ്ധികരിക്കേണമേ. മോഹാതുരരെ പരിപാകതയുള്ളവരാക്കേണമേ. ബലഹീനരെ താങ്ങേണമേ. ഹൃദയം തകർന്നിരിക്കുന്നവരെ ആശ്വസിപ്പിക്കേണമേ. വീണു പോയവരെ എഴുന്നേൽപ്പിക്കേണമേ. ആത്മദുഃഖത്തോടിരിക്കുന്നവരെ ധൈര്യപ്പെടുത്തണമേ. പരിപൂർണ്ണത പ്രാപിച്ചവരെ കാത്തുകൊള്ളേണമേ. നന്മ ചെയ്യുന്നവരെ അനുഗ്രഹിക്കേണമേ. അനുതാപികളിൽ പ്രസാദിക്കേണമേ. കന്യാവൃതക്കാരെ പൂർണ്ണരാക്കേണമേ. നീതി പ്രവർത്തിക്കുന്നവരോടും വിശുദ്ധരോടും കൂടെ നീ എപ്പോഴും ഇരിക്കേണമേ. താഴ്മയുള്ളവരിൽ വസിക്കേണമേ. ഭിന്നിച്ചിരിക്കുന്നവരെ യോജിപ്പിക്കേണമേ. യുദ്ധങ്ങളെ ഇല്ലാതാക്കേണമേ. ന്യായാധിപന്മാരെയും ഭരണാധികാരികളേയും സമാധാനപ്പെടുത്തേണമേ. തിരുസഭയുടെ കൊമ്പിനെ ഉയർത്തേണമേ. അതിന്റെ മക്കൾക്കു സമാധാനം നല്കേണമേ. അതിൽ നിന്നു ഭിന്നതകളേയും നാശകരങ്ങളായ വേദവിപരീതോ

പദേശങ്ങളെയും മായിച്ചുകളയേണമേ. അതിനുവേണ്ടി പോരാടുന്ന ഇടയെന്മാരെ നീ എഴുന്നേല്പിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ....ആമ്മീൻ.

**കോലൊ**

ഞാൻ സർവ്വവും പരിശോധിച്ചു, ദൈവഭക്തിയേക്കാൾ നന്നായി ഞാൻ യാതൊന്നും കണ്ടില്ല. അതിനെ സ്നേഹിക്കുന്നവർക്ക് ഭാഗ്യം. നീതിമാനായ യൗസേഫ് അതിനെ സ്നേഹിച്ചു. അവൻ മിസ്രയീം രാജാവായിത്തീർന്നു. ശ്രേഷ്ഠനായ മോശ അതിനെ സ്നേഹിച്ചു. വടി കൊണ്ടവൻ കടലിനെ വിഭജിച്ചു. ഹനനിയ ആദിയായവർ അതിനെ സ്നേഹിച്ചു. അഗ്നിയിൽനിന്നും അത് അവരെ രക്ഷിച്ചു. അത് സ്വർണ്ണത്തേക്കാൾ ആഗ്രഹിക്കത്തക്കതും തേൻകട്ട യേക്കാൾ മധുരതരവും ആകുന്നു. ദൈവഭക്തിയെ സ്നേഹിക്കുന്നവനു ഭാഗ്യം.

കർത്താവേ, നിന്റെ കൃപാധികൃത്താൽ ഞങ്ങളോടു കരുണ ചെയ്യേണമേ. നിന്റെ ദയയാൽ ഞങ്ങളുടെ കടങ്ങൾ പരിഹരിക്കേണമേ. തിരമാലകളുടെ ഇടയിൽവച്ച് പത്രോസിനു തൃക്കരം നീട്ടിക്കൊടുത്തതിന് അവൻ മുങ്ങിപ്പോകാതിരുന്നതു പോലെ, സ്വർഗ്ഗത്തിൽ നിന്ന് തൃകൈ നീട്ടി ഞങ്ങളെ വലിച്ചെടുക്കേണമേ. കർത്താവേ, ഞങ്ങൾ പാപം ചെയ്തുപോയി എന്ന് ഏറ്റുപറയുന്നു. ആ പാപിയായ സ്ത്രീയേപ്പോലെ ഞങ്ങൾ നിലവിളിക്കുന്നു. ആ ചുങ്കക്കാരനെപ്പോലെ ഞങ്ങൾ യാചിക്കുന്നു. കരുണനിറഞ്ഞ യേശുവേ നിന്റെ കൃപയാൽ ഞങ്ങളോട് കരുണ ചെയ്യേണമേ.

കർത്താവേ ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങൾക്ക് സഹായം ചെയ്യേണമേ.

*(അല്ലെങ്കിൽ ഗീതം)*

എല്ലാം ഞാൻ പരിശോധിച്ചു
ദൈവഭയത്തേക്കാൾ-ശ്രേഷ്ഠം

ഞാൻ ദർശി-ച്ചില്ലതിനെ...
സ്നേഹിപ്പോർ ധന്യർ
നീതിപരൻ ശ്രേഷ്ഠൻ യൗസേപ്പ-
തിനെ സ്നേഹിച്ചു.
ശ്രേഷ്ഠൻ മോശ വിഭാഗിച്ചു
വടിയാൽ വാരി-ധിയെ
ഹാനനിയെന്നവർ സ്നേഹിച്ചു
അഗ്നിയിൽ നിന്നവർ രക്ഷിതരായ്
തങ്കത്തേക്കാളതു ശ്രേഷ്ഠം
തേനിലുമതു മധുരം കാമ്യം
ദൈവത്തിൻ-വചനത്തെ
സ്നേഹിപ്പോൻ ധന്യൻ. ബാറെക്മോർ
പ. *ശുബഹോ ലാബോ ലബ്റോ വൽ-റൂഹോകാദീശൊ.*
*മെൻഓലം വാദാമ്മൊൽ ഓലം ഒൽ-മ്മീനാമ്മീൻ.*
കർത്താവേ കൃപചെ-യ്യണമേ
നിൻ കരുണ ബാഹു-ല്യത്താൽ
പരിഹൃതമാകേണമേ...
കടപരിഹാ-രങ്ങൾ
തൃക്കൈനീട്ടി ശീമോനെ കടലിൽ താഴാതെ
തൃക്കൈനീട്ടി ഞങ്ങളെയും കോരിയെടുക്കേണമേ
കർത്താവേ കൃപയുണ്ടാകേണമേ
ഞങ്ങളനേകം പാപം ചെയ്തു
നിലവിളി കൂട്ടീടു-ന്നെങ്ങൾ
പാപിനി ചുങ്കക്കാ-രൻ പോൽ
കരുണനിറഞ്ഞോൻ മ്ശിഹാ
കൃപയുണ്ടാ-കേണമേ
*മൊറിയൊ റാഹേമ്മേലൈനൂ ആദാറൈൻ*

## കോലൊ

യജമാനന്റെ ഇഷ്ടം പ്രവർത്തിക്കുന്ന ശുശ്രൂഷകന്മാർ-നമ്മുടെ കർത്താവിന്റെ മുന്തിരിത്തോപ്പിൽ വേല ചെയ്ത വേലക്കാർ-തന്നിൽ നിന്നു കൂലി പ്രാപിക്കുന്നു. പ്രഭാതം മുതൽ സന്ധ്യവരെ ഞങ്ങൾ വേല ചെയ്തുവല്ലോ. ഞങ്ങൾക്കു കൂലി തരേണമേ എന്നു അവർ പറയുന്നു. നിങ്ങളോടു വാഗ്ദാനം ചെയ്തിരിക്കുന്നത് ഞാൻ തരും. പുനരുത്ഥാനത്തിൽ മുഖപ്രസന്നതയും അധികമായി

ഞാൻ നിങ്ങൾക്കു തരുമെന്നു താൻ ഉത്തരം അരുളുന്നു.

കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ സ്വീകരിക്കേണമേ. ഞങ്ങളുടെ പ്രാർത്ഥനയിൽ പ്രസാദിക്കേണമേ. ഞങ്ങളിൽ നിന്നു തിരുമുഖം തിരിക്കരുതേ. വളരെ കരുണയുള്ള നല്ലവനേ, ലോകത്തിന്റെ നാനാ ഭാഗങ്ങളിലും നിന്റെ സമാധാനവും യോജിപ്പും വരുത്തേണമേ. നാഥാ, ദൈവമേ, തിരുസഭയിൽ നിന്നു ഭിന്നതകളെ നീക്കേണമേ.

സർവ്വസൃഷ്ടികളുടെയും നാഥനേ, ന്യായവിധി ഭയങ്കരവും നിന്റെ ശിക്ഷ കഠിനവും അത്രെ. നിന്റെ സിംഹാസനമുൻപിൽ നിൽപ്പാൻ ആർക്കു കഴിയും. നീ ഞങ്ങളെ ഭക്ഷിപ്പിച്ചതായ ശരീര രക്തങ്ങളെയും ഞങ്ങളെ ധരിപ്പിച്ച മാമോദിസാ വസ്ത്രവും ഞങ്ങളുടെ മുമ്പിൽ നില്ക്കുമാറാകേണമേ. നിന്റെ വരവിന്റെ ദിവസത്തിൽ ഞങ്ങളെ ശിക്ഷയ്ക്കു വിധിക്കരുതേ.

പാപത്തിൽ വീണുപോയ ദാവീദ് നിന്നോട് അപേക്ഷിച്ചു. നീ അവനു പാപരിഹാരം നൽകി. നല്ല ഇടയാ, നിന്റെ സഭയോടു കരുണ ചെയ്യേണമേ. തിരുമുൻപാകെ ഞങ്ങൾ പാപം ചെയ്തുപോയി എന്നു ദിവസം തോറും ഞങ്ങളുടെ തിന്മകൾ വർദ്ധിക്കുന്നു എന്നും ഞങ്ങൾ അറിയുന്നു. പാപത്തിന്റെ സർവ്വ കറകളിൽ നിന്നും നിന്റെ സോപ്പായാൽ ഞങ്ങളെ വെടിപ്പാക്കേണമേ.

കർത്താവായ യേശുവേ, നിന്റെ രാജ്യത്തിലേക്കു യാത്ര ചെയ്യുവാൻ ഞങ്ങൾക്കു വഴി കാണിച്ചു തരേണമേ. എന്തെന്നാൽ നീ ഞങ്ങളിലും ഞങ്ങൾ നിന്നിലും കലർത്തപ്പെട്ടിരിക്കുന്നു. നിന്റെ കരുണയാൽ ഞങ്ങളുടെ കുറ്റങ്ങളെ ക്ഷമിക്കേണമേ. പാപികളോടു കരുണ ചെയ്യുന്ന മ്ശിഹായേ, ഞങ്ങളോടു പോരാടുന്ന പിശാചിൽ നിന്നു ഞങ്ങളെ രക്ഷിക്കേണമേ.

കർത്താവേ ഞങ്ങളെ അനുഗ്രഹിച്ച് ഞങ്ങൾക്ക് സഹായം ചെയ്യേണമേ.

## കുക്കിലിയോൻ

നിന്റെ ആചാര്യന്മാർ നീതിയും പുണ്യവാന്മാർ മഹത്വവും ധരിക്കും. നിന്റെ ദാസനായ ദാവീദിൻ നിമിത്തം നിന്റെ അഭിഷിക്തന്റെ മുഖം തിരിച്ചുകളയരുതേ. നിന്റെ മക്കൾ എന്റെ ഉഭയസമ്മാനവും ഞാൻ അവരെ പഠിപ്പിക്കുന്ന ഈ പ്രമാണവും ആചരിച്ച് നിവർത്തിക്കുമെങ്കിൽ അവരുടെ പുത്രന്മാരും നിന്റെ സിംഹാസനത്തിന്മേൽ എന്നെന്നേക്കും ഇരിക്കും.

പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി. ആദിമുതൽ എന്നേക്കും തന്നെ ആമ്മീൻ.

(അല്ലെങ്കിൽ) ഗീതം

ചാർത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നിൻ നയവാന്മാരും ഹാ-ഉ-ഹ
നിന്നഭിഷിക്ത മുഖം തിരിപ്പിക്കല്ലെ
നിൻ ദാസൻ ദാവീ-ദിൻ മൂലം
നിൻ പുത്രന്മാർ കാത്തിടുമെങ്കിൽ ഹാ-ഉ-ഹ
എൻ നിയമത്തെയും ഞാൻ
ഉപദേശിച്ചിടുമീ-സാക്ഷിയെയും. ബാറെക്മോർ

പ. *ശുബഹോ ലാബോ ലബ്റോ വൽറൂഹോ കാദീശൊ.*
*മെൻഓലം വാദാമ്മൊൽ ഓലം ഒൽമ്മീൻ ആമ്മീൻ.*

## എക്ബൊ

പുനരുത്ഥാനത്തിന്റെ ഇടിമുഴക്കം പാതാളക്കുഴിയിൽ മുഴങ്ങും. മരണം അത്കേട്ട് പരിഭ്രമിക്കും പഴകിപ്പോയ രൂപങ്ങളെല്ലാം നവീകരിക്കപ്പെടും കരുണ നിറഞ്ഞവനേ, നിന്റെ സുവിശേഷത്തിൽ വിശ്വസിച്ചവരെ പുതുതാക്കേണമേ,

*സ്തൗമെൻകാലോസ് - കുറിയേലായിസ്സോൻ.*

(അല്ലെങ്കിൽ ഗീതം)

പുനരുത്ഥാനത്തി-ന്നിടിനാദം പാതാളത്തിൽ
പൊങ്ങും മൃതി കിടിലം കൊള്ളും
നവ്യത നേടും-ഗാത്രങ്ങൾ - സുതരായോർക്കൻ-
പുടയോനേ-നവ്യത നൽകണമേ.

*സ്തൗമെൻകാലോസ് - കുറിയേലായിസ്സോൻ.*

## കോലൊ

കർത്താവേ, ഞങ്ങളുടെ ആയുഷ്ക്കാലത്ത് പള്ളികളിലും ദയറാകളിലും നിന്നുകൊണ്ട് നിന്നെ ശുശ്രൂഷിക്കയും അവരുടെ കൂട്ടത്തിൽ വച്ചു നിന്റെ ദൈവത്വത്തെ സ്തുതിക്കയും വിശുദ്ധ ഗാനങ്ങൾ പാടുകയും ചെയ്യുന്ന മേല്പട്ടക്കാരുടെയും പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും നിന്റെ ജനത്തിന്റെയും കടങ്ങൾ തിരുശരീരത്താൽ പരിഹരിക്കപ്പെടുമാറാകേണമേ. അവരുടെ പാപങ്ങൾ തിരുരക്തത്താൽ ക്ഷമിക്കണമേ. കർത്താവേ, നിനക്കു സ്തുതി എന്ന് അവർ നിന്റെ വലഭാഗെ പാടുമാറാകേണമേ.

കർത്താവായ യേശുവേ, നിന്റെ കൃപയെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ കുറ്റങ്ങൾ ക്ഷമിക്കേണമേ, എന്നു നിന്റെ നീതിയോടു ഞങ്ങൾ അപേക്ഷിക്കുന്നു. മനുഷ്യരുടെ മുൻപാകെ എന്നെ ഏറ്റുപറയുന്നവരോട് കരുണയോടെ ഞാൻ ഉത്തരം പറയുമെന്നും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പിലും വച്ചു ഞാൻ അവരെ ഏറ്റുപറയുകയും എന്നുമല്ലോ നീ വാഗ്ദത്തം ചെയ്തിട്ടുള്ളത്. അതനുസരിച്ചു കർത്താവേ, നിന്റെ ന്യായ സിംഹാസനം സ്ഥാപിക്കുമ്പോൾ നീതിമാന്മാർ അനുഭവിക്കുന്ന ആനന്ദത്തിനു ഞങ്ങളെയും യോഗ്യരാക്കേണമേ.

കർത്താവേ ഞങ്ങളേ അനുഗ്രഹിച്ച് ഞങ്ങൾക്ക് സഹായം ചെയ്യേണമേ.

## മാർ യാക്കോബിന്റെ ബോവൂസൊ

1. ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനായി വന്ന് ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾമേൽ കരുണ ചെയ്യേണമേ.
2. പ്രാർത്ഥന എല്ലാ ധീരന്മാരെയും ശ്രേഷ്ഠരാക്കുന്ന ആയുധം ആകുന്നു. ഉപദ്രവകാലത്തു ശ്രേഷ്ഠന്മാർക്ക് അത് ആവശ്യമാകുന്നു. ഇതു നിമിത്തം രാജഭൃത്യന്മാർക്കു പോരാട്ടത്തിൽ ആയുധമായിരിക്കേണ്ടതിനു ദൈവപുത്രൻ അതിനെ പണിതു മിനുക്കി നൽകിയിരിക്കുന്നു.

3. പ്രാർത്ഥിക്കുന്ന നീ മടിയനാകാതെ ധൈര്യമായിരിക്ക, എന്തെന്നാൽ ദൈവപുത്രന്റെ പ്രാർത്ഥനമുഴുവൻ നിനക്കു വേണ്ടിയാകുന്നു. ശക്തിയുള്ള തന്റെ പ്രാർത്ഥനയിൽ നിന്റെ പ്രാർത്ഥനയെ കൂട്ടിച്ചേർക്കുക. എന്തെന്നാൽ അതുമൂലം താൻ നിന്റെ പ്രാർത്ഥന കൈക്കൊള്ളുകയും ചെയ്യുന്നു.

4. ദൈവമേ, എന്നോട് ഉത്തരമരുളിച്ചെയ്യേണമേ. ദൈവമേ ഉത്തരമരുളി കരുണയുണ്ടാകേണമേ. മനുഷ്യമക്കളുടെ മനസ്സിനെ അനുതാപത്തി ലേക്ക് തിരിപ്പിക്കണമേ.

### ബോവൂസൊ ഗീതം

1. ഈശാ നാഥാ! വരിക തുണപ്പാൻ വിളി കൂട്ടുന്നു-
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം
2. ഈശാനാഥാ ഈറയ നാഥാ മാലാഖേശാ-
പ്രാർത്ഥന കേട്ടിട്ടാത്മാക്കൾമേൽ കൃപ ചെയ്യേണം
3. താതസുതാത്മാ-വേ! ശോഭിപ്പിക്കെന്നുടെ ഹൃദയം
നിൻ വാതില്ക്കൽ മുട്ടുന്നടിയാനുത്തരമേക.
4. ശോഭിപ്പിക്കെൻ നയനങ്ങളെ നിൻ-സത്യം കാണ്മാൻ
നിൻദയവിൽ ഞാൻ അഭയം ചേർന്നേൻകാക്കണമെന്നെ
5. യാചിപ്പോനാമെന്നിൽ ശുദ്ധഹൃദയം നൽക
ജീവജ്ഞാനം നിൻ നിറവിൽ നിന്നേ-കണമെന്നിൽ
6. ആത്മീയായുധമേകുക തുണയായ്, ദുഷ്ടന്നെതിരായ്
നിൻ നാമത്തിൽ മുദ്രിതനാക്കി കാക്കണമെന്നെ
7. നിൻഭാഗ്യം ഞാൻ സ്നേഹിച്ചെത്തി നിൻ പിന്നാലെ
ലജ്ജിക്കാ-ഞാൻ നിന്റെ വലങ്കൈമേവണമെന്നിൽ
8. നിൻവക ഞാനായ് തീരുകമാത്രം എന്നുടെയിഷ്ടം
നാഥാ താതാ കരുണാപരനെ വന്ദിപ്പേൻ ഞാൻ
9. നിന്നിൽ നിന്നും ദയ പ്രാപിച്ചേൻ ലജ്ജിക്കാ ഞാൻ
വാണിജതുല്യം എൻ ഹൃത്തേല്ക്കും നിൻ നിക്ഷേപം
10. സൽഗ്രന്ഥം ഞാൻ വായിച്ചറിവിൽ വർദ്ധിക്കണമെ.
ജീവിപ്പിക്കീ ദാസൻ ദാസീ സുതനാമെന്നെ.
11. നിൻമെയ് രക്തം പ്രാപിച്ചതിനാൽ ജീവൻ നൽക
കോട്ടയ്ക്കുസമം നിൻകുരിശെന്നെ കാവൽ ചെയ്ക
12. പ്രാർത്ഥിച്ചേൻ നിൻ വലതുകരത്തെ ചേർക്കണമെൻമേൽ
നല്ലിടയാ നിന്നജഗണമദ്ധ്യേ കുഞ്ഞാടാക്ക
13. ലോകപിതാവേ! ജീവധിപാ നിൻനാമം സ്തുത്യം
കഴ്ചസമാനം സവിധേ പൂകട്ടെന്നർത്ഥനയും
14. സർവ്വം കേട്ടിട്ടഭ്യർത്ഥനയെ കൈക്കൊൾവോനെ
പ്രാർത്ഥന കേട്ടിട്ടടിയാരുടെമേൽ കൃപചെയ്യേണം.

## സമർപ്പണപ്രാർത്ഥന

(എല്ലാവരും ചേർന്ന്)

എന്റെ കർത്താവേ, നിന്റേമേൽ ശരണം വെച്ച്, നിന്നിൽ ഞാൻ സങ്കേതം പ്രാപിച്ചിരിക്കുന്നു. നിന്നെ വിളിച്ച്, നിന്നോടു ഞാൻ പ്രാർത്ഥിക്കുന്നു. എന്റെ വേദനകൾക്ക് സൗഖ്യവും എന്റെ കടങ്ങൾക്കു പരിഹാരവും ഇടവിടാതെ ഞാൻ യാചിക്കയും ചെയ്യുന്നു. എന്റെ കർത്താവേ, നിന്റെ കല്പനകളെ കാത്തുകൊള്ളുവാനും, നിന്റെ കാവലിൽ വസിപ്പാനും നിന്റെ കാരുണ്യം പ്രാപിപ്പാനും എന്നെ യോഗ്യനാക്കേണമേ. എന്റെ കർത്താവേ, മ്ലേച്ഛതകളിൽ നിന്നു അകന്നിരിക്കുന്നതും ദോഷങ്ങളിൽ ഒഴിഞ്ഞിരിക്കുന്നതുമായ ജീവിതം ഈ ലോകത്തിൽ ജീവിപ്പാൻ കൃപ നൽകേണമേ. സമാധാന മനുഷ്യർക്ക് ഉണ്ടാകുന്ന നല്ല അവസാനത്തിനു എന്നെ യോഗ്യനാക്കേണമേ. ഭയങ്കരമായ നിന്റെ സിംഹാസന ത്തിൻ മുൻപാകെ മുഖപ്രസാദത്തോടെ കാണപ്പെടു വാൻ എനിക്കു കൃപ നൽകേണമേ. നന്മകളുടെ ആനന്ദാനുഭവത്തിനും സന്തോഷങ്ങളുടെ മണിയറ യ്ക്കും എന്നെ യോഗ്യതയുള്ളവനാക്കിത്തീർക്കയും ചെയ്യേണമേ. ആമ്മീൻ.

പാഠങ്ങൾ - വി. ഏവൻഗേലിയോൻ - കീർത്തനം- ധ്യാനം വിശ്വാസപ്രമാണം -ലുത്തിനിയ - അപേക്ഷ (പുറം7-10)
ശയനനമസ്കാരം...................(പുറം-14)
കൌമ്മാ....................................(പുറം-1)
ഹുത്താമ്മ.................................(പുറം-10)
ആശീർവാദം.............................(പുറം-11)

ശ്രദ്ധിക്കുക:

1. ശുശ്രൂഷയുടെ പ്രാരംഭത്തിലും അവസാനത്തിലും കൗമ്മാ ചൊല്ലി കുമ്പിടണം.
2. "പിതാവിനും പുത്രനും" എന്നു തുടങ്ങുന്ന മഹത്വീകരണം, പ്രൊമ്യോൻ, ആശിർവാദം ഇവ പട്ടക്കാർ മാത്രം ചൊല്ലേണ്ടതാണ്.

**********************